ജനുവരി 2014, വാല്യം : 22, ലക്കം : 1
അൽഹഖ്

# അൽഹഖ്

സുൽഹ് 1393 | സഫർ – റ: അവ്വൽ 1435 | ധനു – മകരം 1189



## നബിതിരുമേനി (സ) യുടെ പ്രതിരൂപമായി മാറുക

ഹദ്റത് ഖലീഫ ു മസീഹ് അ ഖാമിസ് (അയ്യദഹുല്ലാഹ്)

നമ്മുടെ ഓരോ കർമത്തിലൂടെയും നബി (സ) യുടെ സുന്ദരമായ ഉത്തമ മാതൃകകളെ വെളിപ്പെടുത്തിക്കൊണ്ട് ഇസ്‌ലാമിക അദ്ധ്യാപനങ്ങളുടെയും നബി (സ) യുടെ ഉത്തമ മാതൃകകളുടെയും പ്രതിരൂപമായി മാറുക. അതോടൊപ്പം മുമ്പത്തേക്കാളുപരിയായി നബി (സ) യ്ക്ക് സലാം ചൊല്ലുന്നതിലേക്കും ശ്രദ്ധിക്കുക. പുരുഷന്മാരും സ്ത്രീകളും യുവാക്കളും വൃദ്ധരും കുട്ടികളും അവരവരുടെ ചുറ്റുപാടുകളെ, അവരവരുടെ മേഖലകളെ ദുറൂദും സലാമും കൊണ്ട് നിറക്കുക.

(ബദ്ർ വാരിക, 11.10.12)

മിഅ്റാജ് ജഡികമോ ആത്മീയമോ 7
മനുഷ്യർക്ക് പ്രവാചകരുടെ സഹായം ആവശ്യമാണോ? 11
സീറത്തുന്നബി ജൽസയുടെ അടിത്തറ 18
ഖാത്തമുന്നബിയ്യീൻ (സ) തിരുമേനിയുടെ സവിശേഷതകൾ 20

ചരിത്രം
HISTORY

# പ്രവചന സാക്ഷാത്കാരം


ടി.എം



Hadhrat Mirza
Bashir-ud-Din Mahmood Ahmad

## 1945 ജനുവരിയിൽ

ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) ഖാദിയാനിലെ മസ്ജിദ് അഖ്സയിൽ ഖുത്വുബ നൽകിക്കൊണ്ട് ഇന്ത്യക്കാരോടും ബ്രിട്ടീഷ്കാരോടും പരസ്പരം രഞ്ജിപ്പുണ്ടാക്കാനും സഹകരണത്തോടെ മുന്നോട്ട് ഗമിക്കുന്നതിനുമുള്ള ആഹ്വാനം നൽകുകയുണ്ടായി. സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കുന്നതിനുള്ള അവകാശത്തെ സംബന്ധിച്ചും ബ്രിട്ടീഷ് സർക്കാരിനെ ഓർമപ്പെടുത്തുകയുണ്ടായി. അതോടൊപ്പം തന്നെ തന്റെ ഈ ക്ഷണം രാഷ്ട്രീയ മേഖലയിൽ വലിയ സ്വാധീനം ചെലുത്തില്ലായെങ്കിലും അല്ലാഹു എന്റെ ഈ ശബ്ദത്തെ ഉയർത്തുന്നതിനും പ്രഭാവിതമാക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ് എന്ന് പറയുകയും ചെയ്തു.




Sir Muhammad Zafrulla Khan

ഖുത്വുബയ്ക്ക് ഏതാനും നാളുകൾക്ക് ശേഷം ഇന്ത്യാ ഗവൺമെന്റ് ചൗധരി മുഹമ്മദ് സഫറുല്ലാ ഖാൻ സാഹിബിനെ കോമൺവെൽത്ത് റിലേഷൻസ് കോൺഫറൻസിൽ പങ്കെടുക്കുന്നതിനുള്ള ഇന്ത്യൻ സംഘത്തിന്റെ തലവനായി നിയമിച്ചുകൊണ്ട് ഇംഗ്ലണ്ടിലേക്ക് അയച്ചു. അവിടെ 1945 ഫെബ്രുവരി 17 ന് ഉദ്ഘാടനസമ്മേളനത്തിൽ തന്നെ ചൗധരി സാഹിബിന് പ്രഭാഷണത്തിനുള്ള അവസരം ലഭിക്കുകയും അവിടെ വെച്ച് അദ്ദേഹം ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) ന്റെ ആഹ്വാനവും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായുള്ള അവകാശവാദവും ബ്രീട്ടീഷ് സർക്കാരിന് മുന്നിൽ സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത ആഹ്വാനം ഇംഗ്ലണ്ടിൽ മാധ്യമങ്ങൾ വലിയ ചർച്ചാ വിഷയമാക്കി മാറ്റിയതോടൊപ്പം തന്നെ അമേരിക്ക, ഇന്ത്യ എന്നിവിടങ്ങളിലും വലിയ കോളിളക്കം സൃഷ്ടിക്കുകയും അങ്ങനെ ഖലീഫ സാനി (റ) ന്റെ പ്രവചനം പൂലരുകയും ചെയ്തു.



Hadhrat Musleh-Mauood with
Sir Muhammad Zafrulla Khan






Chaudhry Sir Muhammad Zafrulla Khan Speeches at United Nations

തഫ്സീർ

ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)



# നിന്റെ പിൽക്കാലം ആദ്യത്തേതിനേക്കാൾ ഉത്തമമായിരിക്കും



ഉന്നതികൾ കീഴടക്കുന്ന പലരും പെട്ടെന്ന് വളരുകയും എന്നാൽ അവസാനം പരാജയം രുചിക്കുകയും ചെയ്യുന്നു. ഹിറ്റ്ലർ, നെപ്പോളിയൻ, തൈമൂർ, അലക്സാണ്ടർ തുടങ്ങിയവർ ലോകത്ത് വളരെ വേഗത്തിൽ ഉന്നതി പ്രാപിക്കുകയും എന്നാൽ അവരുടെ പര്യവസാനം പരാജയമായിരുന്നു.....

എന്നാൽ അല്ലാഹു പറയുന്നു, അല്ലയോ എന്റെ പ്രവാചകാ! നിന്റെ അവസ്ഥ അങ്ങിനെ ആയിരിക്കില്ല. നിനക്ക് ലഭിക്കുന്ന ഉയർച്ചകൾ ഓരോ ചുവടിലും വളർന്നു കൊണ്ടിരിക്കുന്നതാണ്. ആദ്യം മദീനയുടെ ചുറ്റുപാടും വിശുദ്ധിയാർജിച്ചു, പിന്നീട് മക്ക വിജയം ഉണ്ടായി, പിന്നീട് മുഴുവൻ അറേബ്യയും പിന്നീട് സിറിയ, ഇറാഖ്, ഈജിപ്ത് എന്നിവ കീഴടക്കി. ചുരുക്കത്തിൽ ഓരോ നീക്കവും വിജയത്തിലേക്കാണ് മുന്നേറിയിരുന്നത്... മുഹമ്മദ് നബി (സ) പ്രാവർത്തിക രൂപത്തിൽ ലോകത്ത് ഉണ്ടായിരുന്ന കാലത്തോളം മുസ്ലീംകളോടുള്ള ഈ വാഗ്ദാനം പൂർത്തിയായിക്കൊണ്ടിരുന്നു....

**വലൽ ആഖിറത്തു ഖയ്റുൻ ലക്ക മിനൽ ഊല** എന്നതിന്റെ സത്യസാക്ഷ്യത്തിനുള്ള അതി മഹത്തായ ദൃശ്യങ്ങൾ നോക്കുക, നബി (സ) ബദ്ർ യുദ്ധത്തിനായി പോയപ്പോൾ അദ്ദേഹത്തോടൊപ്പം 313 സഹാബാക്കളാണ് ഉണ്ടായിരുന്നത്. ഉഹദ് യുദ്ധസമയത്ത് 1000 സഹാബാക്കളായി. ഖന്തഖ് യുദ്ധവേളയിൽ 3000 സഹാബാക്കളായി. മക്കാ വിജയത്തിൽ 10000 സഹാബാക്കളുണ്ടായിരുന്നു. ചുരുക്കത്തിൽ **വലൽ ആഖിറത്തു ഖയ്റുൻ ലക്ക മിനൽ ഊല** എന്നതിന്റെ അടിസ്ഥാനത്തിൽ ഈ അംഗസംഖ്യ വർദ്ധിച്ചു കൊണ്ടേയിരുന്നു.

പിന്നീട് നബി (സ)യുടെ ദയഭക്തിയും സംസ്കരണവും അഭിവൃദ്ധിപ്പെട്ടു കൊണ്ടിരുന്നു. സമ്പത്തും അധികാരവും ആ മഹാത്മാവിനെ ക്രൂരനും അന്യായിയുമാക്കി മാറ്റിയില്ല. അതേ ദരിദ്രസംരക്ഷണവും, അതേ എളിമയും, അതേ ആരാധനയും, അതേ നിർഭയതയും അവസാനം വരെ നിലനിന്നു. മക്കാ വിജയത്തിനു ശേഷം ഒരു വ്യക്തി നബി(സ) യുടെ കഴുത്തിൽ അരപ്പട്ടയിട്ടു. എന്നാൽ നബി (സ) ശാന്തനായി നിന്നു. ഒരു ദ്രോഹി നബി(സ) യോട് താങ്കൾ അല്ലാഹുവിന്റെ തൃപ്തിയെ പരിഗണിച്ചു കൊണ്ടല്ല ധനം പങ്കു വെച്ചത് എന്ന ആരോപണം ഉന്നയിച്ചു. എന്നാൽ അയാളെ കൊല്ലാനായി മുന്നോട്ടു വന്നവരെ തടയുകയാണ് ചെയ്തത്. ഭൗതികമായി നോക്കുകയാണെങ്കിൽ ഏകനായി മക്കയിൽ നിന്ന് പുറപ്പെട്ട വ്യക്തി പതിനായിരം പരിശുദ്ധരുമായി മക്കയിൽ പ്രവേശിക്കുന്നു. ആത്മീയമായി നോക്കുകയാണെങ്കിൽ മക്കയിൽ ഏതാനും പേരെ മാത്രം പരിപാലിച്ചിരുന്ന നബി(സ) മദീനയിൽ എത്തിയപ്പോൾ ലക്ഷങ്ങളെ പരിപാലിക്കുന്നവനായി മാറി. അവരെ വിരലിലെണ്ണാമായിരുന്ന മക്കക്കാരെ പരിപാലിച്ചിരുന്നതു പോലെ തന്നെ പരിപാലിക്കുന്നു.

വിജയങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നപ്പോൾ ഹദ്റത് ഉമർ (റ) ഒരിക്കൽ അങ്ങാടിയിൽ നിന്ന് നല്ലൊരു കോട്ട് വാങ്ങി വന്നിട്ട് നബി (സ)യോട് പറഞ്ഞു, ഈ കോട്ട് എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ഞാൻ താങ്കൾക്കായി വാങ്ങിവരികയാണ്. വിജയങ്ങൾ ലഭിച്ചു കൊണ്ടിരിക്കുന്നു, വലിയ വലിയ ചക്രവർത്തിമാരും സംഘങ്ങളും താങ്കളെ സന്ദർശിക്കുവാനായി വരുന്നു. അവർ വരുമ്പോൾ താങ്കൾ ഈ കോട്ട് അണിഞ്ഞാലും. ഇത് കേട്ടപ്പോൾ നബി (സ) യുടെ മുഖം ചുവന്ന് തുടുത്തു. പറഞ്ഞു, അല്ലാഹു എന്നെ ഇതിനു വേണ്ടിയല്ല അയച്ചിട്ടുള്ളത്. ഞാൻ ഈ കോട്ട് ധരിക്കുന്നതല്ല. ഇത് തിരിച്ചു കൊണ്ടു പോകുക. ചുരുക്കത്തിൽ വിജയങ്ങൾ നബി(സ)യിൽ യാതൊരു പരിവർത്തനവും സംജാതമാക്കിയില്ല. വില കൂടിയ വസ്ത്രങ്ങളും സൗകര്യങ്ങളും തനിക്കായി തിരഞ്ഞെടുത്തില്ല. മറിച്ച് നിരന്തരമായി ആ മഹാത്മാവിന്റെ ദയഭക്തിയും ആത്മചൈതന്യവും ഉന്നതി പ്രാപിച്ചു കൊണ്ടേയിരുന്നു. അനുരക്തിയിലും നിത്യേന വളർച്ച ഉണ്ടായിക്കൊണ്ടിരുന്നു. മക്കക്കാർ നബി (സ) യെ അതിരറ്റ് സ്നേഹിച്ചിരുന്നു. എന്നാൽ മക്കയിൽ നിന്ന് പുറത്ത് കടന്നതിന് ശേഷമാണ് അവർതങ്ങളുടെ ആത്മസമർപ്പണത്തെ പ്രകടിപ്പിച്ചത്. മക്കയിൽ വച്ച് നബി (സ) യ്ക്ക് വേണ്ടിയുള്ള ആത്മസമർപ്പണത്തിന്റെ ദൃശ്യങ്ങൾ കുറവാണ്.... എന്നാൽ മദീനയിൽ വെച്ച് നബി (സ) യ്ക്ക് ലഭിച്ച അൻസാറുകളുടെയും മുഹാജിറുകളുടെയും സംഘം ആ മഹാത്മാവിനുവേണ്ടി പ്രകടിപ്പിച്ച ആത്മസമർപ്പണത്തിന്റെ മാതൃക ലോക ചരിത്രത്തിൽ മറ്റെങ്ങും ദൃശ്യമാവുന്നതല്ല.

ബദ്ർ യുദ്ധവേളയിൽ അൻസാറുകൾ നബി(സ) യ്ക്കായി മറ്റൊരു സ്ഥലം തയ്യാറാക്കുകയും അവിടെ രണ്ട് വേഗത്തിൽ ഓടുന്ന ഒട്ടകങ്ങളെ തയ്യാറാക്കി നബി (സ) യേയും ഹദ്റത് അബൂബക്കർ(റ)നേയും അവിടെ ഇരുത്തുകയും ചെയ്തു. എന്നിട്ട് പറഞ്ഞു, തിരുദൂതരേ! യുദ്ധം ഉണ്ടാകുമെന്ന് ജനങ്ങൾക്കറിയില്ലായിരുന്നു. അല്ലായെങ്കിൽ ഞങ്ങളുടെ മറ്റ് സഹോദരന്മാർ ഈ സൗഭാഗ്യത്തിൽ നിന്ന് പിന്തള്ളപ്പെടില്ലായിരുന്നു. തിരുദൂതരേ! അഥവാ ഞങ്ങളെല്ലാവരും തന്നെ കൊല്ലപ്പെടുകയാണെങ്കിൽ താങ്കളും അബൂബക്കർ (റ) വും ഈ വേഗത്തിലോടുന്ന ഒട്ടകപ്പുറത്തു കയറി മദീനയിലേക്ക് പൊയ്ക്കൊള്ളുക. അവിടെ ഇസ്ലാമിന്റെ ഒരു ശക്തമായ സൈന്യം ഉണ്ട്. താങ്കൾ നൽകുന്ന എല്ലാ കല്പനകളെയും ഞങ്ങളുടെ ആ സഹോദരന്മാർ സസന്തോഷം ശിരസാവഹിക്കുന്നതാണ്. സ്വന്തം ജീവനുകൾ ഇസ്ലാമിനായി ബലിയർപ്പിക്കുന്നതാണ്. പിന്നീട് ഉഹദ് യുദ്ധവേളയിലും സഹാബാക്കൾ പ്രകടിപ്പിച്ച ആത്മസമർപ്പണത്തിന്റെ മാതൃകകൾ എത്ര മഹത്തരമാണ്. നബി(സ) യുടെ അടുത്തുണ്ടായിരുന്ന ഒരു മുഹാജിറായ ത്വൽഹ(റ) ശത്രുക്കളുടെ യഥാർത്ഥ ലക്ഷ്യമായിരുന്ന നബി(സ)യുടെ നേർക്ക് വന്നിരുന്ന എല്ലാ അമ്പുകളെയും അദ്ദേഹം സ്വന്തം കയ്യാൽ തടയുകയായിരുന്നു. തൽഫലമായി അദ്ദേഹത്തിന്റെ കയ്യ് പ്രയോജനരഹിതമായിത്തീർന്നു.......

വീണ്ടും നോക്കുക. ആദ്യ ഭവനമായ മക്കയിൽ നബി (സ)യുടെ അടുക്കൽ ഏതാനും കുടുംബക്കാർ മാത്രമായിരുന്നു ഉണ്ടായിരുന്നത്. നബി (സ) യുടെ എളാപ്പയായ അബൂത്വാലിബായിരുന്നു അദ്ദേഹത്തെ സഹായിച്ചിരുന്നത്. എന്നാൽ **വലൽ ആഖിറത്തു ഖയ്റുൻ ലക്ക മിനൽ ഊല** എന്നതിന്റെ അടിസ്ഥാനത്തിൽ നബി (സ) യ്ക്ക് നൽകിയ രണ്ടാമത്തെ ഭവനമായ മദീന ആദ്യ ഭവനത്തെക്കാൾ ഉത്തമമായി സ്ഥാപിതമാകുകയുണ്ടായി. മക്കയിൽ ഏതാനും സഹാബാക്കളായിരുന്നു ഉണ്ടായിരുന്നതെങ്കിൽ മദീനയിൽ മുഴുവൻ പട്ടണത്തിലെയും പുരുഷന്മാരും സ്ത്രീകളും കുട്ടികളും വൃദ്ധരും സകലരും തന്നെ നബി(സ)യ്ക്കായി തങ്ങളുടെ ജീവനുകൾ ബലിയർപ്പിക്കുന്നതിനായി സന്നദ്ധരായി നിന്നിരുന്നു.

പീന്നീട് നബി (സ)യുടെ ബുദ്ധിശക്തി അവസാന കാലം വരെ നിലനിന്നിരുന്നു. പൊതുവിൽ അവസാന കാലത്ത് മനുഷ്യരുടെ ബുദ്ധിശക്തി ദുർബലപ്പെടാറുണ്ട്. ഓർമശക്തി കുറഞ്ഞു വരുന്നു. എന്നാൽ നബി (സ)യുടെ ബുദ്ധിശക്തിയും ഓർമശക്തിയിലും അവസാനം വരെ യാതൊരു മാറ്റവും ഉണ്ടായിരുന്നില്ല. മറിച്ച് നബി(സ) യുടെ ജീവിതത്തിലെ ഓരോ ദിവസവും മുമ്പത്തേക്കാളിലും അത് വർദ്ധിച്ചുകൊണ്ടിരുന്നു. അതുപോലെ നബി (സ) യ്ക്കിറങ്ങിയ വചനങ്ങൾ അവസാന നിമിഷം വരെ തുടർന്നു കൊണ്ടിരുന്നു. ഓരോ നവം നവങ്ങളായ കാര്യങ്ങളെ സംബന്ധിച്ചും അല്ലാഹു നബി (സ)യെ അറിയിച്ചു കൊണ്ടിരുന്നു. ചുരുക്കത്തിൽ നബി (സ) യുടെ ജീവിതത്തിലെ ഒരി നിമിഷം പോലും ആ മഹാത്മാവിന്റെ ബുദ്ധി മന്ദീഭവിച്ചെന്നോ, ഓർമശക്തി ദുർബലമായെന്നോ ജനങ്ങൾക്ക് പറയാൻ അവസരം ഉണ്ടായിട്ടില്ല. മറിച്ച്, നബി (സ)യുടെ ഓരോ ദിനവും മുമ്പത്തേക്കാളുപരി അറിവുകളുമായിട്ടാണ് വന്നിരുന്നത്. ഓരോ ദിവസവും മുമ്പത്തേക്കാളുപരി ലോകത്തിന് വിജ്ഞാനങ്ങൾ പഠിപ്പിക്കുന്നതിലും മനസ്സിലാക്കി കൊ ടുക്കുന്നതിലും കഴിഞ്ഞുപോയിരുന്നു. അങ്ങനെ അല്ലാഹു **വലൽ ആഖിറത്തു ഖയ്റുൻ ലക്ക മിനൽ ഊല** നിന്റെ പിൽക്കാലം ആദ്യത്തേതിനേക്കാൾ ഉത്തമമായിരിക്കും എന്ന വചനത്തിന്റെ സത്യത സ്പഷ്ടമാക്കി കാണിക്കുകയുണ്ടായി.

(തഫ്സീറെ കബീർ, വാള്യം 9)

സമ്പാ: ഇബ്നു അശ്റഫ്



സീറത്തുന്നബി(സ)

– ഹ. മിർസാ ബശീർ അഹ്മദ് MA ( റ )


സമ്പാ: ആരിഫ് മുഹമ്മദ്

# ഹദ്റത് ഹംസ ഇസ്ലാം സ്വീകരിക്കുന്നു.

ബാഹ്യമായി നോക്കുമ്പോൾ വളരെ ദുർബലമായ അവസ്ഥയായിരുന്നു അന്ന് മുസ്ലീംകളുടേത്. കാരണം, ഹദ്റത് അബൂബക്കർ(റ) ഒഴികെ ഖുറൈശികൾ സ്വാധീനമുള്ള ആരും മുസ്ലീംകളിലുണ്ടായിരുന്നില്ല. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രതാപം കൊണ്ടും പ്രഭാവം കൊണ്ടും ഇസ്ലാമിന്റെ മഹത്വം ഉയർത്തിപ്പിടിച്ചു രണ്ട് വ്യക്തികൾ അതിലേക്ക് കടന്നു വരികയുണ്ടായി. ഹദ്റത് ഹംസയേയും ഹദ്റത് ഉമർ (റ)നേയുമാണ് നാം ഉദ്ദേശിച്ചത്. പ്രവാചക വർഷം 6 ന് രണ്ട് പേരും ഇസ്ലാം മതം സ്വീകരിച്ചു. നബി തിരുമേനി(സ) യുടെ പിതൃവ്യനായിരുന്ന ഹദ്റത് ഹംസ(റ) നബി തിരുമേനിയെ വളരെയധികം സ്നേഹിച്ചിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം. എന്നാൽ അദ്ദേഹം കുറേ കാലം മുശ്രിക്കായി തുടർന്നു. ദിവസവും രാവിലെ അമ്പും വില്ലുമായി വേട്ടയ്ക്ക് പോകുക എന്നത് അദ്ദേഹത്തിന്റെ വിനോദമായിരുന്നു. വൈകുന്നേരം തിരിച്ചെത്തിയാൽ ആദ്യം കഅ്ബ ത്വവാഫ് ചെയ്യുകയും അതിനു ശേഷം ഖുറൈശികൾ രണ്ടും നാലും ആൾക്കാരായി കൂടിയിരിക്കുന്ന സദസ്സുകളിൽ പോകുമായിരുന്നു. ശേഷം അദ്ദേഹം വീട്ടിൽ പോകാറാണ് പതിവ്. ഒരിക്കൽ ഹംസ (റ) വേട്ടയ്ക്ക് പോയി തിരിച്ചെത്തിയപ്പോൾ വീട്ടിലെ ജോലിക്കാരി അദ്ദേഹത്തോട് പറഞ്ഞു, "അബൂജഹൽ താങ്കളുടെ അനന്തരവനെ നീചമായി അധിക്ഷേപിച്ചത് കേട്ടില്ലേ? വളരെ വൃത്തികെട്ട ഭാഷയിലാണ് താങ്കളുടെ അനന്തരവനോടവൻ പെരുമാറിയത്. എന്നാൽ മുഹമ്മദ് (സ) അതിന് മുപടിയൊന്നും പറഞ്ഞില്ല'' ഇത് കേട്ട ഹംസയുടെ കണ്ണുകൾ ചുവന്നു തടിക്കുകയും തന്റെ കുടുംബത്തിന്റെ അഭിമാനം തിളച്ചു പൊങ്ങുകയും ചെയ്തു. ഉടനെ തന്നെ കഅ്ബയിലേക്ക് പോയി ത്വവാഫ് ചെയ്യുകയും അതിന് ശേഷം അബൂജഹൽ ഇരിക്കുന്ന സദസ്സിന് നേരെ ചെന്നു. ചെന്ന ഉടനെ തന്റെ വില്ല് കൊണ്ട് അബൂജഹലിന്റെ തലയ്ക്കടിച്ചു. എന്നിട്ട് പറഞ്ഞു "നീ മുഹമ്മദിനെ (സ) നെ അധിക്ഷേപിച്ചെന്നു കേട്ടു. എന്നാൽ കേട്ടുകൊൾക, ഞാനും മുഹമ്മദിന്റെ ദീനിലാണ്. അവൻ പറയുന്നത് തന്നെയാണ് എനിക്കും പറയാനുള്ളത്. നിനക്ക് ഉശിരുണ്ടെങ്കിൽ അതൊക്കെ എന്റെ മുമ്പിൽ വെച്ച് പറ. അബൂ ജഹലിന്റെ കൂട്ടുകാർ സഹായിക്കാനായി എഴുന്നേറ്റു. കാര്യങ്ങൾ ഒരു സംഘർഷത്തിന്റെ വക്കിലെത്തിയിരുന്നുവെങ്കിലും ഹദ്റത് ഹംസയുടെ ഉശിര് കണ്ട് പേടിച്ച് പോയ അബൂജഹൽ തന്റെ കൂട്ടുകാരെ തടഞ്ഞുകൊണ്ട് പറഞ്ഞു, ഹംസ പറയുന്നത് സത്യമാണ്. സത്യത്തിൽ എന്നിൽ നിന്നാണ് അതിക്രമമുണ്ടായത്. അങ്ങനെ പ്രശ്നം അവിടെ കലാശിച്ചു. താനും മുഹമ്മദിന്റെ ദീനിലാണെന്ന് ഹദ്റത് ഹംസ ആവേശം കൊണ്ടു പറഞ്ഞതാണെങ്കിലും കോപമെല്ലാം തണുത്ത് വീട്ടിലെത്തിയപ്പോൾ അദ്ദേഹം അല്പം പരിഭ്രമിച്ചു. ഇനിയെന്താണ് ചെയ്യുകയെന്ന് ചിന്തിച്ചു. ശിർക്ക് ഉപേക്ഷിക്കുന്നതാണ് നല്ലതെന്ന് അവസാനം അദ്ദേഹത്തിന്റെ മനസ്സ് മന്ത്രിച്ചു. അങ്ങനെ അദ്ദേഹം നബി തിരുമേനി(സ) യുടെ അടുക്കലെത്തുകയും കലിമ ചൊല്ലിക്കൊണ്ട് ഇസ്ലാമിൽ പ്രവേശിക്കുകയും ചെയ്തു. പ്രവാചക വർഷം 6ലാണ് ഈ സംഭവം നടന്നത്. അന്ന് നബി തിരുമേനി(സ) ദാറെ അർക്കമിൽ താമസിച്ചു കൊണ്ടിരുന്ന സമയമായിരുന്നു. ഹദ്റത് ഹംസയുടെ ഇസ്ലാം മതമാശ്ലേഷണത്തിന്റെ സന്തോഷത്താലോ, തന്റെ ആത്മാർത്ഥമായ ആവേശത്താലൊ ആയിരിക്കാം ഹദ്റത് അബൂബക്കർ അന്ന് തന്നെ കഅ്ബയുടെ മുറ്റത്ത് തൗഹീദിന്റെ പരസ്യപ്രഖ്യാപനം നടത്തി. നബി തിരുമേനിയും ചില സഹാബാക്കളും ആ സമയത്ത് അവിടെ ഉണ്ടായിരുന്നു. ഇത് കണ്ട ഖുറൈശികൾ ഹദ്റത് അബൂബക്കറിനു മേൽ ചാടി വീഴുകയും ഒരുപാട് മർദ്ദിക്കുകയും ചെയ്തു. എത്രത്തോളമെന്നാൽ അദ്ദേഹത്തിന്റെ ഗോത്രക്കാർ അദ്ദേഹത്തെ എടുത്ത് വീട്ടിലെത്തിക്കുമ്പോൾ ബോധം നഷ്ടപ്പെട്ടിരുന്നു. മർദ്ദനം മൂലം ഒരുപാടു വിഷമങ്ങൾ അദ്ദേഹം സഹിച്ചു. ബോധം വന്നപ്പോൾ തിരുമേനിക്ക് സുഖമല്ലെ എന്നായിരുന്നു ചോദിച്ചത്. തിരുമേനിയുടെ സുഖവിവരം ലഭിക്കുന്നത് വരെ അദ്ദേഹത്തിന് സമാധാനമുണ്ടായിരുന്നില്ല.

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ)



# ഉഅ്ത്വീതു ഖംസൻ ലം യുഅ്ത്വഹുന്ന അഹദുൻ ഖബ്‌ലീ

ഹദ്റത് ജാബിർ (റ) വിവരിക്കുന്നു: തനിക്ക് മുമ്പുള്ള നബിമാർക്കൊന്നും നൽകപ്പെട്ടിട്ടില്ലാത്ത അഞ്ചു സവിശേഷതകൾ അല്ലാഹു തനിക്ക് നൽകിയിരിക്കുന്നു എന്ന് നബി തിരുമേനി(സ) പറയാറുണ്ടായിരുന്നു. ഒരു മാസ ദൈർഘ്യത്തോളം പ്രസരിക്കത്തക്ക അളവിൽ ഭയമുളവാക്കുന്ന ഗാംഭിര്യം എനിക്ക് അല്ലാഹുവിനാൽ നൽകപ്പെട്ടിരിക്കുന്നു. എനിക്കു വേണ്ടി എല്ലാ ഭൂപ്രദേശവും ആരാധനാലയം ആക്കപ്പെടുകയും എല്ലാ മണ്ണും ശുദ്ധീകരണ മാർഗമാക്കപ്പെടുകയും ചെയ്തിരിക്കുന്നു. യുദ്ധത്തിൽ ഉപേക്ഷിക്കപ്പെട്ട മുതൽ എനിക്ക് സാധുവാക്കപ്പെട്ടിരിക്കുന്നു. ഇതിനു മുമ്പ് മറ്റാർക്കും തന്നെ അത് അനുവദിക്കപ്പെട്ടിരുന്നില്ല. എനിക്ക് ദൈവസന്നിധിയിൽ മാദ്ധ്യസ്ഥ പദവി നല്കപ്പെട്ടിരിക്കുന്നു. എനിക്ക് മുമ്പുള്ള നബിമാർ തങ്ങളുടെ കാലത്തെ ജനതയ്ക്ക് വേണ്ടി നിയോഗിക്കപ്പെട്ടവരായിരുന്നു. എന്നാൽ ഞാൻ മുഴുലോകത്തിനും സർവജനതയ്ക്കുമായി നിയോഗിക്കപ്പെട്ടിരിക്കുന്നു. (ബുഖാരി)

ഈ ഹദീസിൽ നമ്മുടെ യജമാനരായ നബി(സ) യ്ക്ക് പ്രത്യേകമായി അനുഗ്രഹിക്കപ്പെട്ട സവിശേഷതകൾ വിവരിക്കപ്പെട്ടിരിക്കയാണ്. ഇത് അല്ലാഹുവിങ്കൽ അദ്ദേഹത്തിനുള്ള മഹനീയമായ സ്ഥാനത്തെയും അല്ലാഹുവിന് നബി(സ) യോടുള്ള അതിവാൽസല്യത്തെയും കാണിക്കുന്നു.

ഒന്നാമതായി, നബിവര്യന് അനുഗ്രഹിക്കപ്പെട്ട പ്രൗഢിയും ഗാംഭീര്യവും മനുഷ്യമനസ്സിൽ ഭയാദരവുകൾ സംജാതമാക്കത്തക്കതായിരുന്നു. ശരീര ദാർഢ്യതയോ പുഷ്ടിയോ ഒന്നുമില്ലാതിരുന്നിട്ടും ശത്രുക്കൾ അദ്ദേഹത്തിനു മുന്നിൽ വിറച്ചിരുന്നു എന്നുള്ളതിനു ഇസ്‌ലാമിക ചരിത്രം ശക്തമായ തെളിവുകൾ നിരത്തുന്നുണ്ട്. മദീനയെ ആക്രമിക്കുവാൻ ഇറങ്ങിപ്പുറപ്പെട്ട ശത്രുസൈന്യം, തങ്ങളെ തടയുന്നതിനായി ഏതാനും ചില അനുചരന്മാരുമായി പ്രവാചകൻ വരുന്നുണ്ടെന്ന് കേട്ട് ഓടി മറഞ്ഞ പല സംഭവങ്ങളും ചരിത്രം ഉദാഹരിക്കുന്നു. നബിതിരുമേനി(സ) അക്കാലത്തെ ശക്തനായ റോമാ ചക്രവർത്തിയായിരുന്ന ഖൈസറിന് ഇസ്‌ലാമിക സന്ദേശമടങ്ങുന്ന ഒരു കത്തയച്ചിരുന്നു. ഖൈസർ, നബി തിരുമേനി (സ) യെ കുറിച്ചുള്ള വിവരങ്ങൾ കേട്ടറിഞ്ഞപ്പോൾ പറഞ്ഞത്, താൻ ആ പ്രവാചകസവിധത്തിൽ എത്തുകയാണെങ്കിൽ തിരുപാദങ്ങൾ കഴുകി സായൂജ്യമടയും എന്നായിരുന്നു.

ഒരു മുസ്‌ലിമിന് മറ്റുള്ളവരെ പോലെ പ്രാർഥനയ്ക്കായി ഒരു പ്രത്യേക സ്ഥലം വേണമെന്നില്ല. അവന് എല്ലാ ഇടങ്ങളും പള്ളികളാണ്. നമസ്കാര സമയമായാൽ അവൻ എവിടെയാണോ ഉള്ളത് അവിടെതന്നെ നമസ്കാരം അനുഷ്ഠിക്കാവുന്നതാണ്. തനിക്ക് ഭൂമിയിൽ എല്ലായിടവും ആരാധനാലയം ആക്കപ്പെട്ടിരിക്കുന്നു എന്ന സവിശേഷതയ്ക്കുള്ള ഉദാഹരണമാണിത്. ഇസ്‌ലാമിക സന്ദേശം ലോകം മുഴുവനും പ്രചരിപ്പിക്കുന്നതിൽ വ്യാപൃതരായ മുസ്‌ലിംകൾക്ക് ഇത് പല സൗകര്യങ്ങളും ഉണ്ടാക്കുന്നു. അപ്രകാരം തന്നെയാണ് എല്ലാ മണ്ണുകളും ശുദ്ധീകരണ മാർഗപ്പെട്ടിരിക്കുന്നു എന്നതിന്റെ വിവക്ഷയും. ഒരു മുസ്‌ലിം വെള്ളം ലഭ്യമല്ലാത്ത സ്ഥലത്ത് എത്തപ്പെട്ടാൽ അംഗശുദ്ധി വരുത്തുവാൻ വെള്ളത്തിന് പകരം മണ്ണ് ഉപയോഗിച്ചതിനു ശേഷം നമസ്കരിക്കാവുന്നതാണ്. ഇതിന് തയമ്മും എന്ന് പറയുന്നു. ഹദ്റത് ആദം(അ) ന്റെ സൃഷ്ടിപ്പിനെ ആധാരമാക്കിയാണ് വെള്ളത്തെയും മണ്ണിനെയും സംയോജിപ്പിച്ചിരിക്കുന്നത്. ഖുർആനിക ഭാഷാശൈലി അനുസരിച്ച് കൊഴമണ്ണിൽ നിന്നാണല്ലോ ഹദ്റത് ആദം സൃഷ്ടിക്കപ്പെട്ടത്. വെള്ളം തൊടാൻ പറ്റാത്ത രോഗാവസ്ഥയിലും അംഗശുദ്ധിക്ക് മണ്ണ് ഉപയോഗിക്കാവുന്നതാണ്.

നബിതിരുമേനി(സ) യ്ക്ക് ലഭ്യമായ മൂന്നാമത്തെ സവിശേഷത യുദ്ധത്തിലൂടെ കൈവരുന്ന ശത്രുസമ്പത്ത് അനുഭവിച്ചു കൊള്ളുവാൻ നിയമേന അനുവദിക്കപ്പെട്ടിരിക്കുന്നു എന്നതാണ്. തിരുമേനി(സ)യ്ക്ക് മുമ്പുണ്ടായിരുന്ന ന്യായപ്രമാണങ്ങൾ ഒന്നും തന്നെ ഇങ്ങനെയുള്ള ആനുകൂല്യം നൽകിയിട്ടില്ലെന്നു മാത്രമല്ല, മറിച്ച് യുദ്ധമുതലുകൾ കത്തിച്ചു കളയുവാനാണ് കല്പിച്ചിരിക്കുന്നത്. യുദ്ധത്തിലൂടെ ലഭ്യമാകുന്ന ശത്രുസമ്പത്ത് പ്രവാചകന് അനുഭവിച്ചു കൊള്ളാമെന്ന ദിവ്യശാസനയിൽ മൂന്ന് തത്ത്വങ്ങൾ അടങ്ങിയിരിക്കുന്നു. 1. ശത്രുക്കളുടേതാണെങ്കിലും രാഷ്ട്ര സമ്പത്ത് നശിപ്പിക്കപ്പെടരുത്. 2. അന്യരെ ആക്രമിക്കുന്ന പക്ഷം നിങ്ങളുടെ സമ്പത്തുകൾ നിങ്ങളിൽ നിന്ന് പിടിച്ചെടുത്ത് മർദ്ദിതർക്ക് നൽകപ്പെടുന്നതാണെന്ന് ശത്രുക്കളെ പഠിപ്പിക്കുക. 3. ഇസ്‌ലാമിക യുദ്ധത്തിൽ പങ്കെടുക്കുന്നദുർബല വിഭാഗങ്ങളെ ശേഷിയും പ്രാപ്തിയും ഉള്ളവരാക്കി മാറ്റുക.

റസൂൽ തിരുമേനിയുടെ നാലാമത്തെ സവിശേഷത, തിരുമേനി (സ) യ്ക്ക് ദൈവ സവിധത്തിൽ ലഭ്യമായ മാദ്ധ്യസ്ഥ (ശുപാർശ) പദവിയാകുന്നു.

അറബി ഭാഷയിലെ 'ശഫാഅത്ത്' എന്ന സാങ്കേതിക ശബ്ദത്തിനു ശുപാർശ, മാദ്ധ്യസ്ഥത, പ്രാർഥന എന്നൊക്കെയുള്ള അർഥങ്ങളാണ് സാധാരണ നൽകപ്പെടുന്നതെങ്കിലും അവ ആ പദത്തിന്റെ സാങ്കേതികാർഥങ്ങൾ ആകുന്നില്ല. ഒരു ഭാഗത്ത് സൃഷ്ടി കർത്താവിനോടും മറുഭാഗത്ത് അവന്റെ സൃഷ്ടികളോടും നിരന്തര ബന്ധം സ്ഥാപിക്കുക വഴി അല്ലാഹുവിങ്കൽ മഹനീയ സ്ഥാനമലങ്കരിക്കുന്ന ഒരു വൽസന് ഇടനിലക്കാരനായി വർത്തിക്കാനുള്ള അവകാശം അല്ലാഹുവിങ്കൽ നിന്നു തന്നെയുള്ള ഔദാര്യമാകുന്നു. ഇതാണ് ശഫാഅത്ത്. ഈ ശഫാഅത്ത് അവകാശം ഉപയോഗിച്ചു കൊണ്ട് അന്ത്യനാളിൽ ദുരിതങ്ങളും യാതനകളും അനുഭവിക്കേണ്ടി വരുന്ന സൃഷ്ടിജാലങ്ങൾക്കു വേണ്ടി ദൈവത്തോട് നടത്തുന്ന അർഥനകൾ ഏതാണ്ട് ഇപ്രകാരമാണ്: 'എന്റെ നാഥാ! നീയും ഞാനുമായുള്ള സാമീപ്യ സമ്പർക്ക ഫലമായി നീ എനിക്കു നൽകിയ ബഹുമതിയുടെ നാമത്തിലും, നിന്റെ സൃഷ്ടികളുമായുള്ള എന്റെ അടുപ്പത്തിന്റെയും അവരോടുള്ള എന്റെ സ്നേഹത്തിന്റെ പേരിലും, അവർക്ക് നീ പൊറുത്തു കൊടുക്കുകയും അവരോട് കനിവ് കാണിക്കുകയും ചെയ്യേണമെ,' മറ്റൊരു നബി വചന പ്രകാരം അത് ഇപ്രകാരമാണ്: 'അന്ത്യനാളിൽ ലോകർ പരിഭ്രാന്തരും അസ്വസ്ഥരും ആലംബഹീനരുമായി യാതൊരു രക്ഷയുമില്ലാതെ നൈരാശ്യ ബാധിതരായി എന്നെ സമീപിക്കുന്നതാണ്. അപ്പോൾ അവർക്കു വേണ്ടി ഞാൻ തേടുന്നതും എന്റെ തേട്ടം അല്ലാഹു സ്വീകരിക്കുന്നതുമാണ്.'

നബി(സ) യ്ക്ക് അനുഗ്രഹിക്കപ്പെട്ട അഞ്ചാമത്തെ സവിശേഷത. തിരുമേനി (സ) മുഴുലോകത്തിനും മുഴുലോക ജനതയ്ക്കും വേണ്ടി അവതരിപ്പിക്കപ്പെട്ട പ്രവാചകനാണെന്നതാണ്. ഈ പദവി കഴിഞ്ഞു കടന്നു പോയ പ്രവാചകന്മാരിൽ ആർക്കും തന്നെ നൽകപ്പെട്ടിരുന്നില്ല. അവരുടെ ദൗത്യം അവരുടേതായ കാലത്തും അവരുടേതായ ജനതയിലും പരിമിതമായിരുന്നു. റസൂൽ തിരുമേനി(സ) യുടെ സാർവലൗകിക ദൗത്യം വഴി തിരുമേനി(സ) സർമലോക കർത്താവായ ഏകദൈവത്തിന്റെ പരിപൂർണ്ണ പ്രതിഛായ ആയിത്തീരുകയും, ഒരു ദൈവം, ഒരു മതം, ഒരു പ്രവാചകൻ എന്ന ഏകലോകാശയം പ്രയാഗവൽക്കരിക്കപ്പെടുകയും ചെയ്തു.

അല്ലാഹുമ്മ സ്വല്ലി ആലാ മുഹമ്മദിൻ വബാരിക്ക് വസല്ലിം. (ചാലീസ് ജവാഹർ പാരെ)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

അൽഹഖ്
വാർത്താപത്രിക
2014 ജനുവരി
പുസ്തകം 22 ലക്കം 1

യുഗനാദം
ഹദ്റത് അഹ്മദ്(അ)



# നബി തിരുമേനി (സ) ഉത്തമ മാതൃകാപുരുഷൻ

സനാതന കാലം മുതൽക്കുള്ള ലോക ചരിത്രത്തെ വിശകലനം ചെയ്തു നോക്കുകയാണെങ്കിൽ ഇസ്ലാം മത സ്ഥാപകരായ ഹദ്റത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയെ പോലെ വളരെ പരിമിതമായ കാലയളവിൽ ഒരു വലിയ ജനതയിൽ ഇത്രത്തോളം പ്രഭാവവും സ്വാധീനവും ചെലുത്തിയ മറ്റൊരു വ്യക്തിയെ ദർശിക്കാൻ സാധ്യമല്ല. മിത്രങ്ങളും ശത്രുക്കളും ഏക സ്വരത്തിൽ ഏറ്റു പറയുന്ന യാഥാർഥ്യമാണിത്.

അന്ധകാരത്തിലും അധർമത്തിലും അനീതിയിലും ദുഷ്കർമങ്ങളിലും ആണ്ടു കഴിഞ്ഞിരുന്ന ബഹുദൈവാരാധകരായിരുന്ന ഒരു സമൂഹത്തെ ദൈവവിശ്വാസവും നിശ്ചയദാർഢ്യവും കൊണ്ട് സംസ്കാര സമ്പന്നരും ദൈവോന്മുഖരുമാക്കി മാറ്റുകയുണ്ടായി. ഹദ്റത് മസീഹ് മൗഊദ് (അ) തൽസംബന്ധമായി ഒരു കവിതയിൽ പറയുന്നു;

*അമേധ്യതുല്യം മ്ലേഛമായ ഒരു ജനതയായിട്ടായിരുന്നു*
*ആ സമൂഹത്തെ തിരുമേനി കണ്ടെത്തിയിരുന്നത്.*
*എന്നാൽ അവിടുന്നു അവരെ മാറ്റുകൂട്ടിയ*
*സ്വർണം പോലെ സുശോഭനമാക്കിത്തീർത്തു.*

മാത്രമല്ല മനുഷ്യജീവതത്തിലെ സർവ അവസ്ഥാന്തരങ്ങളിലൂടെയും കടന്നു പോയിക്കൊണ്ട് മാനവകുലത്തിന് ഉത്തമമായ മാതൃകകൾ സ്ഥാപിച്ചു കൊണ്ട് മുഴുലോകത്തിനും കാരുണ്യവാരിധിയായിത്തീരുകയുണ്ടായി.

ദൈവാരാധനയുടെയും സൃഷ്ടിസേവനത്തിന്റെയും ഉത്തുംഗതയിൽ വിരാജിച്ചു കൊണ്ട് ഒരു മനുഷ്യന് കരസ്ഥമാക്കാൻ സാധിക്കുന്ന പദവികളുടെയും സ്ഥാനങ്ങളുടെയും ഔന്നിത്യത്തെ പ്രാപിക്കുകയുണ്ടായി. എത്രത്തോളമെന്നാൽ ഹദ്റത് ജിബ്രീൽ (അ) ന് പോലും പ്രാപ്യമാകാത്ത ദൈവ സാമീപ്യത്തിന്റെ കുളിർമ ആ പുണ്യപൂമാന് സാധ്യമായി.

വിമോചനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും മുദ്രാവാക്യങ്ങളാൽ മുഖരിതമായ ഈ ആധുനിക യുഗത്തിൽ മനുഷ്യനെ വഴികേടിന്റെ നീരാളിപ്പിടുത്തത്തിലേക്ക് വലിച്ചടുപ്പിക്കാൻ പൈശാചിക പ്രലോഭനങ്ങൾ നാനാദിക്കിൽ നിന്നും മാടിവിളിക്കുമ്പോൾ അതിൽ നിന്ന് മോചനവും സുരക്ഷയും കരസ്ഥമാക്കാനുള്ള ഒരേയൊരു മാർഗം ആ മഹാത്മാവ് കാണിച്ചു തന്ന ജീവിത മാർഗത്തെ അവലംബിക്കുക മാത്രമാണ്. ദൈവസാമീപ്യവും ശോഭനമായ പരലോക ജീവിതവും ആഗ്രഹിക്കുന്നവർക്ക് സമ്പൂർണ മാതൃകയായിട്ടാണ് അല്ലാഹു നബിതിരുമേനി (സ) യുടെ ജീവിതത്തെ നമ്മുടെ മുന്നിൽ സമർപ്പിച്ചിരിക്കുന്നത്.

ശാന്തിയുടെയും സമാധാനത്തിന്റെയും രാജകുമാരനായ ആ മുത്ത് നബിയുടെ വിശുദ്ധജീവിതത്തെ ലോകത്തിന് പരിചയപ്പെടുത്തേണ്ടത് ഇത്തരുണത്തിൽ അനിവാര്യമായ കാര്യമാകുന്നു. ഇന്ന് ആഗോള തലത്തിൽ ഈയൊരു സദുദ്യമത്തിന് ചുക്കാൻ പിടിക്കുന്നത് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് മാത്രമാണെന്നതാണ് വാസ്തവം. തൽഫലമായിട്ടാണ് നബി (സ) യുടെ വിശുദ്ധിയെ കളങ്കപ്പെടുത്താൻ വെമ്പൽ കൊണ്ടിരുന്ന പാശ്ചാത്യ യൂറോപ്യൻ സമൂഹം ഇപ്പോൾ നബി (സ) യുടെ വ്യക്തിത്വത്തിൽ ആകൃഷ്ടരായിക്കൊണ്ടിരിക്കുന്നത്.

അല്ലാഹു മുഴുവൻ ലോകജനതയെയും നബി (സ) യുടെ പതാകയ്ക്കു കീഴിൽ ഒരുമിച്ചാക്കുന്ന കാലം നമ്മുടെ ജീവിതത്തിൽ തന്നെ വെളിപ്പെടുത്തുമാറാകട്ടെ. ആമീൻ.

ടി.എം.അബ്ദുൽ മുജീബ്

## തിരുമേനി (സ) യുടെ ഉന്നത സ്ഥാനം

ഹദ്റത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനി തന്റെ ആത്മശുദ്ധിയും കുലീനതയും വിശാലമനസ്കതയും ചാരിത്രവും സത്യസന്ധതയും അർപ്പണമനോഭാവവും ദൈവാനുരക്തിയും കാരണം ഏറ്റവും ശ്രേഷ്ഠവും ഉന്നതവും പരിപൂർണവും പരിശുദ്ധവും പ്രകാശിതവുമായ സ്ഥാനം അലങ്കരിച്ചിരുന്നു. തന്മൂലം അല്ലാഹു അദ്ദേഹത്തെ പരിപൂർണതയുടെ അതുല്യപരിമളം കൊണ്ടനുഗ്രഹിച്ചു.

(സുർമയെ ചശ്മയെ ആര്യ)

## അനുഗൃഹീത പ്രവാചകൻ

എല്ലാ മനുഷ്യരിലും വെച്ച് പരിപൂർണനും പ്രവാചകന്മാരിൽ വെച്ച് സമ്പൂർണനും ആയ അദ്ദേഹം പരിപൂർണാനുഗ്രഹങ്ങളോടു കൂടി ആഗതരായി. അതുകൊണ്ടുണ്ടായ ആത്മീയ വിപ്ലവം മൂലം ഒന്നാമത്തെ ഖിയാമത്തുണ്ടായി. മരിച്ചു കിടന്ന ഒരു ലോകത്തെ അവിടുന്ന് പുനർജീവിപ്പിച്ചു. ആ അനുഗൃഹീത പ്രാവചകൻ ഖാതമുൽ അമ്പിയാഅ്, ഇമാമുൽ അസ്ഫിയാഅ്, ഖാതമുൽ മുർസലീൻ, ഫഖ്റുന്നബിയ്യീൻ ഹദ്റത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയല്ലാതെ മറ്റാരുമല്ല. (ഇത്മാമുൽ ഹുജ്ജത്)

## അനുഗ്രഹങ്ങളുടെ ഉറവിടം

എല്ലാ അനുഗ്രഹങ്ങളും മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയിൽ സമ്മിളിതമായിരിക്കുന്നു. വിദ്യ നൽകുന്ന റസൂർ തിരുമേനിയും തിരുമേനിയിൽ നിന്ന് വിദ്യ അഭ്യസിക്കുന്ന ആളും അനുഗൃഹീത രത്രേ. (ബറാഹീനെ അഹ്മദിയ്യ, ഭാഗം 3)

## ജ്വലിക്കുന്ന സൂര്യൻ

അദ്ദേഹത്തിന്റെ പേര് സിറാജ് എന്ന് വിളിക്കപ്പെട്ടതിലുള്ള സൂക്ഷ്മമായ തത്ത്വം ഇതാകുന്നു; ഒരു ദീപത്തിൽ നിന്ന് ആയിരക്കണക്കിലും ലക്ഷക്കണക്കിലും ഉള്ള വിളക്കുകൾ വെളിച്ചം ആർജിക്കുന്നു. എന്നാൽ അക്കാരണം കൊണ്ട് ആ വിളക്കിന് ഒരു നഷ്ടവും സംഭവിക്കുന്നില്ല. റസൂർ തിരുമേനി (സ) യെ അനുഗമിക്കുകയും അനുസരിക്കുകയും ചെയ്യുന്നത് കൊണ്ട് ആയിരക്കണക്കിലും ലക്ഷക്കണക്കിലും ഉള്ളവർ ഈ സ്ഥാനത്തെത്തിച്ചേരുന്നുവെന്നതാണ് ഇതിന്റെ വിവക്ഷ. അദ്ദേഹത്തിന്റെ അനുഗ്രഹം ഒരു പ്രത്യേക ജനതയ്ക്കു വേണ്ടി മാത്രമുള്ളതല്ല. അത് പൊതുവിൽ എന്നെന്നും നിലനിൽക്കുന്ന ഒന്നത്രെ. (അൽഹക്കം, 14.7.1908)

## ഏറ്റവും സ്തുത്യർഹൻ

ആകാശവും ഭൂമിയും ഒന്ന് പോലെ സ്തുതിക്കുന്നത് കൊണ്ടാണ് ഹദ്റത് റസൂൽ തിരുമേനി (സ) യുടെ നാമം മുഹമ്മദ് എന്നു വന്നിരിക്കുന്നത്. അതിന്റെ വിവക്ഷിതം ഏറ്റവും അധികം സ്തുതിക്കപ്പെട്ടവൻ എന്നാണ്..... നമ്മുടെ നബി (സ) തിരുമേനിയെ ഭൂലോകവും വാനലോകവും സ്തുതിക്കുന്നു. ഈ അഭിമാനവും അനുഗ്രഹവും നമ്മുടെ പ്രിയപ്പെട്ട നബിക്കു മാത്രമാണ് ലഭിച്ചിരിക്കുന്നത്.

(മൽഫൂസാത്ത്, വാള്യം 3)

ദഅ്‌വത്തെ ഇലല്ലാഹ്



മുജീബ്

# മിഅ്റാജ് ജഡികമോ ആത്മീയമോ

മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബ് ശാഹിദ്

1990 ൽ ഞാനും എന്റെ എട്ട് ആത്മാർഥരായ സുഹൃത്തുക്കളും ''തൽവണ്ടി മൂസാ ഖാൻ'' കേസിൽ പിടിക്കപ്പെട്ടിരുന്നു. ഖാജാ സർഫറാസ് അഹ്മദ് സാഹിബിനെ പോലെയുള്ള അഹ്മദിയ്യത്തിന്റെ അനുരക്തനായിരുന്നു ഞങ്ങളുടെ വക്കീൽ. ഞങ്ങൾ ഗോജറൻലാവയിലെ സെഷൻ കോടതിയിൽ കേസിനായി വിളിക്കുന്നത് പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അന്നേരം പട്ടണത്തിലെ അറബി മദ്രസിയിലെ ഏതാനും വിദ്യാർഥികളും പട്ടണത്തിലെ മറ്റ് ഏതാനും മാന്യ വ്യക്തികളും ഞങ്ങളുടെ അടുക്കൽ വന്നിരുന്നു. അതിൽ ഒരാൾ ചോദിച്ചു, മിഅ്റാജ് ജഡികമായിരുന്നുവോ, ആത്മീയമായിരുന്നുവോ? ആദ്യം ഞാനവർക്ക് ചോദ്യം അറിവാകുന്ന ഭണ്ഡാരത്തിന്റെ താക്കോലാകുന്നു എന്ന നബി (സ) യുടെ ഒരു ഹദീസ് കേൾപ്പിച്ചു. പിന്നീട് അവർക്ക് നന്ദി പ്രകടിപ്പിച്ചു കൊണ്ട് പറഞ്ഞു, മിഅ്റാജ് ശാരീരികമായിരുന്നു, എന്നാൽ തേജസ്സിയായ ശരീരത്തോടൊപ്പം. അഥവാ ജഡിക രൂപത്തിലായിരുന്നുവെങ്കിൽ അന്നേരം മസ്ജിദ് അഖ്സ ഒരു ലക്ഷത്തി ഇരുപത്തിനാലായിരം പ്രവാചകന്മാർക്ക് ഇമാമും ജമാഅത്തുമായി നമസ്കരിക്കാൻ കഴിയുന്ന വിധത്തിൽ അതി വിശാലമായതയിരിക്കണം.എന്നാൽ ഇസ്ലാമിക ചരിത്രത്തിൽ നിന്നും സ്ഥാപിതമാകുന്നത്, ഇപ്പോഴുള്ള മസ്ജിദ് അഖ്സ വലീദ് ഇബ്നു അബ്ദുൽ മാലികാണ് നിർമിച്ചത് എന്നാണ്. മിഅ്റാജ് രാത്രിയിൽ നബി തിരുമേനി (സ) യ്ക്ക് സിംഹാസനത്തിൽ അന്ത്യനാൾ വരെക്കും തന്റെ സമുദായത്തിനുണ്ടായേക്കാവുന്ന അവസ്ഥകളുടെ ദൃശ്യം കാണിച്ചു കൊടുത്തു എന്നും ഒരു ഹദീസിൽ രേഖപ്പെട്ടു കിടക്കുന്നുണ്ട്.

ആ നിലയ്ക്ക് മിഅ്റാജിനെ ജഡികമായി കരുതുന്നവർക്ക് നബി(സ) തിരുമേനിയെക്കാൾ മുമ്പേ മുഴുവൻ സമുദായവും ആകാശത്തിൽ സന്നിഹിതരായിരുന്നു, നബി (സ) പിന്നീടാണ് എത്തിയത് എന്ന് അംഗീകരിക്കേണ്ടി വരും. ഈയൊരു പ്രത്യുത്തരം ആ സദസ്സിനെ പ്രകമ്പനം കൊള്ളിച്ചു. പിന്നീട് ആർക്കും തന്നെ ഒന്നും പറയാനുള്ള ധൈര്യം ഉണ്ടായിരുന്നില്ല. മിഅ്റാജ് വാസ്തവത്തിൽ നബി തിരുമേനി(സ) യുടെ ഖത്തമുന്നുബുവ്വത്ത് എന്ന പദവിയുടെ പ്രാവർത്തിക വ്യഖാനമായിരുന്നു. അതിൽ ആ മഹാത്മാവ് മുഴുവൻ പ്രവാചകന്മാരുടെയും നേതാവാണെന്നും മറ്റ് പ്രവാചകന്മാരുടെ സ്ഥാനങ്ങൾ അവസാനിക്കുന്നിടത്ത് നിന്നാണ് നബി (സ) യുടെ സ്ഥാനം ആരംഭിക്കുന്നതെന്നും നബി(സ) യ്ക്ക് ദർശനരൂപത്തിൽ കാണിച്ചു കൊടുക്കുകയായിരുന്നു എന്നും കൂടി ആ അവസരത്തിൽ ഞാൻ പറഞ്ഞു കൊടുത്തു. അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ ആലി മുഹമ്മദ്.

(ദിൽചസ്പ് ഇൽമി വാഖിആത്ത് വ മുശാഹിദാത്ത്)

## കർമശാസ്ത്രം

സമ്പാ: അബു അബ്ദുൽ ബാരി

# നിക്കാഹിന്റെ സാധുതയ്ക്കുള്ള നിബന്ധനകൾ

**താൽക്കാലികമായി വിലക്കപ്പെട്ടവൾ**

ഏതെങ്കിലും ശർഇയായ തടസ്സം മൂലം അനുവദനീയമല്ലാതിരിക്കുകയും തടസ്സം നീങ്ങിയാൽ നിക്കാഹ് അനുവദനീയം ആയിത്തീരുന്ന സ്ത്രീകളാണ് താൽക്കാലികമായി വിലക്കപ്പെട്ടവൾ എന്ന ഗണത്തിൽ ഉൾപ്പെടുന്നത്.

1. രണ്ട് സഹോദരിമാരെ ഒരേ സമയത്ത് ഭാര്യമായി വെക്കുക.

രണ്ട് സഹോദരിമാരെ ഒരേ സമയത്ത് ഭാര്യമാരായി വെക്കുന്നത് ശരീഅത്തനുസരിച്ച് നിഷിദ്ധമാകുന്നു. രണ്ട് സഹോദരിമാരെ ഒരേ സമയത്ത് നിക്കാഹ് ചെയ്താൽ രണ്ട് നിക്കാഹും നിലനിൽക്കുന്നതല്ല. എന്നാൽ ഒന്നിന് ശേഷം മറ്റൊന്നായി നിക്കാഹിലൂടെ രണ്ട് സഹോദരിമാർ ഒരുമിച്ച് കൂട്ടപ്പെടുകയാണെങ്കിൽ ആദ്യത്തെ നിക്കാഹ് നിലനിൽക്കുകയും രണ്ടാമത്തേത് ശരിയല്ലാതായിത്തീരുകയും ചെയ്യുന്നതാണ്.

2. ഒരു പുരുഷൻ തന്റെ നിക്കാഹിൽ ഒരേ സമയത്ത് പരസ്പരം മാതൃസഹോദരിയും സഹോദരി പുത്രിയുമായവരെയും അല്ലെങ്കിൽ പരസ്പരം പിതൃസഹോദരിയും സഹോദര പുത്രിയുമായവരെയും ഒരുമിച്ച് കൂട്ടാവുന്നതല്ല.

3. മറ്റുള്ളവരുടെ ഭാര്യമാരായിരിക്കുന്നവരെ നിക്കാഹ് ചെയ്യാവുന്നതല്ല. അജ്ഞത മൂലം അത്തരത്തിലുള്ള സ്ത്രീയെ നിക്കാഹ് ചെയ്താൽ അറിവ് ലഭിച്ചാൽ ഉടൻ തന്നെ വേർപെടുത്തേണ്ടതാണ്.

4. നാല് ഭാര്യമാരുണ്ടായിരിക്കെ അഞ്ചാമത് നിക്കാഹ് അനുവദനീയമല്ല.

5. ഇദ്ദ ആചരിക്കുന്ന സ്ത്രീകളെ നിക്കാഹ് ചെയ്യുന്നത് അനുവദനീയമല്ല.

6. ബഹുദൈവ വിശ്വാസി അല്ലെങ്കിൽ വിശ്വാസിനിയെ നിക്കാഹ് ചെയ്യുന്നത് അനുവദനീയമല്ല. (അവ: ഫിഖ്ഹ് അഹ്മദിയ്യ, രണ്ടാം ഭാഗം)

അസ്ഹാബീ കന്നുജൂമി
ബിഅയ്യിഹും ഇഖ്ത്തദയ്തും ഇഹ്തദയ്തും
എന്റെ സഹാബാക്കൾ നക്ഷത്രങ്ങൾ പോലെയാണ്. നിങ്ങൾ അവരിൽ ആരെ പിന്തുടർന്നാലും സന്മാർഗ്ഗം പ്രാപിക്കുന്നതാണ്. *(ഹദീസ് മിശ്ക്കാത്ത്)*

# ഹദ്റത് ബറാഅ് ഇബ്നു ആസിബ് (റ) അൻസാരി

**വംശാവലി:** ഹദ്റത് ബറാഅ് ഇബ്നു ആ സിബ് (റ) മദീനയിലെ അൻസാരികളുടെ ഗോത്രമായ ഔസിന്റെ ശാഖയായ ബനൂ സൽമയിൽ നിന്നുള്ള വ്യക്തിയാണ്. അബൂ അമ്മാറ എന്നതാ ണ് വിളിപ്പേര്. ചിലർ അബൂ അംറ് എന്നും വിളിച്ചിരുന്നു. അദ്ദേഹത്തിന്റെ പിതാവായ ആസിബ്(റ) നും സഹാബിയാകുന്നതിനുള്ള സൗഭാഗ്യം ലഭിച്ചിരുന്നു.

**കുട്ടിക്കാലം**

ഹദ്റത് ബറാഅ്(റ) നബി(സ) യുടെ മദീന ഹിജ്റത് കാലത്ത് ഇളം പ്രായക്കാരനായിരുന്നു. അക്കാരണത്താൽ ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ സാധിച്ചിരുന്നില്ല. പിന്നീട് ഉഹദിലോ ഖന്തക്ക് യുദ്ധത്തിലോ ആണ് അനുമതി ലഭിച്ചത്.

**യുദ്ധങ്ങളിൽ**

അദ്ദേഹം സ്വയം പറയുന്നത് തനിക്ക് നബി (സ) യോടൊപ്പം പതിനാലോ പതിനഞ്ചോ യുദ്ധങ്ങളിൽ പങ്കെടുക്കാൻ അവസരം ലഭിച്ചിരുന്നു എന്നാണ്. യുദ്ധങ്ങളിൽ മാത്രമല്ല നബി(സ) യോടൊപ്പം പല യാത്രാവേളകളിലും അദ്ദേഹത്തിന് അനുഗമിക്കാനുള്ള അവസരങ്ങൾ ലഭിച്ചിട്ടുണ്ട്. തനിക്ക് നബി തിരുമേനി (സ) യോടൊപ്പം 18 യാത്രകളിൽ സഹവാസം ലഭിച്ചിട്ടുണ്ട് എന്ന് അദ്ദേഹം വളരെ അഭിമാനത്തോടെ പറയുമായിരുന്നു.

സുലഹ് ഹുദൈബിയ്യ, ബയ്അത്ത് റിദ്വാൻ തുടങ്ങിയ അവസരങ്ങളിലും അദ്ദേഹം സന്നിഹിതനായിരുന്നു. ഹുദൈബിയ യാത്രവേളയിൽ ഒരു സ്ഥലത്ത് തമ്പടിച്ചപ്പോൾ മുസ്‌ലിംകളുടെ പക്കലുള്ള വെള്ളം തീരുകയുണ്ടായി. അന്നേരം നബി(സ) ഒരു ശരം അദ്ദേഹത്തിന് നൽകി ഹുദൈബിയായുടെ വരണ്ട കിണറിലേക്ക് ഇടുന്നതിനായി അയച്ചു. പിന്നീട് നബി (സ) യുടെ ദുആയുടെ ഫലമായി അതിൽ നിന്നും ധാരാളം വെള്ളം ലഭിച്ചു.

**ഖലീഫമാരുടെ കാലഘട്ടത്തിൽ**

ഹദ്റത് ബറാഅ്(റ) ന് ഹദ്റത് ഉമർ(റ) ന്റെ കാലഘട്ടത്തിലും വിവിധ ഉദ്യമങ്ങളിൽ വിജയകരമായി പങ്കെടുക്കുന്നതിനുള്ള സൗഭാഗ്യം ലഭിച്ചിട്ടുണ്ട്. തിസ്തർ യുദ്ധത്തിൽ ഈറാനികളുമായി യുദ്ധം ചെയ്യുന്നതിനുള്ള അവസരവും ലഭിച്ചിട്ടുണ്ട്. ഹദ്റത് അലി(റ) നോടൊപ്പം ജമൽ, സിഫ്ഫയ്ൻ, നഹർദാൻ യുദ്ധങ്ങളിലും പങ്കെടുത്തു കൊണ്ട് ഖവാരിജുകൾക്കെതിരിൽ യുദ്ധം ചെയ്യുകയുണ്ടായി.

**ഭയഭക്തിയും എളിമയും**

ഹദ്റത് ബറാഅ്(റ) നബി (സ) തിരുമേനിയുടെ പരിശുദ്ധ സഹവാസത്താൽ അനുഗൃഹീതനായ വ്യക്തിയായിരുന്നു. ഒരിക്കൽ ഹദ്റത് മുസയ്യിബ് (റ) അദ്ദേഹത്തോട് പറഞ്ഞു, താങ്കൾക്ക് നബി (സ) തിരുമേനിയുടെ സഹവാസവും സാമീപ്യവും ലഭിച്ചു. പിന്നീട് ചരിത്ര പ്രധാനമായ ഹുദയ്ബിയായുടെ അവസരത്തിൽ ബയ്അത്തിനുള്ള സൗഭാഗ്യവും ലഭിച്ചു. അതുകേട്ട് ഹദ്റത് ബറാഅ് (റ) പറഞ്ഞു, എന്റെ സഹോദര പുത്രാ! അതിനു ശേഷം നാം എന്തെല്ലാം പുതിയ കാര്യങ്ങൾ ഉണ്ടാക്കിയെന്ന് നിനക്കെന്തറിയാം?

ഹദ്റത് ബറാഅ്(റ) തന്റെ പിതാവിൽ നിന്നും ഹദ്റത് അബൂബക്കർ(റ) ഹദ്റത് ഉമർ (റ) തുടങ്ങിയ പല സഹാബാക്കളിൽ നിന്നും ഹദീസുകൾ നിവേദനം ചെയ്തിട്ടുണ്ട്. എന്നാൽ യാതൊരു അഹങ്കാരവും പ്രകടിപ്പിക്കാതെ വളരെ വിനയാന്വിതനായി പറഞ്ഞിരുന്നത്, ഇതെല്ലാം തന്നെ ഞാൻ സ്വയം നബി (സ) യിൽ നിന്ന് ശ്രവിച്ചതല്ല. ഞങ്ങൾ ഒട്ടകത്തെയും മറ്റും മേയ്ക്കുന്നതിൽ വ്യാപൃതരായിരുന്നു. ഈ ഹദീസുകളെല്ലാം തന്നെ ഞങ്ങൾ ആദരവായ സഹാബാക്കളിൽ നിന്നും കേട്ട് നിവേദനം ചെയ്യുന്നതാണ്.

**നബി (സ) യോടുള്ള അനുരക്തി**

ഹദ്റത് ബറാഅ്(റ) ന് നബി (സ) യോട് അതിയായ സ്നേഹവും അനുരക്തിയും ഉണ്ടായിരുന്നു. സത്യസന്ധമായ വികാരം ഉണ്ടായിരുന്നു. നബി (സ) യുടെ മദീനയിലേക്കുള്ള ആഗമനത്തെ വളരെ വികാരവായ്പ്പോടെ അനുസ്മരിക്കുമായിരുന്നു.

**രൂപവർണ്ണനം**

നബി(സ) യുടെ രൂപം വളരെ സ്നേഹഭരിതമായ നിലയിൽ വർണിക്കുമായിരുന്നു. പറയുന്നു, നബി(സ) യുടെ ഉയരം ഇടത്തരമായിരുന്നു. വിരിഞ്ഞ മാറും, ചെവി വരെയുള്ള കറുത്ത മുടിയുമായിരുന്നു. ഒരിക്കൽ നബി(സ) ചുവന്ന വസ്ത്രം അണിഞ്ഞു. അന്ന് മറ്റൊരിക്കലും ദർശിച്ചിട്ടില്ലാത്ത സൗന്ദര്യമാണ് ഞാൻ നബി(സ) യിൽ ദർശിച്ചത്. ഒരിക്കൽ നബി(സ) യുടെ മുഖം വാളിന്റെ മൂർച്ചപോലെ തിളങ്ങുന്നതാണോ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, അല്ല. മറിച്ച് ചന്ദ്രനെ പോലെ പ്രകാശിതമാണ്.

**വികാരം**

ഒരിക്കൽ അദ്ദേഹത്തോട് ചോദിച്ചു, അല്ലയോ ബറാഅ്! ഹുനൈൻ യുദ്ധവേളയിൽ നിങ്ങൾ നബി(സ) യെ ഉപേക്ഷിച്ച് ഓടിക്കളഞ്ഞില്ലേ? അദ്ദേഹം വളരെ വികാരഭരിതനായി പറഞ്ഞു, എന്നാൽ നബി(സ) യുടെ പാദങ്ങൾ പിന്നോട്ട് മാറിയില്ല. ശത്രുക്കളുടെ ശരവർഷത്താലും അവിചാരിത ആക്രമണത്താലും

⇨




## ശത്രുക്കളോടുള്ള നന്മ

ഹാഫിസ് ഹാമിദ് അലി സാഹിബിന്റെ വിധവ റസൂൽ ബീബി സാഹിബ പറയുന്നു:
മിർസാ നിസാമുദ്ദീൻ ചില സന്ദർഭങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ അസഭ്യം പറയുന്നതിനായി ചില തെമ്മാടികളെ നിയോഗിക്കുമായിരുന്നു. അത്തരക്കാർ ചിലപ്പോൾ രാത്രി മുഴുവനും അസഭ്യം പറ ഞ്ഞു കൊണ്ടിരിക്കാറുണ്ട്. നേരം പുലരുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ദാദിസാഹിബയോട് പറയും ഇവർക്ക് കഴിക്കാൻ വല്ലതും നൽകുക, ഇവരുടെ തൊണ്ട വരളുകയും ക്ഷീണിക്കുകയും ചെയ്തുകാണും. അപ്പോൾ ഞാൻ ഇത്തരം ദുർഭഗർക്ക് ഒന്നും തന്നെ നൽകരുത് എന്ന് ഹുസൂർ (അ) നോട് പറയുമായിരുന്നു. അത് കേട്ട് ഹുസൂർ(അ) നാം വല്ല നന്മയും ചെയ്യുകയാണ് എങ്കിൽ ദൈവം അത് കാണുന്നതാണ് എന്നും നമ്മുടെ ഭാഗത്ത് നിന്ന് ഒരു വീഴ്ചയും സംഭവിക്കരുത് എന്നും പറയുമായിരുന്നു.

(സിറാത്തുൽ മഹ്ദി)

## അനുസരണത്തിന്റെ അനുഗ്രഹം

മുൻശി സഫർ അഹ്മദ് സാഹിബ് കപൂർത്തലവി എഴുതുന്നു. ഒരിക്കൽ എന്റെ ഭാര്യ മീററ്റിൽ പോയിരിക്കുകയായിരുന്നു. വീട് ശൂന്യമായിരുന്നു. എനിക്ക് മൂന്ന് ദിവസം അവധിയും ലഭിച്ചു. കേസിന്റെ ഫയലുകൾ പെട്ടിയിൽ അടച്ച് പൂട്ടി ഞാൻ ഖാദിയാനിലേക്ക് പോയി. മൂന്ന് ദിവസത്തിന് ശേഷം എന്റെ അവധി തീർന്നതിനാൽ എന്നെ പോകാൻ അനുവദിക്കണമെന്ന് ഞാൻ ഹുസൂറിനോട് അപേക്ഷിച്ചു. അദ്ദേഹം പറഞ്ഞു, ഇപ്പോൾ ഇവിടെ തന്നെ തങ്ങുക. കുറച്ച് ദിവസങ്ങൾക്ക് ശേഷം ഫയലുകൾ ലഭിക്കാത്തതു കാരണം മജിസ്ട്രേറ്റ് വളരെയധികം കുപിതനാണെന്നും അതിനാൽ ഉടൻ മടങ്ങിവരണമെന്നും കാണിച്ചു കൊണ്ട് മുൻശി അറോഠാ സാഹിബിന്റെ എഴുത്ത് ലഭിച്ചു. വളരെ കണിശമായ രീതിയിൽ അതിൽ എഴുതിയിരുന്നു. ആ കത്ത് ഞാൻ ഹുസൂർ(അ) ന്റെ സന്നിധിയിൽ സമർപ്പിച്ചു. അദ്ദേഹം പറഞ്ഞു ഇപ്പോൾ വരാൻ സാധ്യമല്ലാ എന്ന് എഴുതുക. അനുഗ്രഹം ഉണ്ടാകുമെന്ന് മനസ്സിലാക്കി ഞാൻ ഇതേ വാക്കുകൾ എഴുതി അയച്ചു. അതിനു ശേഷം ഒരു മാസം ഞാൻ ഖാദിയാനിൽ താമസിച്ചു. ഈ കാലയളവിൽ കപൂർത്തലയിൽ നിന്നും വരുന്ന കത്തുകൾ വായിച്ചു നോക്കാതെ തന്നെ ഞാൻ കീറിക്കളയുമായിരുന്നു. ഒരു ദിവസം അദ്ദേഹം സവാരിക്ക് ഇറങ്ങുമ്പോൾ ഇവിടെ വന്നിട്ട് എത്ര ദിവസമായി എന്ന് എന്നോട് ചോദിച്ചു. ഒരു മാസമായി എന്ന് ഞാൻ മറുപടി നൽകി. അപ്പോൾ ഹുസൂർ (അ) ശനിയോട് ശനി എട്ട് എന്ന് പറഞ്ഞ് എണ്ണാൻ തുടങ്ങി എന്നിട്ട് പറഞ്ഞു ശരിയാണ് ഇനി താങ്കൾ പൊയ്ക്കൊള്ളുക. ഞാൻ കപൂർത്തലയിൽ എത്തിയപ്പോൾ മജിസ്ട്രേറ്റ് വളരെ ക്ഷോഭിച്ചിരിക്കുകയാണ് എന്ന് സഹപ്രവർത്തകർ എന്നോട് പറഞ്ഞു. മജിസ്ട്രേറ്റിന് പറയാനുള്ളത് വീട്ടിൽ വച്ച് തന്നെ പറയട്ടെ എന്ന് കരുതി ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ പോയി. താങ്കൾ പോയിട്ട് ഒരു പാട് ദിവസമായല്ലോ എന്നല്ലാതെ മറ്റൊന്നും പറഞ്ഞില്ല. ഹുസൂർ വരാൻ അനുവദിച്ചില്ലാ എന്ന് ഞാൻ പറഞ്ഞു. അദ്ദേഹം പറഞ്ഞു. ഹുസൂർ(അ) ന്റെ വാക്കുകൾക്ക് തന്നെയാണ് പ്രാമുഖ്യം നൽകേണ്ടത്. ഞാൻ തിയ്യതികൾ എണ്ണി കാത്തിരിക്കുകയായിരുന്നു. ഫയലുകൾ നന്നായി നോക്കുക. ഈ ദിവസങ്ങളിൽ ഞാൻ രജിസ്റ്റാർ ആയി ജോലി ചെയ്ത് വരികയായിരുന്നു എന്നും കൂട്ടിച്ചേർത്തു.

(സിറത്തുൽ മഹ്ദി )

സമ്പാ: ടി.അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ

ഞങ്ങൾ പിന്തിരിഞ്ഞോടിയ സമയത്ത് നബി(സ) തിരുമേനി വെളുത്ത കോവർ കഴുതപ്പുറത്തിരുന്ന് ഞാൻ വ്യാജ നബിയല്ല, ഞാൻ അബ്ദുൽ മുത്തലിബിന്റെ മകനാകുന്നു എന്ന മുദ്രാവാക്യം മുഴക്കുകയായിരുന്നു.

**ഖുർആനോട് സ്നേഹം**

ഹദ്റത് ബറാഅ് (റ) ന് വിശുദ്ധഖുർആനോട് അതിയായ സ്നേഹമായിരുന്നു. നബി(സ) തിരുമേനിയുടെ ഒരു ഹദീസ് അദ്ദേഹം എപ്പോഴും കേൾപ്പിക്കുമായിരുന്നു. അതായത് നബി(സ) പറഞ്ഞു, വിശുദ്ധഖുർആനെ സ്വന്തം ശബ്ദത്താൽ അലങ്കരിക്കുക. അതിനെ മനോഹരമാക്കി പാരായണം ചെയ്യുക. വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിൽ അതീവ തൽപരനായിരുന്നു. പറയുന്നു, ഒരിക്കൽ ഞാൻ ഇശാഅ് നമസ്കാര ശേഷം നബി(സ) തിരുമേനിയെ സൂറത്തു തീൻ പാരായണം ചെയ്യുന്നതായി കേട്ടു. നബി (സ) യേക്കാൾ ഉത്തമമായി ഖുർആൻ പാരായണം ചെയ്യുന്ന ആരെയും ഞാൻ കണ്ടിട്ടില്ല.

**സൃഷ്ടികളോടുള്ള കടപ്പാട്**

നബി (സ) യോടും വിശുദ്ധഖുർആനോടുമുള്ള സ്നേഹത്തോടൊപ്പം തന്നെ സൃഷ്ടികളോടുള്ള കടമയെ കുറിച്ചും ബോധവാനായിരുന്നു. അദ്ദേഹം പറയുന്നു, നബി (സ) ഞങ്ങൾക്ക് 7 കാര്യങ്ങൾക്കുള്ള കല്പന നൽകിയിരുന്നു. രോഗികളെ ശുശ്രൂഷിക്കുക, ജനാസയെ അനുഗമിക്കുക, തുമ്മുമ്പോൾ മറുപടി പറയുക, സലാമിന് മറുപടി നൽകുക, ആരുടെയെങ്കിലും വാഗ്ദാനം പൂർത്തിയാക്കുക, ക്ഷണം സ്വീകരിക്കുക, പീഡിതരെ സഹായിക്കുക.

**കാര്യഗൗരവം**

ഹദ്റത് ബറാഅ് (റ) ദീനീ കാര്യങ്ങളെ വളരെ ഗൗരവമായി കണ്ടിരുന്നു. ഉദാഹരണമായി ഖുർബാനിയെ സംബന്ധിച്ച് പറയുന്നു, നബി (സ) നാല് തരത്തിലുള്ള മൃഗങ്ങളെ ബലി നൽകുന്നതിൽ നിന്ന് വിലക്കിയിരിക്കുന്നു. കണ്ണ് നഷ്ടപ്പെട്ടത്, മുടന്തുള്ളത്, വ്യക്തമായ രോഗമുള്ളത്, എല്ലിൽ മാംസമില്ലാത്ത നിലയിൽ വളരെയധികം മെലിഞ്ഞത്.

**അവസാന കാലം**

അവസാന കാലത്ത് കൂഫയിൽ വീട് നിർമിച്ച് അവിടെ താമസമാക്കി. ഹദ്റത് മുസ്അബ്(റ) ഇബ്നു ഉമൈറിന്റെ ഇമാറത്ത് കാലഘട്ടത്തിൽ 72 -ാം വയസ്സിൽ അദ്ദേഹം വഫാത്തായി.

- ഇബ്നു അശ്റഫ്

പുണ്യാത്മാക്കൾ

# ഹദ്റത് സയ്യദ് അസീസുർ റഹ്മാൻ സാഹിബ് (റ)

### കുടുംബ പശ്ചാത്തലം:

പിതാവ് സയ്യദ് ഹബീബുർ റഹ്മാൻ സാഹിബ്. ഉത്തർപ്രദേശിലെ ബരേലിയായിരുന്നു സ്വദേശം. അദ്ദേഹം കപ്പൂർത്തലയിലെ രാജാവിന്റെ ജോലിക്കാരനായിരുന്നു. അവിടെ വെച്ചാണ് അദ്ദേഹത്തിന് അഹ്മദിയ്യത്തിനെ സംബന്ധിച്ച് അറിവ് ലഭിക്കുകയും 1897 ൽ ബയ്അത്ത് ചെയ്ത് ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ ജമാഅത്തിൽ അംഗമായതും.

### എതിർപ്പിന്റെ പർവതം

ബയ്അത്തിനു ശേഷം ബരേലിയിലെത്തിയ അദ്ദേഹത്തിന് എതിർപ്പിന്റെയും ശത്രുതയുടെയും കൊടുങ്കാറ്റിനെയാണ് നേരിടേണ്ടി വന്നത്. അവിടെയുള്ളവർ അദ്ദേഹത്തെ പൂർണമായും ബഹിഷ്കരിച്ചു. വളരെയധികം പ്രയാസങ്ങളും ദുരിതങ്ങളും അദ്ദേഹത്തിനും കുടുംബത്തിനും സഹിക്കേണ്ടി വന്നു. ഈ എതിരാളികളിൽ അദ്ദേഹത്തിന്റെ പിതാവും ആദ്യം ഉൾപ്പെട്ടിരുന്നു. എന്നാൽ പിന്നീട് അദ്ദേഹവും ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിച്ചു.

### പുത്രന് പേരിടുന്നു

അദ്ദേഹത്തിന് ഓടിക്കളിക്കാൻ പ്രായമായ ഒരു മകനുണ്ടായിരുന്നു. അവനെ പലരും പല പേരുകളിലാണ് വിളിച്ചിരുന്നത്. ഒരിക്കൽ ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ പക്കൽ അവന് പേരിടുന്നതിനായി കൊണ്ടു പോയി. അന്നാളുകളിൽ അബ്ദുല്ലത്വീഫ് സാഹിബ് ശഹീദിന്റെ ചർച്ചകളായിരുന്നു അധികവും. മസീഹ് മൗഊദ് (അ) പറഞ്ഞു ഈ കുട്ടിക്ക് അബ്ദുൽ ലത്വീഫ് എന്ന പേരിടുക. അദ്ദേഹം തന്റെ കുട്ടിയെ എപ്പൊഴും ശഹീദ് എന്ന് പറഞ്ഞായിരുന്നു വിളിച്ചിരുന്നത്. അവസാനം ആ കുട്ടി കോളറയാൽ വഫാത്തായി. ആ കുട്ടി ശഹീദിൽ ഉൾപ്പെടുന്നു എന്ന് മസീഹ് മൗഊദ് (അ) പറയുകയും ചെയ്തു.

### ശത്രു നിന്ദ്യനാകുന്നു

അദ്ദേഹം ഡൽഹി ജമിഅ് മസ്ജിദിൽ നമസ്കരിക്കുവാനായി പോകുമായിരുന്നു. ഒരിക്കൽ ധനവാനായ ഒരു മൗലവിയോട് ആരോ അദ്ദേഹം മിർസായി ആയിരിക്കുന്നു എന്ന് പറഞ്ഞു. അപ്പോൾ അയാൾ അസഭ്യം പുലമ്പാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു, മൗലവി സാഹിബ് ഞാൻ തർക്കിക്കാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ മിർസാ സാഹിബിന് എതിരിൽ സംസാരിക്കുന്നവരിൽ അല്ലാഹുവിന്റെ ശിക്ഷ ഇറങ്ങുന്നതാണ്. അന്നു രാത്രി തന്നെ അയാൾക്ക് പക്ഷപാതരോഗം പിടിപെടുകയും അതിൽ മരണപ്പെടുകയും ചെയ്തു. ധനവാന്മാരെ അടക്കുന്ന ഖബറിസ്ഥാനിൽ കൊണ്ടു ചെന്ന അയാളുടെ ജനാസയെ ഏതാനും സാമൂഹ്യദ്രോഹികൾ ചേർന്ന് ആക്രമിക്കുകയും വഹാബിയെ ഇവിടെ അടക്കാൻ അനുവദിക്കില്ല എന്ന് പറയുകയും ചെയ്തു.

### തബ്ലീഗിന്റെ ആവേശം

അദ്ദേഹം വളരെ ആവേശവും ധൈര്യവാനുമായി ദാഇ ഇലല്ലായായിരുന്നു. ജനങ്ങളുടെ ശക്തമായ എതിർപ്പുണ്ടായിരുന്നിട്ടും അദ്ദേഹം ബരേലിയിൽ തബ്ലീഗിൽ നിന്ന് പിന്മാറിയിരുന്നില്ല. ഒരിക്കൽ ഒരാൾ അദ്ദേഹത്തോട് പറഞ്ഞു, ഇത് ബരേലി പട്ടണമാണ്. ഇവിടെ തബ്ലീഗ് ചെയ്യാൻ പാടില്ല എന്ന് നിങ്ങൾക്കറിഞ്ഞു കൂടെ? അദ്ദേഹം പറഞ്ഞു, നബി തിരുമേനി(സ) യുടെ സഹാബാക്കൾ തങ്ങളുടെ രക്തം കൊണ്ടാണ് ഇസ്ലാമാകുന്ന പൂന്തോട്ടത്തിന് ജലസേചനം നടത്തിയിട്ടുള്ളത്. തൽഫലമായിട്ടണ് ഇസ്ലാം ഇന്ത്യ വരെ എത്തിയത്. എന്നിട്ടാണോ നിങ്ങൾ എന്നെ തടയുന്നത്!.

### സന്ദേശമെത്തിക്കുന്ന മാതൃക

അദ്ദേഹം പറയുന്നു, എതിർപ്പുണ്ടായിരുന്ന സമയത്ത് ബരേലിയിൽ ഞാൻ എവിടെ ചെന്നാലും ആളുകൾ ബഹളം കൂട്ടുമായിരുന്നു. അതാ ശൈത്വാൻ പോകുന്നു, വൃത്തികെട്ടവൻ പോകുന്നു എന്ന് വിളിച്ച് പറയുമായിരുന്നു. ഞാൻ എവിടെ പോകുമ്പോഴും കയ്യിൽ വിജ്ഞാപനങ്ങൾ കരുതുമായിരുന്നു. അതോടൊപ്പം കയ്യിലുള്ള പെൻസിലിനെ ഒരു കത്തി കൊണ്ട് കൂർപ്പിച്ച് കൊണ്ടിരിക്കുമായിരുന്നു. വിജ്ഞാപനങ്ങൾ ആരുടെയും കയ്യിൽ കൊടുക്കില്ലായിരുന്നു. അല്പം ദൂരെ ദൂരെയായി താഴെ ഇടുമായിരുന്നു. ശത്രുക്കൾ അതെടുത്ത് വായിച്ച് അസഭ്യങ്ങൾ പുലമ്പുമായിരുന്നു. എന്നാൽ എന്റെ അടുത്തേക്ക് വരില്ലായിരുന്നു.

### മസൂരിയിൽ ജമാഅത്ത്

മസൂരി വളരെ മനോഹരമായ പ്രദേശമാണ്. അവിടെയുള്ള ഒരു ബംഗ്ലാവിൽ കപ്പൂർത്തല രാജാവ് ഉഷ്ണകാലത്ത് തന്റെ ജോലിക്കാരുമായി പോകുമായിരുന്നു. ഹദ്റത് സയ്യദ് സാഹിബും സ്റ്റാഫായി അവിടെ പോകുമായിരുന്നു. അവിടെയും അദ്ദേഹം തബ്ലീഗ് ചെയ്യുകയും തൽഫലമായി മിയാൻ മുഹമ്മദ് യാമീൻ സാഹിബ് എന്ന പുസ്തക കച്ചവടക്കാരൻ ബയ്അത്ത് ചെയ്തു.1909 ൽ അദ്ദേഹത്തിന്റെ ശ്രമഫലമായി മസ്സൂരിയിൽ ഒരു മുബാഹസയും നടന്നു.

### ഖാദിയാനിൽ സ്ഥിരവാസം

കപ്പൂർത്തലയിലെ ജോലിയിൽ നിന്നും വിരമിച്ച ശേഷം അദ്ദേഹം ഖാദിയാനിലേക്ക് പോന്നു. അദ്ദേഹത്തിന്റെ ഭാര്യയും മക്കളും നേരത്തേ തന്നെ ഖാദിയാനിൽ എത്തിയിരുന്നു. പിന്നീടുള്ള ജീവിതം അദ്ദേഹം ഖാദിയാനിലാണ് കഴിച്ചു കൂട്ടിയത്. ഖാദിയാനിൽ തന്നെ നിൽക്കുന്നതിനായി അദ്ദേഹം ചെറിയ ചെറിയ ജോലികൾ പോലും ചെയ്തിരുന്നു.

### വഫാത്ത്


അദ്ദേഹം ആരംഭകാല മൂസികളിൽ പെട്ട വ്യക്തിയായിരുന്നു. 1936 ജൂലൈ 17 ന് അദ്ദേഹം വഫാത്തായി. അദ്ദേഹത്തെ ബഹിശ്തി മഖ്ബറ ഖാദിയാനിലാണ് അടക്കം ചെയ്തിട്ടുള്ളത്. അദ്ദേഹത്തിന് നാല് ആൺകുട്ടികളും അഞ്ച് പെൺകുട്ടികളുമാണുണ്ടായിരുന്നത്.

### അദ്ദേഹത്തിന്റെ പവിത്രത

ഹദ്റത് ശേഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി(റ) അദ്ദേഹത്തെ സംബന്ധിച്ച് പറയുന്നു, ഹദ്റത് സയ്യദ് അസീസുർ റഹ്മാൻ സാഹിബ് കപ്പൂർത്തല മഹാരാജാവിന്റെ പ്രധാന വിശ്വസ്തരിൽ പെട്ട വ്യക്തിയായിരുന്നു. ഭരണത്തിൽ ഇടപെട്ടിരുന്നില്ല. അദ്ദേഹത്തിന്റെ നന്മയെയും വിശ്വസ്തതയെയും സംബന്ധിച്ച് എല്ലാവർക്കും നല്ല മതിപ്പായിരുന്നു. മഹാരാജാവിന്റെ ഇടനാഴികളിൽ വളരെ നിസാരനായ വ്യക്തിയായിരുന്നു. പലപ്പോഴും വലിയ വലിയ പരീക്ഷണങ്ങളിലൂടെ കടന്നു പോകേണ്ടി വന്നിട്ടുണ്ട്. എന്നാൽ അദ്ദേഹം ഹദ്റത് യൂസുഫ് (അ) നെ പോലെ പതിവ്രതനായിരുന്നു എന്ന് പറയുന്നതിൽ യാതൊരു അതിശയോക്തിയുമില്ല.

(അവ: അന്നൂർ, അമേരിക്ക)

**(സമ്പാ: അബൂ അബ്ദുൽ ബാരി)**



## വിജ്ഞാനവേദി

ഹ:ഖലീഫത്തുൽ മസീഹ് റാബിഅ്

## മനുഷ്യർക്ക് പ്രവാചകരുടെ സഹായം ആവശ്യമാണോ?

മുസ്‌ലിംകൾക്കിടയിൽ ജനിക്കുന്ന പ്രവാചകനെ ക്രിസ്ത്യാനികൾ മതം മാറി സ്വീകരിക്കേണ്ടതുണ്ടോ? ഇതുപോലെ തന്നെ ഹിന്ദുക്കൾക്കിടയിലും മറ്റു മതങ്ങൾക്കിടയിലും ചോദ്യം ഉയരാം.

തന്റെ ജീവിതശൈലിയും ജനിച്ച മതം പോലും മാറ്റേണ്ട വിധത്തിൽ ഒരുവനെ എന്തിനീ പ്രയാസത്തിൽ അകപ്പെടുത്തണം? മറ്റു പ്രവാചകരെ സ്വീകരിക്കുന്നതിൽ നിന്നും തടസ്സമായി നിൽക്കുന്ന പ്രാഥമിക കാര്യമിതാണ്. എന്നാൽ പ്രവാചകത്വത്തെക്കുറിച്ച് വിശുദ്ധഖുർആന്റെ വിവരണം ഉൾക്കൊണ്ടാൽ ഈ സമസ്യ താനെ ഇല്ലാതാകും

വിശുദ്ധഖുർആൻ പ്രകാരം അല്ലാഹു തന്റെ ഭാഷണത്തിനായി തിരഞ്ഞെടുക്കുന്ന വ്യക്തിയിലൂടെ അവൻ സ്വയം പ്രകടമാക്കുന്നു. തന്റെ നിയോഗോദ്ദേശ്യത്തിനായി അനുയോജ്യരായവരെ മാത്രമേ അവൻ പ്രവാചകരായി എഴുന്നേൽപ്പിക്കാറുള്ളൂ. ഇതാണ് ഖുർആനിക പ്രവാചകത്വം.

ഉദാഹരണമായി, ഒരു സമൂഹത്തിൽ ഭൂരിഭാഗവും സത്യത്തിൽ അടിയുറച്ചവരല്ലെന്നും അവർ നേരിട്ട് കളവ് പറഞ്ഞില്ലെങ്കിലും കാര്യങ്ങൾ ഭാവനയിൽ കാണുകയും ഊതി വീർപ്പിക്കുകയും ചെയ്യുന്നവരാണെന്നും കരുതുക. ബോധപൂർവ്വമോ അല്ലാതെയോ ഇത്തരത്തിലു ള്ള പെരുമാറ്റ ദൂഷ്യമുള്ള ഒരാളെ അല്ലാഹു തിരഞ്ഞെടുത്താൽ എന്തായിരിക്കും ഫലം? ജനത്തിനു മുന്നിൽ അല്ലാഹു തെറ്റായ വിധത്തിൽ അവതരിപ്പിക്കപ്പെടില്ലേ? ലോലഹൃദയനും എതിർപ്പിനെ നേരിടാൻ സാധിക്കാത്തതുമായ പ്രകൃതക്കാരെ നിയോഗിച്ചാൽ ദൈവിക സന്ദേശം പാതി വഴിയിൽ നഷ്ടപ്പെട്ടു പോകുകയില്ലേ? അതിനാൽ അല്ലാഹു അതെല്ലാം പരിഗണിക്കേണ്ടിയിരിക്കുന്നു. മാനസികവും ഹൃദയപരവുമായ ഗുണങ്ങളാൽ തികച്ചും കഴിവുറ്റതായ ഒരു വ്യക്തിയെ മാത്രമേ പ്രവാചകത്വത്തിനായി അല്ലാഹു തിരഞ്ഞെടുക്കുന്നുള്ളൂ. ഇസ്‌ലാമിക തത്ത്വശാസ്ത്രപ്രകാരം ഈ രീതിയിലാണ് അല്ലാഹു ദൂതരെ തിരഞ്ഞെടുക്കുന്നത്.

*സമ്പാ: ഡോ. സി. സലാഹുദ്ദീൻ,കോഴിക്കോട്*

---

**വാഗ്ദത്ത മസീഹിന്റെ കത്തുകൾ**

സമ്പാ: ഇബ്നു അശ്റഫ്

## മരണത്തിനുള്ള അനുസരണ പ്രതിജ്ഞ ചെയ്യുക

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

മുഹിബ്ബീ മുശ്ഫിഖീ അഖ്വീം

السلام علیکم ورحمة الله وبرکاته

കത്ത് ലഭിച്ചു. താങ്കളുടെ കവിതകൾ അത്യധികം പരിപാവനവും ശ ഹൃദയത്തിൽ നിന്ന് പുറപ്പെട്ടവയുമാണെന്ന് മനസ്സിലാകുന്നു. മാതൃ ഷയിലുള്ള കവിതയെ പോലെയാണ് അതിന്റെ ഗാംഭീര്യം. ഇത് ദൈ ദത്തമായ കാര്യമാണ്. അല്ലാഹു താങ്കൾക്ക് സ്വന്തം സ്നേഹം നര ട്ടെ. ലോകം നശ്വരമാകുന്നു. ഭൗതീകതയോടുള്ള അനുരക്തിയും ന രമാകുന്നു. ആകാശത്ത് തൂണുകളൊന്നുമില്ലാതെയാണ് നക്ഷത്രങ്ങ ദൃശ്യമാകുന്നത്. അവ അല്ലാഹുവിന്റെ കല്പനയാൽ നിലനിൽക്കുക ണ്. കല്പനയെ പൂർത്തിയാക്കുന്നതിനായി താങ്ങില്ലാതെ വീണു കാതെ നിലയുറപ്പിച്ചിരിക്കുകയാണ്. അതേപോലെ വിശ്വാസികളും കല നയെ അനുസരിക്കുന്നവരാണ്. അല്ലാഹുവിന്റെ അനുസരണത്ത വീണുപോകാതെ നിലനിൽക്കുന്നു. ഭൗതീക ശാരീരികേഛകളെ വി സി ഉപേക്ഷിക്കുന്നത് അൽഭുതകരമായ വസ്തുതയാണ്. അല്ലാഹു വി സിയിൽ സംജാതമാക്കുന്ന പരിവർത്തനം അവന് ശക്തി പ്രദാനം ചെ ന്നു. അല്ലായിരുന്നുവെങ്കിൽ ഓരോരുത്തരും തന്നെ നശ്വരമായ ആ ത്തെ ഇഛിക്കുന്നവരും പൈശാചിക ചിന്തകളാൽ കീഴടക്കപ്പെട്ടവ ആയിത്തീരുന്നു. വിശ്വാസിക്ക് മേൽ പിശാചിന് വിജയം സാധ്യമ കാരണം അവൻ അല്ലാഹുവിനോട് മരണത്തിന്റെ അനുസരണ പ്രതിജ്ഞ ചെയ്തിരിക്കുന്നു. മരണത്തിന്റെ അനുസരണപ്രതിജ്ഞ ചെയ്തവന് ത്രമേ പിശാചിന് മേൽ വിജയം കൈവരിക്കാൻ സാധ്യമാകുകയുള താങ്കളുടെ കവിതകളിൽ ആർദ്രതയുള്ളതു പോലെ അല്ലാഹു ത ളുടെ ഹൃദയത്തിലും അത്തരത്തിലുള്ള സത്യസന്ധമായ ആർദ്ര സംജാതമാക്കട്ടെ. നബി തിരുമേനി (സ) യുടെ കാലഘട്ടത്തിൽ വി സിയല്ലാത്ത ഒരു കവിയുണ്ടായിരുന്നു. എന്നാൽ അയാളുടെ കവിതക ഏകദൈവ വിശ്വാത്തിലും യുക്തി ഭദ്രതയിലും അധിഷ്ഠിതമായിരു ഒരിക്കൽ നബി (സ) അയാളുടെ പരിശുദ്ധമായ കവിതകൾ കേൾ യുണ്ടായി. വളരെയാധികം സന്തോഷം പ്രകടിപ്പിച്ചു കൊണ്ട് നബി ( പറഞ്ഞു, **'ആമന ശ്അ്റുഹു വ കഫറ നഫ്സുഹു'** അതായത് അ ളുടെ കവിത വിശ്വാസിയായി, മനസ് നിഷേധിയായി. അല്ലാഹു ത ളുടെ കവിതയെയും ഹൃദയത്തെയും ഒരേ പ്രകാശം കൊണ്ട് പ്രകാ തമാക്കട്ടെ. ഈ കവിതകൾ സ്വരുക്കൂട്ടുന്നത് ഉചിതമായിരിക്കും. കാര മനോഹരമായതും സ്വരുക്കൂട്ടാനർഹമായതുമാണ്. എനിക്ക് തിര കാരണം ഒഴിവില്ല. അല്ലായിരുന്നുവെങ്കിൽ ഞാൻ സ്വരുക്കൂട്ടിയേനെ. ല യാനയിൽ നിന്ന് ഖാദിയാനിൽ എത്തിയിട്ട് മൂന്ന് ദിവസമായി. മൗല നൂറുദ്ദീൻ സാഹിബിനെ കുറിച്ച് ഒരു വിവരവുമില്ല. എപ്പോഴും ക്ഷേ വിവരങ്ങൾ അറിയിച്ചു കൊണ്ടിരുന്നാലും. ദുആയിൽ വളരെയധി വ്യാപൃതനാകുക. കാരണം എല്ലാ സമാധാനവും സംതൃപ്തിയും ദൈ സ്മരണയിലാകുന്നു.

13 നവംബർ 1889

വസ്സലാം


വിനീതൻ

ഗുലാം അഹ്മദ് അഫീ അൻഹു

# അധികമായിക്കൊണ്ട് ത്യാഗങ്ങൾ ചെയ്യുക

## ഖാദിംകളോട്

**ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ)**



നിങ്ങൾ അഹ്മദികൾ ആയിരിക്കുന്നത് ഒരാൾ മറ്റൊരാളെക്കാൾ അധികമായി ക്കൊണ്ട് ത്യാഗങ്ങൾ ചെയ്യുന്നതിന് വേണ്ടിയാണ്.

അല്ലാഹു ഏറ്റവും അധികം ആത്മാർത്ഥതയുള്ളവനാണ്. ആരാണോ അവനോട് ആത്മാർത്ഥത പ്രകടിപ്പിക്കുന്നത് അവരോട് അവൻ ആത്മാർത്ഥത കാണിക്കുന്നതാണ്. നിങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാകാൻ ആഗ്രഹിക്കുന്നുണ്ട് എങ്കിൽ നിങ്ങൾക്കുള്ളിൽ ഒരു മാറ്റം ഉണ്ടാക്കിയെടുക്കുക. നിങ്ങൾ ഒരു കയ്യിൽ ഒത്തൊരുമിച്ച് കൂട്ടപെട്ടിരിക്കുന്നത് സത്കാരങ്ങൾ നടത്തുന്നതിനും സുഖലോലുപതയിൽ മുഴുകുന്നതിനും വേണ്ടിയല്ല മറിച്ച് നിങ്ങൾ മുന്നോട്ട് വന്നിരിക്കുന്നത് ഇസ്‌ലാമിനു വേണ്ടി ത്യാഗങ്ങൾ സമർപ്പിക്കുന്നതിനാണ്. അങ്ങനെ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്ന ഏക ലക്ഷ്യത്തെ കരസ്ഥമാക്കുന്നതിനാണ്. നിങ്ങൾ ഈ പ്രസ്ഥാനത്തിൽ പ്രവേശിച്ചിരിക്കുന്നത് തീൻമേശയിൽ ഇരുന്നുകൊണ്ട് ആഹരിക്കുന്നതിനല്ല, മറിച്ച് ഒരാൾ മറ്റൊരാളേക്കാൾ അധികമായിക്കൊണ്ട് ത്യാഗങ്ങൾ സമർപ്പിക്കുന്നതിന് വേണ്ടിയാണ്. അങ്ങനെ ഇസ്‌ലാമിക വാഴ്ചയെ അതിനവീനമായ രീതിയിൽ മുഴുവൻ ലോകത്തും സ്ഥാപിക്കുന്നതിന് വേണ്ടിയാണ്. നിങ്ങളുടെ ഈ വാഗ്ദാനത്തെ എപ്പോഴും മുന്നിൽ കാണുക. നിങ്ങളുടെ വാഗ്ദാനം പൂർത്തീകരിച്ചുകൊണ്ട് മുന്നേറുകയാണെങ്കിൽ ലോകത്തെ ഒരു ശക്തിക്കും മറിച്ച് ലോകത്തിലെ എല്ലാ ശക്തികളും ഒത്തൊരുമിച്ചുകൊണ്ട് പോലും നിങ്ങളുടെ മാർഗ്ഗത്തിൽ തടസ്സം സൃഷ്ടിക്കുവാൻ സാധ്യമല്ല. നിങ്ങൾ അല്ലാഹുവിന്റെതായിത്തീർന്നു കഴിഞ്ഞാൽ അല്ലാഹു നിങ്ങളുടെ വിജയത്തിനു വേണ്ടി സാധന സാമഗ്രികൾ ഒരുക്കുന്നതാണ്. നിങ്ങൾക്ക് വിജയത്തിന്റെ മാർഗ്ഗങ്ങൾ തുറന്ന് തരുന്നതാണ്.

### ഇത് പ്രവർത്തിക്കേണ്ട കാലമാണ്

സംസാരത്തിന്റെ കാലം കഴിഞ്ഞിരിക്കുന്നു. ഇത് സംസാരിക്കേണ്ട കാലമല്ല പ്രവർത്തിക്കേണ്ട കാലമാണ്. നിങ്ങളുടെ വലിയ വലിയ വാഗ്ദാനങ്ങൾക്ക് ശേഷം നിങ്ങളുടെ എത്ര തുള്ളി ചോരകൾ അവന്റെ മുമ്പിൽ സമർപ്പിച്ചു എന്ന് അവൻ കാണാൻ ആഗ്രഹിക്കുന്നു. ഭൗതിക രാജാക്കന്മാർ പവിഴങ്ങളുടെയും രത്നങ്ങളുടെയും ഉപഹാരങ്ങൾ സ്വീകരിക്കുന്നതാണ്. എന്നാൽ ആകാശത്തിന്റെയും ഭൂമിയുടെയും അഖിലവും രാജാക്കന്മാരുടെ രാജാവും ആയവൻ നിങ്ങൾ എത്ര തുള്ളി രക്തങ്ങൾ അവനു വേണ്ടി സമർപ്പിച്ചിട്ടുള്ളത് എന്നാണ് നോക്കുന്നത്. നമ്മുടെ ദൈവീക സന്നിധിയിൽ പവിഴങ്ങൾക്കും രത്നങ്ങൾക്കും പകരമായി ഹൃദയ രക്തത്തിന്റെ തുള്ളികളാണ് സ്വീകരിക്കുന്നത്. ലോക സമുദായങ്ങൾ ഇഹലോക ജീവിതത്തെയാണ് തങ്ങളുടെ ലക്ഷ്യമാക്കി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ അല്ലാഹുവിന്റെ യഥാർത്ഥ അടിയാറുകൾ തങ്ങളുടെ യഥാർത്ഥവും ഒരിക്കലും മായാത്തതുമായ ജീവിതം പരലോകത്ത് ആരംഭിക്കും എന്ന് ഉറച്ച് വിശ്വസിക്കുന്നു. അത് കൊണ്ട് അവർ മരണത്തെ ഭയപ്പെടുന്നില്ല.

### ബാഹ്യമായ അശുദ്ധിയേക്കാൾ ആത്മീയ അശുദ്ധി അപകടകാരിയാണ്

നമ്മുടെ സന്തോഷവും നമ്മുടെ സംതൃപ്തിയും നമ്മൾ അല്ലാഹുവിന്റെതായിത്തീരുക എന്നതിലാണ് ഉള്ളത്. അവനുവേണ്ടി നമ്മുടെ ജീവിതം കഴിച്ച് കൂട്ടുക. തീർച്ചയായും നിങ്ങളുടെ ജോലി തെരുവു വീഥികളും ചട്ടങ്ങളും വൃത്തിയാക്കുക എന്നുള്ളതും കൂടിയാണ്. ആളുകളുടെ സൗഖ്യത്തിന് ഹേതുവായിത്തീരുക. എന്നാൽ ഈ ബാഹ്യമായ അശുദ്ധിയേക്കാൾ ആത്മീയമായ അശുദ്ധി കൂടുതൽ അപകട കാരിയാണ്. യൂറോപ്യൻ നിവാസികൾ ബാഹ്യമായ ശുദ്ധിക്ക് ഒരുപാട് പ്രാധാന്യം നൽകിയിരിക്കുന്നു. അത്പോലെ ശാരീരിക പരിശുദ്ധിയുള്ള ഒരുപാട് മാർഗ്ഗങ്ങൾ അവലംബിച്ചിരിക്കുന്നു. എന്നാൽ ആത്മീയ ശുദ്ധിക്ക് അനിവാര്യമായ ചികിത്സ അവരുടെ പക്കലില്ല. ശാരീരിക അശുദ്ധി മൂലം ശരീരം മരിക്കുന്നതാണ്. എന്നാൽ ആത്മീയ അശുദ്ധി ആത്മാവിന്റെ .......... ന് കാരണമായിത്തീരുന്നു. ഇത് ഒരിക്കലും സഹിക്കാവുന്നതല്ല കാരണം ശാരീരിക അശുദ്ധിയുടെ പ്രത്യാഘാതങ്ങൾ ആത്മീയ അശുദ്ധിക്ക് എതിരിൽ വളരെ പരിമിതമാണ്. നിങ്ങൾ തീർച്ചയായും ബാഹ്യമായ വൃത്തിയേയും സൂക്ഷിക്കുക എന്നാൽ അതിൽ അധികമായി കൊണ്ട് നിങ്ങൾക്ക് ചിന്ത ഉണ്ടായിരിക്കേണ്ടത് ആത്മീയ കളങ്കത്തെ അകറ്റുന്നതിലേക്കാണ്. ഈ ആത്മീയ മാലിന്യത്തെ ദൂരീകരിക്കുന്നതിനായി പരിശ്രമിക്കുക. അങ്ങനെ ത്യാഗത്തിന്റെ നിലവാരത്തെ ഒരു പാട് ഉയർത്തുക.

മറ്റ് മുസ്‌ലിം ലോകം .......... ഇസ്‌ലാമിനെ പ്രചരിപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ടെങ്കിൽ അവർ നിങ്ങളുടെ അത്ര കുറ്റക്കാർ ആവുകയില്ല. എന്തെന്നാൽ നിങ്ങളുടെ വാദം നിങ്ങൾ അഹ്മദിയ്യത്തിന്റെ സേവകർ ആണ് എന്നും ഞങ്ങളിലൂടെ മുഴുവൻ ലോകത്തും ഇസ്‌ലാം വിജയിക്കും എന്നതുമാണ്. അല്ലാഹുവിന്റെ ജോലി തീർച്ചയായും നടക്കുന്നത് തന്നെയാണ്. എന്നാൽ നിങ്ങളുടെ കടമകൾ ചെയ്യാതിരുന്നാൽ നിങ്ങൾ പിന്നീട് ഒരിക്കലും അല്ലാഹുവിന്റെ സന്നിധിയിൽ സത്യസന്ധരായ സേവകരായി കൊണ്ട് നിങ്ങളെ സമർപ്പിക്കുവാൻ സാധ്യമല്ല. കാരണം നിങ്ങളുടെ പ്രവർത്തനങ്ങൾ നിങ്ങളുടെ വാദങ്ങളെ കളവാക്കി കാണിക്കുന്നതാണ്. ആകയാൽ നിങ്ങളുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കിയെടുക്കുക. ഈ മാറ്റം മുഴുവൻ ലോകവും അംഗീകരിക്കുന്ന രീതിയിൽ ഉള്ളതായിരിക്കുകയും വേണം. ഇപ്പോൾ ആവശ്യമായിട്ടുള്ളത് സംസാരം കുറയ്ക്കുകയും നിങ്ങളുടെ സംഘടനയെ കൂടുതൽ ദൃഢപ്പെടുത്തുകയുമാണ് വേണ്ടത്.

മശ്അലെ രാഹ് വാള്യം 1

സമ്പാ: ടി. അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ



# ഇമാമുസമാന്റെ ഫത്‌വകൾ

## യാത്ര ചെയ്തുകൊണ്ട് കച്ചവടം ചെയ്യുന്നവരുടെ നമസ്കാരം

ഒരാൾ ചോദിച്ചു: ഞാനും എന്റെ സഹോദരനും അത്തർ വിൽപനയുമായി പല സ്ഥലങ്ങളിലും യാത്ര ചെയ്യേണ്ടി വരുന്നു. അത്തരം സന്ദർഭത്തിൽ ഞങ്ങൾ രണ്ട് റക്അത്ത് നമസ്കരിച്ചാൽ മതിയോ, അല്ലെങ്കിൽ പൂർണ്ണമായും നമസ്കരിക്കണമോ?

ഹദ്റത്ത് മസീഹ് മൗഊദ് (അ) മറുപടിയായി പറഞ്ഞു. ഒരാൾക്ക് അത്യാവ ശ്യത്തിനായി ഇടക്കിടക്ക് പോകേണ്ടി വരുന്ന ഒന്നിനെയാണ് യാത്ര എന്നു പറയുന്നത്. അല്ലാതെ ഇന്ന് ഇവിടെയാണെങ്കിൽ നാളെ മറ്റൊരു സ്ഥലത്ത് എന്ന പ്രകാരം ചുറ്റി കറങ്ങി കൊണ്ടിരിക്കുന്ന ജോലിയാണെങ്കിൽ അങ്ങനെയുള്ളവർ തങ്ങളെ യാത്രക്കാരിൽ ഉൾപെടുത്തിക്കൊണ്ട് മുഴുവൻ ജീവിതവും നമസ്കാരം ഖസറ് ചെയ്യുകയാണെങ്കിൽ അത് തഖ്‌വക്ക് എതിരാണ്.

(ബദർ പത്രം. 28-മാർച്ച്-1907.പേജ്-4)

### ഉദ്യോഗസ്ഥൻമാരുടെ പര്യടനം യാത്രയല്ല

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: ഉദ്യോഗസ്ഥൻമാരുടെ പര്യടനം എന്നു പറയുന്നത് ഒരാൾ തന്റെ തോട്ടത്തിൽ നടക്കുന്നതുപോലെയാണ്. അനാവശ്യമായി ഖസർ ചെയ്യേണ്ടതില്ല. ഒരാൾ പര്യടനം കാരണമായി ഖസർ ചെയ്ത് നമസ്കരിക്കുകയാണെങ്കിൽ പിന്നെ ഇത് ശാശ്വതമായ ഖസർ ആയി തീരും.

### ഖിബലയെ ബഹുമാനിക്കൽ

ചോദ്യം:ഖിബലക്ക് അഭിമുഖമായി കാൽ വെച്ച് കൊണ്ട് ഉറങ്ങാൻ പാടുണ്ടോ?

ഹദ്റത്ത് മസീഹ് മൗഊദ് (അ) മറുപടിയായി പറഞ്ഞു. ഇത് അനുവദനീയമല്ല. കാരണം ഇത് ആദരിക്കുകയെന്നതിനു വിരുദ്ധമാണ്. ചോദ്യകർത്താവ് വീണ്ടും പറഞ്ഞു. ഹദീസുകളിൽ ഇതിനു നിഷേ ല്ലല്ലോ? ഹദ്റത്ത് മസീഹ് മൗഊദ് പറഞ്ഞു. ഇതൊരു തെളിവല്ല. കാരണ രാൾ ഹദീസുകളിൽ സൂചനയൊന്ന യെന്നു പറഞ്ഞു കൊണ്ട് ഖുർആന്റെ ളിൽ കയറി നിൽക്കുകയാണെങ്കിൽ അനുവദനീയമാകുമോ? ഒരിക്കലുമില്ല **വമൻ യുഅസ്സിമു ശആയിറുല്ലാഹ ഇന്നഹാ തഖ്‌വൽ ഖുലൂബ്.**

(ബദർ, 24- ജൂലൈ -1904, പേജ്-

### മനുഷ്യന് നമസ്കാരത്തിന്റെ ആവ

ഹദ്റത്ത് മസീഹ് മൗഊദ് (അ) ടിയായി പറഞ്ഞു:

മനുഷ്യൻ ദാസനായികൊണ്ട് അശ്രദ്ധ ണിക്കുമ്പോൾ അല്ലാഹു നിരാശ്രയ ന്നു. ഏതുവരെ ഒരു സമുദായത്തിൽ ഹുവിലുള്ള ശ്രദ്ധ നിലനിൽക്കുന്ന അത് വരെ ആ സമുദായം നിലനിൽക്ക വിശ്വാസത്തിന്റെ താഴ്‌വേര് തന്നെ നമ രമാകുന്നു. അല്ലാഹുവിനു നമസ്കാ ന്റെ ആവശ്യമെന്താണെന്ന് ചില വിഡ ചോദിക്കുന്നുണ്ട്. അല്ലയോ വിഡ്ഢി അല്ലാഹുവിനു ആവശ്യമില്ല. എ നിങ്ങൾക്ക് ആവശ്യമുണ്ട്. അത് അ നിങ്ങളിലേക്ക് ശ്രദ്ധ തിരിക്കുന്നതി അല്ലാഹുവിന്റെ ശ്രദ്ധ കൊണ്ട് കു മറിഞ്ഞ പ്രവർത്തികൾ എല്ലാം ശരി തീരുന്നു. നമസ്കാരം ആയിരകണ ള്ള തെറ്റുകളെ അകറ്റികളയുന്നു.

(ഫത്താവാ അഹ്മദിയ്യ)

വിവ:മുഹമ്മദ് നജീബ് ഖാൻ,വാഴക്ക

---

# ശ്രേഷ്ഠ നബി

**ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ)**

ലോകത്ത് ധാരാളം പ്രവാചകന്മാർ തങ്ങളോടൊപ്പം അദ്ഭുതകരങ്ങളായ അടയാളങ്ങളും കൊണ്ടു വന്നിട്ടുണ്ട്. അവരിൽ ചിലരെ സംബന്ധിച്ച് വിശുദ്ധഖുർആനിൽ പരാമർശമുണ്ട്, ചിലരെ സംബന്ധിച്ച് പരാമർശമില്ല. എന്നാൽ ആ ഔദാര്യവാന്മാർക്കും മാർഗദർശകർക്കും വേണ്ടി ആരും തന്നെ പ്രാർത്ഥിക്കുന്നില്ല. മറിച്ച്, അവരെ ആരാധ്യരായി കണക്കാക്കികൊണ്ട് ദുആക്കർഹരായി പ്പോലും ധരിക്കുന്നില്ല. രാത്രിയുടെയും പകലിന്റെയും ഒരു ഭാഗം പോലും വിശ്വാസികളുടെ ഒരു സംഘം ഹൃദയ വേദനയോടു കൂടി *അല്ലാഹുമ്മ സല്ലി അലാ മുഹമ്മദ്* എന്ന് ഉരുവിടാത്തതായിട്ടില്ല എന്ന സൗഭാഗ്യം കേവലം നമ്മുടെ നബി തിരുമേനിക്ക് മാത്രമേ ലഭിച്ചിട്ടുള്ളു. ഭൂമി ഉരുണ്ടതാണ്. അതിനാൽ മഗ്‌രിബും ഇശായും ളുഹറും അസറും മാറിമാറി ദിവസത്തിന്റെ ഏതെങ്കിലും ഭാഗത്ത് ലോകത്തിന്റെ ഏതെങ്കിലും കോണിൽ വന്നു കൊണ്ടിരിക്കുന്നു. അന്നേരങ്ങളിൽ മുസ്‌ലിംകൾ സത്യഹൃദയത്തോടെ തങ്ങളുടെ സത്യവാനായ മാർഗദർശിക്ക് പ്രത്യേക അനുഗ്രഹങ്ങൾ വർഷിക്കാനായി ദുആ ചെയ്തു കൊണ്ടിരിക്കുന്നു. അക്കാരണത്താൽ അല്ലാഹു നബി (സ) യുടെ പദവികളെ ഓരോ നിമിഷവും ഉയർത്തി കൊണ്ടിരിക്കുന്നു. ആ മഹാത്മാവിന് ലഭിച്ച ഗ്രന്ഥം എത്തരത്തിൽ സുരക്ഷിതമാണെന്ന് നോക്കുക. ആ മഹാത്മാവിന്റെ ദീൻ എത്തരത്തിൽ സുരക്ഷിതമാണെന്ന് നോക്കുക. ഓരോ നൂറ്റാണ്ടിന്റെയും തലയ്ക്കൽ അല്ലാഹു മുസ്‌ലിം സമുദായത്തെ നേർമാർഗത്തിലേക്ക് ക്കുന്നവരെ അയച്ചു കൊണ്ടിരിക്ക നിങ്ങൾ ആത്മാർഥ ഭയഭക്തിയുള്ളവ ത്തീരുന്നതിനായി. ഇസ്‌ലാം ഈ ലോ നിന്ന് അപ്രത്യക്ഷമാകുമെന്ന ഭയം ക്കില്ല. കാരണം ഈ ദീനിനെ അയ 'സലാം' ആകുന്നു. ദജ്ജാലിന്റെ കുഴ ളിൽ നിന്ന് മക്ക ദാറുസ്സലാം ആക മദീന ദാറുസ്സലാം ആകുന്നു. നബി (സ സംബന്ധിച്ച് *യഅ്സിമുക്ക മിനന്ന* എന്ന പ്രഖ്യാപനവും ഉണ്ടായിട്ടുണ്ട്. ദീനിന്റെ പര്യവസാനവും ദാറുസ്സലാം ന്നു. അതിനാൽ ഇസ്‌ലാം എല്ലാ നിലയ സുരക്ഷിതമായിരിക്കും. നമ്മിൽ നിന്ന് മറ്റാരിലേക്കെങ്കിലും പോകുമോ എന്ന മാണ് ഉള്ളത്.

(പെരുന്നാൾ ഖുത്ബ, 15



**Meeting with Huzur**

# ഇന്തോനേഷ്യൻ ദേശീയ മജ്‌ലിസെ ആമിലയുമായി ഹുസൂർ തിരുമനസ്സിന്റെ കൂടിക്കാഴ്ച

മൂസിമാരുടെ അംഗസംഖ്യയുടെ കണക്ക് അവതരിപ്പിച്ച നാഷണൽ സെക്രട്ടറിയോട് ഹുസൂർ തിരുമനസ് പറഞ്ഞു, മൊത്തം ചന്ദ നൽകുന്നവരുടെ പകുതി ആളുകളെയെങ്കിലും മൂസിമാരാക്കുക. അഡീഷണൽ സെക്രട്ടറി വസായായെ നിയമിക്കുക. തൽഫലമായി പ്രവർത്തനത്തിൽ വേഗത ഉണ്ടാകുന്നതാണ്. വളരെ സുഗമമായി അൻപത് ശതമാനം എന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കുന്നതുമാണ്.

**സെക്രട്ടറി മാലിനോട്** ഹുസൂർ തിരുമനസ് പറഞ്ഞു, നിങ്ങളുടെ ചന്ദയുടെ നിലവാരം ഇനിയും വളരെ വർദ്ധിപ്പിക്കാവുന്നതാണ്. ചന്ദയുടെ നിലവാരവും വർദ്ധിപ്പിക്കുക, ചന്ദ നൽകുന്നവരുടെ അംഗസ്ഖ്യയിലും വർദ്ധനവ് ഉണ്ടാക്കുക.

**അഡീഷണൽ സെക്രട്ടറി വഖ്ഫെ ജദീദ് ബരായെ നൗമുബായിഈൻ** ഓരോ നവ അഹ്മദിയുമായും ബന്ധം സ്ഥാപിക്കേണ്ടതാണ്. എല്ലാ ജമാഅത്തിലെയും ഈ സെക്രട്ടറിമാർ ബന്ധങ്ങൾ സ്ഥാപിക്കുക. ഇക്കാലത്ത് ഫോൺ സൗകര്യമുണ്ട്, ഫാക്സ് സൗകര്യം ഉണ്ട്, മറ്റ് മാധ്യമങ്ങളുണ്ട്. അതുമുഖാന്തിരം വളരെ സുഗമമായ നിലയിൽ ബന്ധങ്ങൾ സ്ഥാപിക്കാൻ സ്ഥാപിക്കുന്നതാണ്. അവരുമായി സ്ഥിരമായ ബന്ധം സ്ഥാപിക്കുക. അവർക്ക് ശിക്ഷണം നൽകുക. എതിർപ്പുണ്ടാകുമ്പോൾ അവർ പരിഭ്രമിക്കുന്നു. വ്യവസ്ഥാപിതമായ ഖളാ സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്.

**സെക്രട്ടറി ഇശാഅത്തിനോട്** ഹുസൂർ തിരുമനസ് പറഞ്ഞു, ഹഖീഖത്തുൽ വഹ്‌യ് എന്ന ഗ്രന്ഥത്തെ പരിഭാഷപ്പെടുത്തുക. കാരണം ഈ ഗ്രന്ഥം എല്ലാ സത്യസാക്ഷ്യ ങ്ങളും ഉൾക്കൊള്ളുന്നു. ധാരാളം തെറ്റിദ്ധാരണകൾ അകറ്റുന്നതാണ്. ഈ ഗ്രന്ഥത്തിൽ ധാരാളം പ്രവചനങ്ങളും ഉണ്ട്.

ഓരോ അഹ്മദിയും ഈ ഗ്രന്ഥം വായിച്ചിരിക്കേണ്ടതാണ്. ഈ ഗ്രന്ഥത്തെ സംബന്ധിച്ച് ഹദ്റത് മസീഹ് മൗഊദ് (അ) പറഞ്ഞത്, ഈ ഗ്രന്ഥം വായിക്കുന്ന എല്ലാ അഹ്മദികൾക്കും മുഴുവൻ ചോദ്യങ്ങൾക്കും ഉത്തരം നൽകാൻ സാധിക്കുന്നതാണ്. അതിനെ ആവർത്തിച്ചാവർത്തിച്ച് വായിക്കുക. ഇതിന്റെ പരിഭാഷ വേഗത്തിലാക്കുന്നതിനായി തർജുമ കമ്മിറ്റിയോട് പറയുക.

Essence of Islam എന്ന ഗ്രന്ഥത്തിന്റെ ഭാഷാന്തരത്തെ സംബന്ധിച്ച് പറഞ്ഞു, ഇംഗ്ലീഷ് ഭാഷ നന്നായി കൈകാര്യം ചെയ്യാൻ സാധിക്കുന്ന യുവാക്കളെ കൊണ്ട് ഇതിനെ പരിഭാഷപ്പെടുത്തുക. അവരോടൊപ്പം മുബല്ലിഗിനെയും വെക്കുക.അവർ ഒന്നിച്ച് ചേർന്ന് പരിഭാഷപ്പെടുത്തട്ടെ. വൃദ്ധരുടെയും മുതിർന്നവരുടെയും അനുഭവങ്ങളെയും മാർഗനിർദേശങ്ങളെയും തീർച്ചയായും പ്രയോജനപ്പെടുത്തേണ്ടതാണ്. എന്നാൽ അവരെ വിരമിക്കാൻ അനുവദിക്കുകയും നവാഗതകർ ആ ഒഴിവ് നികത്തുകയും ചെ യ്യുക. അമേരിക്കയിലും കാനഡയിലുമെല്ലാം പരിഭാഷ നിർവഹിക്കുന്നതിനായി യുവാക്കളുടെ സംഘത്തെ തന്നെ തയ്യാറാക്കിയിരിക്കുകയാണ്. ഇനി വളരെ ധൃതഗതിയിൽ പ്രവർത്തിക്കേണ്ടതുണ്ട്. അതിനാൽ യുവാക്കളെ എടുക്കുക. അവരുടെ സംഘങ്ങൾ തയ്യാറാക്കുക.

ലജ്നകളിൽ നിന്ന് തിരഞ്ഞെടുത്തവരെയും പരിഭാഷക്കായി നിയമിക്കുക. ലജ്ന നല്ലപോലെ പരിഭാഷ ചെയ്യാറുണ്ട്.

ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങളുടെ പരീക്ഷ എടുക്കുന്നതിനായി സെക്രട്ടറി തഅ്‌ലീമിനോട് നിർദേശിച്ചു.

**സദ്ർ ഖുദ്ദാമുൽ അഹ്മദിയ്യ** ഇസ്‌ലാം മത തത്ത്വജ്ഞാനം എന്ന ഗ്രന്ഥത്തിന്റെ പരീക്ഷയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് പറഞ്ഞപ്പോൾ ഹുസൂർ തിരുമനസ് പറഞ്ഞു, ഒറ്റ തവണ മുഴുവൻ ഗ്രന്ഥവും ഉൾപ്പെടുത്തുക സാധ്യമല്ല. ഈ ഗ്രന്ഥത്തെ മൂന്ന് ഭാഗങ്ങളായി വിഭജിച്ച് വർഷത്തിൽ മൂന്ന് പരീക്ഷ എടുക്കുക. അതിന് സമ്മാനവും ഏർപ്പെടുത്തുക.

world crises and the pathway to peace എന്ന ഗ്രന്ഥത്തിന്റെ പരിഭാഷ വിദ്യാസമ്പന്നർക്കും രാഷ്ട്രീയക്കാർക്കും നൽകുക.

**സെക്രട്ടറി തഅ്‌ലീമിനോട്** പറഞ്ഞു, യൂണിവേഴ്സിറ്റികളിലും കോളേജുകളിലും സ്കൂളുകളിലും പഠിക്കുന്ന വിദ്യാർഥിളുടെ റിക്കാർഡ് ഉണ്ടായിരിക്കേണ്ടതാണ്. കൂടെ കൂടെ അതിനെ update ചെയ്യേണ്ടതാണ്. വിദ്യാർഥികൾക്ക് അവാർഡ് നൽകുന്ന പദ്ധതി ആവിഷ്കരിക്കുക. വിദ്യാർഥികൾക്ക് അവരുടെ ഉന്നതവും അസാധാരാണവുമായ വിജയങ്ങൾക്ക് അവാർഡ് നൽകി അവരെ പ്രോൽസാഹിപ്പിക്കുക.

**സെക്രട്ടറി ഉമൂറെ ഖാരിജയോട്** പറഞ്ഞു, സർക്കാർ ഉദ്യോഗസ്ഥരുമായി നല്ല ബന്ധം സ്ഥാപിച്ചെടുക്കേണ്ടതാണ്. അതിനായി യുവാക്കളുടെ ഒരു സംഘത്തെ തയ്യാറാക്കുക.

**സെക്രട്ടറി തഅ്‌ലീമിനോട്** പറഞ്ഞു, പബ്ലിക്ക് സർവീസിലും രാഷ്ട്രീയത്തിലും പോകുന്നതിനായി വിദ്യാർഥികളെ പ്രേരിപ്പിക്കുക. ആർമി, നേവി, എയർ ഫോഴ്സ് തുടങ്ങിയ രാഷ്ട്രസേവനത്തിന്റെ എല്ലാ മേഖലകളിലും അഹ്മദി

⇨

നുറുങ്ങുക
ടി.എം

# നന്ദിയുള്ള ഭക്തൻ

മൗലാനാ റൂം (റഹ്) സത്യത്തെ മനസ്സിലാക്കി കൊടുക്കുന്നതിനായി പതിവായി ഏതെങ്കിലും ഉദാഹരണങ്ങൾ സമർപ്പിക്കുമായിരുന്നു എന്ന് മസ്നവിയിൽ രേഖപ്പെട്ടു കിടക്കുന്നു. അദ്ദേഹം പറയുന്നു, ഹദ്റത് ലുഖ്മാൻ ഒരാളുടെ സേവകനായിരുന്നു. അദ്ദേഹത്തിന്റെ ആത്മാർഥ സേവനം കാരണത്താൽ യജമാനൻ അദ്ദേഹത്തെ വളരെയധികം സ്നേഹിച്ചിരുന്നു. ഒരിക്കൽ അയാൾക്ക് ആരോ ഒരു തണ്ണിമത്തൻ നൽകി. അത് തണ്ണിമത്തന്റെ കാലമല്ലായിരുന്നു. അയാൾ വിചിത്രമായ വസ്തുവായി കരുതിക്കൊണ്ട് അതിന്റെ ഒരു കഷണം സ്നേഹത്തോടെ തന്റെ സേവകന് നൽകി. അദ്ദേഹം അത് വളരെ ആസ്വദിച്ച് ഭക്ഷിക്കാൻ തുടങ്ങി. എന്നാൽ ആ തണ്ണിമത്തൻ യഥാർഥത്തിൽ കയ്പുള്ളതായിരുന്നു. യജമാനൻ തന്റെ സേവകനെ തണ്ണിമത്തൻ ആസ്വദിച്ച് കഴിക്കുന്നത് കണ്ടപ്പോൾ ഒരു കഷണവും കൂടി നൽകി. അതും അദ്ദേഹം വളരെ ആസ്വദിച്ച് കഴിച്ചു. അത് കണ്ടപ്പോൾ അതിൽ നിന്ന് ഒരു കഷണം കഴിച്ചാൽ കൊള്ളാമെന്ന് യജമാനന് തോന്നി. കാരണം തന്റെ സേവകൻ വളരെ ആസ്വദിച്ചാണ് അത് കഴിക്കുന്നത്. അയാൾ അതിൽ നിന്ന് ഒരു കഷണം കടിച്ചപ്പോൾ അത് വളരെ കയ്പുള്ളതാണെന്ന് മനസ്സിലായി. ചോദിച്ചു, ഇതിന് ഭയങ്കര കയ്പാണല്ലോ? എന്നോട് എന്ത് കൊണ്ട് പറഞ്ഞില്ല? നിനക്ക് ഇഷ്ടപ്പെട്ടു എന്ന് തോന്നിയതു കൊണ്ടാണ് വീണ്ടും വീണ്ടും തന്നത്. ഹദ്റത് ലുഖ്മാൻ ...ഞ്ഞു, ഇത്രയും കാലം താങ്കളുടെ ക...ൽ നിന്ന് മധുരമുള്ളതും ആസ്വാദ്യ...മായവയതുമാണ് കഴിച്ചു കൊണ്ടിരു...ത്. ഇത്രയധികം മധുരമുള്ള വസ്...ക്കൾ ലഭിച്ച കയ്യിൽ നിന്ന് ഒരു ക...പുള്ള വസ്തു ലഭിച്ചപ്പോൾ മുഖം ച...ക്കുകയാണെങ്കിൽ ഞാൻ എത്ര വല...നന്ദിയില്ലാത്തവനായിപ്പോകും.

ചുരുക്കത്തിൽ നന്ദിയുള്ള ഭക്ത... ഇപ്രകാരം തന്നെയാണ് പറയു... അതായത് എന്നിൽ അല്ലാഹുവി... ആയിരക്കണക്കിന് ഔദാര്യങ്ങളു... ഒരു വിപത്ത് വന്നുഭവിച്ചാൽ എ... പ്രശ്നമാണ് ഉണ്ടാകുക? ഇതും ന... പ്രകടനത്തിന്റെ സ്ഥാനമാണ്.

(അൻവാറുൽ ഉലൂം...

---

കൾ ഉണ്ടായിരിക്കേണ്ടതാണ്. വിദ്യാർഥികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള കൗൺസിലിങ്ങ് സംഘം കൗൺസിലിങ്ങ് നടത്തി അവർക്ക് ഏത് മേഖലയാണ് സ്വീകരിക്കേണ്ടതെന്ന് തീരുമാനിക്കുക.

മുബല്ലിഗിന്റെ ഭാര്യ ജോലിക്കാരിയാണെങ്കിൽ മുബല്ലിഗിന്റെ സ്ഥലം മാറ്റം അവരെ ബാധിക്കുന്നതാണ് എന്ന് പറഞ്ഞപ്പോൾ ഹുസൂർ തിരുമനസ് പറഞ്ഞു, മുബല്ലിഗിന്റെ ഭാര്യ മുബല്ലിഗിനെ ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ സഹായിക്കേണ്ടതാണ്. ലജ്നകൾക്കും പെൺകുട്ടികൾക്കും ശിക്ഷണം നൽകുക. എന്നാൽ ജോലിയിൽ നിന്ന് തടയാൻ സാധിക്കില്ല.

പറഞ്ഞു, മാലീ നിസാം എന്ന ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് പരിഭാഷ പുറത്തിറങ്ങിക്കഴിഞ്ഞു, അതിനെ പരിഭാഷപ്പെടുത്തുക. എല്ലാ ചന്ദകളെ സംബന്ധിച്ചും അതിന്റെ തോതിനെ സംബന്ധിച്ചുമുള്ള വിശദവിവരങ്ങൾ നിങ്ങൾക്ക് ലഭ്യമാകുന്നതാണ്. വസിയ്യത്ത് പത്തിൽ ഒന്നിൽ നിന്ന് കുറയുന്നതല്ല. അതിനുള്ള അനുമതിയും നൽകുന്നല്ല. വരുമാനമില്ലാത്തവർ ഉദാഹരണമായി വീട്ടമ്മമാർക്ക് അവരുടെ നിത്യചെലിന് അനുഗുണമായ തോതനുസരിച്ച് വിവിധ രാഷ്ട്രങ്ങൾ ഒരു നിലവാരം നിശ്ചയിച്ചിട്ടുണ്ട്. നിങ്ങളും അത് നിശ്ചയിച്ചതിനു ശേഷം സ്വീകാര്യമായതാണോ എന്ന് അവലോകനം ചെയ്യുക.

മൂന്ന് അവസ്ഥകളാണുള്ളത്:

1. വരുമാനമുള്ളവർ തങ്ങളുടെ വരുമാനത്തിനനുസരിച്ച് വസിയ്യത്ത് ചെയ്യുന്നു.
2. വരുമാനമില്ലാത്തവരുടെ വസിയ്യത്ത് ഏറ്റവും കുറഞ്ഞ wages അനുസരിച്ചായിരിക്കില്ല. മറിച്ച് സ്വയം തങ്ങൾക്കായി നിത്യവും ചെലവഴിക്കുന്നതിനനുസരിച്ചായാരിക്കും.
3. വിദ്യാർഥികൾ അവരുടെ പോക്കറ്റ് മണിയിൽ നിന്ന് വസിയ്യത്ത് ചെയ്യുക.

❖

ശതാബ്ദം
1914 ജനുവരി
എസ്

◆ഹുസൂറിന്റെ അനുവാദത്തോടെ... സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് ഇസ്ലാമിന്റെ പ്രചരണത്തിനായി ദേശീയതല...ത്തിൽ ദഅ്വത്തെ ഇലൽ ഖയ്ർ ഫണ്ട്... എന്ന പദ്ധതിക്ക് രൂപം നൽകി.

◆അനാരോഗ്യം വക വെക്കാതെ... മൗലവി മുഹമ്മദ് അലി സാഹിബ്. എം. എ യുമായി ചേർന്ന് കൊണ്ട് ഹുസൂർ... വിശുദ്ധഖുർആൻ ഇംഗ്ലീഷ് തർജ്ജു...മയുടെ പുന:പരിശോധന നടത്തി.

◆ഹുസൂറിന്റെ ആരോഗ്യനില മോശ...മായി തുടങ്ങിയെങ്കിലും വിശുദ്ധഖുർ...ആന്റേയും ബുഖാരിയുടേയും ക്ലാസ്സു...കൾ നൽകുന്നത് തുടർന്നു കൊണ്ടേയി...രുന്നു.

വനിതാരംഗം

# ത്യാഗവര്യരായ പ്രവാചക പത്നിമാർ

അബൂ ആഫിയ

## ഹദ്റത് ആയിശ സിദ്ദീഖ (റ)

നബി തിരുമേനി(സ) വഫാത്തായപ്പോൾ ഹദ്റത്ത് ആയിശ(റ) യുടെ പ്രായം 18 വയസ്സ് മാത്രമായിരുന്നു. വളരെ യധികം സഹനത്തിന്റെയും സ്ഥൈര്യത്തിന്റെയും മാതൃകയാണ് പ്രദർശിപ്പിച്ചത്. ആയിശ(റ)യുടെ മുറി നബി(സ) യുടെ അന്തിമ വിശ്രമഗേഹമായി. പിന്നീ ട് ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഖബറടക്കവും അതേ മുറിയിൽ തന്നെ നടന്നു. ഹദ്റത്ത് ആയിശ(റ) നോടൊപ്പം വികാരത്തിന്റെ വലിയൊരു ത്യാഗവും ബന്ധപ്പെട്ടു കിടക്കുന്നുണ്ട്. അവർ തന്റെ മുറിയിലെ ബാക്കി ഭാഗം തനിക്കായി മാറ്റി വെച്ചിരുന്നു. എന്നാൽ ഹദ്റത്ത് ഉമർ(റ) തന്റെ മകനെ ഹദ്റത്ത് ആയിശ (റ) ന്റെ അടുക്കൽ അയച്ചു കൊണ്ട് അതേ മുറിയിൽ ഖബറടക്കപ്പെടുന്നതിനുള്ള അനുമതി തേടിയപ്പോൾ ഹദ്റത്ത് ആയിശ(റ) പറഞ്ഞു, ഈ സ്ഥലം ഞാൻ എനിക്ക് വേണ്ടി നീക്കി വെച്ചതായിരുന്നു. എന്നാൽ ഞാനിന്ന് എന്നെക്കാൾ പരിഗണന ഹദ്റത്ത് ഉമറിന് നൽകുകയാണ്. ഇത് ഹദ്റത്ത് ആയിശ(റ)ന്റെ അതിമഹത്തായ ത്യാഗമാണ്. ഏറ്റവും പ്രിയപ്പെട്ട ഭർത്താവിനോടും മഹാനായ പിതാവിനോടൊപ്പവും ഖബറടക്കപ്പെടണമെന്ന സ്വന്തം ആഗ്രഹത്തെ ഖലീഫയുടെ ആഗ്രഹ പൂർത്തീകരണത്തിനായി ത്യജിക്കുകയാണ് ചെയ്തത്. ഹദ്റത്ത് ആയിശ (റ) യുടെ ശ്രേഷ്ഠമായ ഗുണം ഔദാര്യതയും ധർമിഷ്ടതയുമായിരുന്നു. എന്തെല്ലാമാണോ ലഭിച്ചിരുന്നത് അതെല്ലാം തന്നെ പാവപ്പെട്ടവരിൽ വിതരണം ചെയ്യുമായിരുന്നു. ഒരിക്കൽ ഒരു ലക്ഷം ദിർഹം ലഭിച്ചു. അവർ വൈകുന്നേരമാകുന്നതിനു മുമ്പേ തന്നെ അതെല്ലാം വിതരണം ചെയ്തു. അന്നൊരു ദിവസം അവർ നോമ്പെടുത്തിരിക്കുകയായിരുന്നു. നോമ്പ് തുറക്കുന്നതിന്നായി ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ത്യാഗത്തിന്റെ മനോഭാവം ഭൗതിക സമ്പത്തിലും ജീവിത ഐശ്വര്യത്തിലും അല്പം പോലും ആഗ്രഹം ഇല്ലാതിരുന്നതിനാലാണ് സംജാതമായത്. അകന്നു നിന്ന സംഭവ സമയത്ത് എല്ലാ പ്രവാചക പത്നിമാരും അല്ലാഹുവിനും റസൂലിനും പരലോകത്തിനും മുൻഗണന നൽകിക്കൊണ്ട് നൽകിയ വാഗ്ദാനം ജീവിതകാലം മുഴുവൻ നിറവേറ്റി.

## ഹദ്റത് ഹഫ്സ (റ)

ഹദ്റത്ത് ഹഫ്സ(റ) തന്റെ വഫാത്ത് സമയത്ത് ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ (റ) നെ വിളിച്ച് ഒരു വസിയ്യത്ത് ചെയ്തു. അത് ഗാബയിലുള്ള തന്റെ സ്വത്ത് സദഖയായി വഖ്ഫ് ചെയ്യുന്നു എന്നതായിരുന്നു.

## ഹദ്റത് സൈനബ് (റ)

ഹദ്റത്ത് സൈനബ് (റ) ഫഖീറുമാർക്കും അഗതികൾക്കും വളരെയധികം ഔദാര്യ കാണിച്ചു കൊണ്ട് ഭക്ഷണം നൽകുമായിരുന്നു. അക്കാരണത്താൽ തന്നെ ഉമ്മുൽ മസാക്കീൻ (അഗതികളുടെ മാതാവ്) എന്ന സ്ഥാനപ്പേരിൽ പ്രശസ്തയായി. തന്താങ്കളുടെ കഫനായുള്ളതെല്ലാം സ്വയം തയ്യാറാക്കി വെച്ചിരുന്നു. ഉമറും കഫൻ തരികയാണെങ്കിൽ ഒന്ന് സദഖയായി നൽകണമെന്ന വസിയ്യത്തും ചെയ്തിരുന്നു. അവർ സ്വന്തം കൈകൾ കൊണ്ട് ജീവിത വിഭവങ്ങൾ ഉൽപാദിപ്പിക്കുമായിരുന്നു. പിന്നീടതിനെ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുകയും ചെയ്യുമായിരുന്നു. ഹദ്റത്ത് ആയിശ (റ) നിവേദനം ചെയ്യുന്നു, ഹദ്റത്ത് സൈനബ്(റ) വഫാത്തായപ്പോൾ മദീനയിലെ അഗതികളിൽ വലിയ അസ്വസ്ഥത ഉടലെടുത്തു. ഒരിക്കൽ അവർ തന്റെ മുഴുവൻ വാർഷിക ചെലവും ദരിദ്രർക്കായി ചെലവഴിച്ചു. എന്നിട്ട് ഇങ്ങിനെ ദുആ ചെയ്തു, അല്ലാഹുവേ! ഈ വർഷത്തിന് ശേഷം എനിക്ക് ഉമർ (റ) ന്റെ സംഭാവനയിൽ നിന്ന് പ്രയോജനം എടുക്കാനിട വരുത്തരുതെ. അങ്ങിനെ അതേ വർഷം തന്നെ അവർ വഫാത്തായി.

## ഹദ്റത് ഉമ്മെ ഹബീബ (റ)

ഹദ്റത്ത് ഉമ്മെ ഹബീബ (റ) തന്റെ ഭർത്താവായ അബ്ദുല്ലാഹിബ്നു ഹജശിനോടൊപ്പമാണ് മുസ്ലിമായത്. അവരുടെ പിതാവ് അബൂസുഫ്യാൻ നബി തിരുമേനി(സ) യുടെ പ്രത്യക്ഷ ശത്രുവായിരുന്നു. തന്റെ ഭർത്താവിനോടൊപ്പം ഹബ്ശയിലേക്ക് ഹിദ്റത്ത് ചെയ്തു. ഹബ്ശയിൽ എത്തിയപ്പോൾ അവരുടെ ഭർത്താവ് മുർത്തദ്ദായി. അവർ അന്യദേശത്ത് വന്നു ഭവിച്ച ഈ പ്രയാസത്തെ സഹിച്ചു. ഭർത്താവിനെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു. എന്നാൽ അയാൾ ക്രിസ്തുമതം സ്വീകരിച്ചു കൊണ്ട് തികച്ചും സ്വതന്ത്ര ജീവിതം കഴിച്ചു കൂട്ടാൻ തുടങ്ങി. മദ്യപാനവും തുടങ്ങി. അവസാനം മരണപ്പെട്ടു. അല്ലാഹു ഹദ്റത്ത് ഉമ്മെ ഹബീബയുടെ മനസ്സിനെ ദൃഢപ്പെടുത്തുകയും അവർ ഇസ്ലാമിൽ തന്നെ നിലനിൽക്കുകയും ചെയ്തു. നബി (സ) യ്ക്ക് അവരുടെ പ്രയാസങ്ങളെ കുറിച്ചുള്ള അറിവ് ലഭിച്ചപ്പോൾ അല്ലാഹു നബി (സ)യുടെ ഹൃദയത്തിൽ അവരെ സംബന്ധിച്ച് ഒരു ചിന്ത ഇറക്കി. അതായത് ഈ പീഡിത സ്ത്രീ ഒരു നേതാവിന്റെ പുത്രിയാണ്. നേതാവിന് തന്നെ യോജിച്ചതുമാണ്. അങ്ങിനെ നബി (സ) യുടെ പത്നിയായിക്കൊണ്ട് ഉമ്മുൽ മുഅ്മിനീൻ ആയിത്തീർന്നു. അവരുടെ അഭിമാനത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്നാൽ ഒരിക്കൽ അവരുടെ പിതാവ് അബൂസുഫ്യാൻ അവരുടെ വീട്ടിൽ എത്തുകയും അവിടെ ഇരിക്കാൻ തുനിഞ്ഞപ്പോൾ ഉമ്മെ ഹബീബ ഉടൻ തന്നെ കിടക്കവിരി വലിച്ച് മാറ്റിക്കൊണ്ട് പറഞ്ഞു, ബഹുദൈവ വിശ്വാസി നബി (സ) യുടെ കിടക്കവിരിയിൽ ഇരിക്കാൻ പാടില്ല.

ചരിത്രപഥം

ഡോ: ഇഫ്തിഖാർ അഹ്മദ് അയാസ്, ലണ്ടൻ

# ധന്യനിമിഷങ്ങൾ



**ഹദ്റത് ബാബാ സദറുദ്ദീൻ സാഹിബ് ഖാദിയാനി (റ),** അഹ്മദിയ്യത്തിന്റെ അടിത്തറ ഉറപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്ത മുൻഗാമികളിൽ ഒരാളായിരുന്നു. അഹ്മദിയായിത്തീരുന്നത് കുരിശിലേറ്റപ്പെടുന്നതിന് തുല്ല്യമായ ഒരു കാലത്തായിരുന്നു അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചത്. അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ച ശേഷം അദ്ദേഹം ഇസ്‌ലാം അഹ്മദിയ്യത്തിന്റെ ഒരു ചലിക്കുന്ന മാതൃകയായിത്തീർന്നു. എത്രത്തോളമെന്നാൽ മറ്റുള്ള അഹ്മദികൾക്ക് തങ്ങളുടെ പ്രവൃത്തികൾ നന്നാക്കിയെടുക്കുന്നതിന് അദ്ദേഹം ഒരു പ്രചോദനവും മാർഗ്ഗദർശനവുമായിരുന്നു.

വിഭജനത്തിനു മുമ്പ് അദ്ദേഹം ഖാദിയാനിൽ എത്തിച്ചേർന്നു. ഒരു ചെറിയ പലചരക്കുകട നടത്തിക്കൊണ്ടായിരുന്നു അദ്ദേഹം ഉപജീവനം കഴിച്ചിരുന്നത്. ഒരു ദർവേശായിത്തീർന്ന ശേഷവും അദ്ദേഹം ഈ ബിസിനസ്സ് തുടർന്നു. യന്ത്രസംവിധാനമൊന്നുമില്ലാതിരുന്ന ആ കാലത്ത് പയർ, തുവരപ്പരിപ്പ് മുതലായവ ആട്ടുകല്ലുപയോഗിച്ച് പൊടിച്ച് അവ കൈ കൊണ്ട് വൃത്തിയാക്കി പ്രധാനമായും ജമാഅത്തിന്റെ ലങ്കർ ഖാനയിൽ വിൽപന നടത്തുകയായിരുന്നു പതിവ്. മരിക്കുന്നതിന് നാലഞ്ചുവർഷം മുമ്പ് അദ്ദേഹത്തിന്റെ കാഴ്ച്ചശക്തി നഷ്ടപ്പെട്ടെങ്കിലും വിശ്വാസത്തിന്റെ മെഴുകുതിരികൾ കൈകളിലേന്തി അഞ്ചുനേര നമസ്കാരത്തിന് അദ്ദേഹം പതിവായി പള്ളിയിലെത്തുമായിരുന്നു.

അദ്ദേഹത്തിനു ലഭിച്ച പ്രത്യേക അനുഗ്രഹമെന്തെന്നാൽ, അദ്ദേഹത്തിന്റെ മകനും ദർവേശായിത്തീരുകയും ജമാഅത്തിനു സേവനം ചെയ്തുകൊണ്ട് ജീവിതകാലം മുഴുവനും കഴിച്ചു കൂട്ടുകയും ചെയ്തുവെന്നതാണ്.

( ***The Devotion of Life - Its Importance and Blessings***)

സമ്പാ: കെ.വി.ഹസ്സൻകോയ

---

## ഹദ്റത് ഉമ്മെ സൽമ (റ)

ഹദ്റത്ത് ഉമ്മെ സൽമ(റ)യുടെ അവസ്ഥ നോക്കുക. അവർ വളരെയധികം സ്നേഹലാളനയിൽ വളർന്നവരായിരുന്നു. മുസ്‌ലിം ആയതിനു ശേഷം തന്റെ ഭർത്താവിനൊപ്പം ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്തു. അവരുടെ ഭർത്താവ് അബൂസൽമ(റ) നബി(സ)യുടെ മുലകുടി ബന്ധത്തിലുള്ള സഹോദരനായിരുന്നു. ഹിജ്റത്ത് ചെയ്ത ആദ്യ വനിതയായിരുന്നു അവർ. ഹബ്ശയിൽ നിന്ന് മടങ്ങി വന്ന് മദീനയിലേക്ക് ഹിജ്റത്ത് ചെയ്യാൻ ആഗ്രഹിച്ചിരുന്നു. കാരണം മക്ക മുമ്പത്തേക്കാൾ കൂടുതൽ രക്തപങ്കിലമായി ക്കഴിഞ്ഞിരുന്നു. ഹിജ്റത്ത് സമയത്ത് അവരുടെ ഗോത്രക്കാർ യാത്ര തടസ്സപ്പെടുത്തി. അവർ പോകാൻ പോയി. ഉമ്മെ സൽമ (റ) ന് വളരെ വിഷമം അനുഭവപ്പെട്ടു. നിത്യവും പരിഭ്രമാവസ്ഥയിൽ പുറത്തേക്ക് നിന്നു. അവസാനം അവരുടെ പിതൃ സഹോദര പുത്രന് കരുണ തോന്നുകയും അല്ലാഹുവിന്റെ ദാസരേ! നിങ്ങൾ എന്തുകൊണ്ട് ഈ പാവം സ്ത്രീയെ സ്വതന്ത്രയാക്കുന്നില്ല എന്ന് പറയുകയും ചെയ്തു. അന്നേരം അവർക്ക് കരുണ തോന്നുകയും അവരെ അവരുടെ ഭർത്താവിന്റെ അടുത്തേക്ക് പോകുന്നതിന് അനുവാദം നൽകുകയും ചെയ്തു. അപ്പോൾ ബന്ധുവീട്ടുകാർക്കും അലപം ചിന്തയുണ്ടായി. അങ്ങിനെ കുട്ടിയേയും നൽകി. അതിനു ശേഷമാണ് അവർ മദീനയിൽ എത്തിയത്. അവരുടെ ഭർത്താവ് അബൂസൽമ(റ) വലിയ കുതിരസവാരിക്കാനായിരുന്നു. ഉഹദ് യുദ്ധത്തിൽ ഏറ്റ മുറിവിൽ നിന്ന് രക്ഷപ്പെടാൻ സാധിച്ചില്ല. കുറച്ച കാലങ്ങൾക്കു ശേഷം ആ മുറിവ് പൊട്ടി അദ്ദേഹം വഫാത്തായി. വഫാത്തിന്റെ വിവരം ലഭിച്ചപ്പോൾ നബി(സ) അവരുടെ വീട്ടിലെത്തി. ദുഃഖം അലയടിക്കുകയായിരുന്നു. ഉമ്മെ സൽമ (റ) പറയുന്നുണ്ടായിരുന്നു, ദരിദ്രാവസ്ഥയിൽ എങ്ങിനെയാണ് ഈ മരണം വന്നത്. നബി തിരുമേനി (സ) സഹനത്തിനുള്ള ഉപദേശം നൽകി. എന്നിട്ട് പറഞ്ഞു ദുആ ചെയ്യുക അല്ലാഹു ഇതിനേക്കാൾ നല്ല പിൻഗാമി നൽകട്ടെ. നബി(സ) അബൂസൽമയുടെ ജനാസ നമസ്കാരത്തിൽ 9 തക്ബീറുകൾ പറഞ്ഞു. ജനങ്ങൾ ചോദിച്ചപ്പോൾ പറഞ്ഞു, അദ്ദേഹം ആയിരം തക്ബീറുകൾക്ക് അർഹനാണ്. അന്നേരം ഉമ്മെ സൽമ ഗർഭിണിയായിരുന്നു. പ്രസവ ശേഷം ഇദ്ദയുടെ കാലാവധി കഴിഞ്ഞപ്പോൾ നബി(സ) നിക്കാഹിനുള്ള സന്ദേശം അയച്ചു. ഉമ്മെ സൽമ പറഞ്ഞു, ഞാൻ കുട്ടികളുള്ളവളും പ്രായംചെന്ന സ്ത്രീയുമാണ്. നബി(സ) അവരെ സമാശ്വസിപ്പിച്ചു. അങ്ങിനെ അവരുടെ വിവഹം നബി (സ) യുമായി നടന്നു. അപ്രകാരം അബൂസൽമയെക്കാൾ നല്ല പിൻഗാമിക്കു വേണ്ടിയുള്ള ദുആ പൂർത്തിയാകുകയും ചെയ്തു.

(ഖാദിയാൻ ജൽസാ പ്രഭാഷണത്തിൽ നിന്ന്)

*(സമ്പാ: അബൂആഫിയ)*



# സീറത്തുന്നബി ജൽസയുടെ അടിത്തറ

### മഹത്തായ സംരംഭം

1928 കാലഘട്ടത്തിലെ ഏറ്റവും വ്യവസ്ഥാപിതവും ഉന്നതവും ലോകചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തുന്നതിനർഹവുമായ സംഭവം ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) മുഖേന സീറത്തുന്നബി ജൽസകളുടെ സമാരംഭമാണ്. അത് ഇന്ത്യാപാക്ക് ഉപഭൂഖണ്ഡത്തിലെ മത ചരിത്രത്തിൽ വിശേഷിച്ചും ലോകത്ത് പൊതുവായും വളരെ അഗാധമായ പ്രഭാവം ചെലുത്തുകയുണ്ടായി. ഇന്ന് അത് ഒരു ആഗോള പദ്ധതിയായി രൂപം കൊണ്ടിരിക്കുകയാണ്.

### പശ്ചാത്തലം

1927 ന്റെ അവസാനത്തിൽ ഹിന്ദുക്കൾ 'രംഗീലാ റസൂൽ' എന്ന ഗ്രന്ഥത്തിലൂടെയും 'വർത്തമാൻ' എന്ന പ്രസിദ്ധീകരണത്തിലൂടെയും നബി(സ) യുടെ പരിശുദ്ധതതയ്ക്കെതിരെയുള്ള ധിക്കാരം പരിധി ലംഘിച്ച സന്ദർഭത്തിലാണ് അല്ലാഹു അദ്ദേഹത്തിന്റെ മനസ്സിലേക്ക് ഈ വിശേഷ പദ്ധതിക്കുള്ള പ്രേരണ ഇട്ടു കൊടുത്തത്. അന്ന് രാജ്യമെമ്പാടും കക്ഷികൾ തമ്മിലുള്ള സ്പർദ്ധ വളരെ ഭയാനകമായ രൂപം ആർജിച്ചു കഴിഞ്ഞിരുന്നു. അത്തരം അവസരത്തിൽ ഹുസൂർ (റ) രാജ്യവ്യാപകമായി വിജയകരമായ ദൗത്യം ആരംഭിച്ചു. ഈ ഉദ്യമം ഇസ്ലാമിന്റെ പ്രതിരോധത്തിന് അതിമഹത്തായ മാതൃകയായിരുന്നു. അത് ഇസ്ലാമിന്റെ വിരോധികളുടെ ഗൂഢതന്ത്രങ്ങൾക്ക് മുന്നിൽ ഉറച്ച് മതിലായി നിൽക്കുക മാത്രമല്ല മറിച്ച്,നബി തിരുമേനി (സ) യെ സ്നേഹിക്കുന്നവരെ നബിയോടുള്ള അനുരക്തി വികാരത്താൽ ഒരേ പ്ലാറ്റ്ഫോമിൽ ഒരുമിച്ച് കൂട്ടുകയും ചെയ്തു.

### സുസ്ഥിര പദ്ധതി

എന്നാൽ ഹുസൂർ (റ) ന്റെ വേദനയുറ്റുന്നതും അസ്വസ്ഥമായതുമായ ഹൃദയം അതിൽ മാത്രം ആശ്വാസം കണ്ടില്ല. അനീതിയുടെ അതിപ്രസരം കണ്ടുകൊണ്ട് ആ മഹാത്മാവ് ചില തീരുമാനങ്ങൾ എടുക്കുകയുണ്ടായി. നബി തിരുമേനി (സ) യുടെ വിശുദ്ധജീവിതത്തിന്റെ അവസ്ഥകളുടെയും ആ മഹാത്മാവിന്റെ ആഗോള ഔദാര്യങ്ങളുടെയും പരാമർശങ്ങൾ രാജ്യത്തിന്റെ ഓരോ മൂലകളിൽ നിന്നും അലയടിച്ചുയരാത്തതു വരെ ഇസ്ലാമിന്റെ വിരോധികളുടെ ആക്രമണം തുടർന്നു കൊണ്ടിരിക്കുന്നതാണെന്ന് മനസ്സിലായി. ഈയൊരു ചിന്തയെ പ്രാവർത്തികമാക്കുന്നതിനായിട്ടാണ് "സീറത്തുന്നബി ജൽസ" യുടെ നിർദേശം നൽകിയത്.

ആ മഹാത്മാവ് പറയുന്നു, "ജനങ്ങൾക്ക് നബി(സ)യ്ക്ക് മേൽ ആക്ഷേപം ഉന്നയിക്കുന്നതിനുള്ള ധൈര്യം ലഭിക്കുന്നത്, അവർ നബി(സ)യുടെ ജീവിതത്തെ സംബന്ധിച്ച് അജ്ഞരാണെന്നതിനാലാണ്. അല്ലെങ്കിൽ മറ്റുള്ളവർ അജ്ഞരാണെന്ന് അവർ കരുതുന്നു. ഇതിന് ഒരേയൊരു പ്രതിവിധി മാത്രമേയുള്ളൂ. അതായത് നബി തിരുമേനി(സ) യുടെ ജീവിത ചരിത്രത്തെ സംബന്ധിച്ച് അത്യധികമായും ശക്തമായും പ്രഭാഷണങ്ങൾ സംഘടിപ്പിക്കുക. തൽഫലമായി ഇന്ത്യയിലെ ഓരോ കുട്ടി പോലും നബി(സ) യുടെ ജീവിതത്തെ സംബന്ധിച്ചും വിശുദ്ധിയെ സംബന്ധിച്ചും അറിവുള്ളവരായി തീരണം. അങ്ങനെ ആർക്കും തന്നെ നബി(സ) യുടെ വിശുദ്ധജീവിതത്തിൽ ആരോപണം ഉന്നയിക്കാനുള്ള ധൈര്യം ഉണ്ടാകരുത്."

### വിശാലമായ ആസൂത്രണങ്ങൾ

ഈ സുപ്രധാന സാമുദായികവും മതപരവുമായ ഉദ്ദേശ്യലക്ഷ്യത്തിന്റെ പൂർത്തീകരണത്തിനായി അദ്ദേഹം വിശാലമായ പദ്ധതിക്ക് രൂപം നൽകി. അതിന്റെ സുപ്രധാന ഭാഗങ്ങൾ ഇപ്രകാരമാകുന്നു,

1. എല്ലാ വർഷവും നബി(സ) യുടെ പരിശുദ്ധ ജീവിത ചരിത്രത്തിൽ നിന്നുള്ള ഏതാനും സുപ്രധാന ഭാഗങ്ങൾ തെരഞ്ഞെടുത്ത് തൽസംബന്ധമായി പ്രഭാഷണങ്ങൾ സംഘടിപ്പിക്കുക.

1928 ലെ ആദ്യ സീറത്തുന്നബി ജൽസയ്ക്കായി അദ്ദേഹം 3 വിഷയങ്ങളാണ് തിരഞ്ഞെടുത്തത്.

- മനുഷ്യകുലത്തിനായി നബിതിരുമേനി(സ) ചെയ്തിട്ടുള്ള ത്യാഗങ്ങൾ.
- നബി(സ) യുടെ വിശുദ്ധജീവിതം.
- ലോകത്തിന് മേലുള്ള നബി (സ) യുടെ ഔദാര്യങ്ങൾ.

2. പ്രസ്തുത വിഷയങ്ങളിൽ പ്രഭാഷണം നിർവഹിക്കുന്നതിനായി അദ്ദേഹം 1927 ലെ ജൽസാ സാലാനയിൽ ആയിരം ആത്മാർഥരെ ആവശ്യപ്പെടുകയും അവർക്ക് വിഷയങ്ങളിൽ തയ്യാറാക്കുന്നതിനായി വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്തു.

3. നബി (സ) യുടെ ജീവിത ചരിത്രത്തെ സംബന്ധിച്ച് പ്രഭാഷണം നിർവഹിക്കുന്നതിനായി മുസ്ലിം ആയിരിക്കണം എന്ന നിബന്ധനയെ ഒഴിവാക്കികൊണ്ട് അമുസ്ലിംകളിൽ നിന്നാരെങ്കിലും സ്വയം തന്നെ അതിനായി സമർപ്പിക്കുകയാണെങ്കിൽ വളരെ കൃതജ്ഞതയോടു കൂടി അവരെ സ്വീകരിക്കുന്നതാണെന്നും അവരുടെ സേവനത്തെ വിലമതിക്കുന്നതാണെന്നും വിളംബരപ്പെടുത്തി.

4. അമുസ്‌ലിംകളിൽ നബി ചരിത്രത്തെ സംബന്ധിച്ച് താൽപര്യവും ആവേശവും സംജാമാക്കുന്നതിനായി ഒരു വിളംബരം നടത്തി. പ്രസ്തുത ജൽസയിൽ പ്രഭാഷണത്തിനായി തയ്യാറാകുകയും തങ്ങളുടെ ലേഖനം അയച്ചുതരികയും ചെയ്യുന്നതായാൽ അതിൽ നിന്ന് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥാക്കുന്നവർക്ക് ക്രമപ്രകാരം 100,50, 25 രൂപ വീതം നൽകുന്നതാണ്.

5. 'മീലാദുന്നബി'യുടെ പേരിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രഭാവരഹിതവും സീമിതവുമായ ജൽസകൾക്കു പകരമായി തികച്ചും വിജ്ഞാനപ്രദവും പ്രഭാവം ചെലുത്തുന്നതുമായ ജൽസയാണ് പദ്ധതിയിട്ടത്.

അക്കാരണത്താൽ റബീഉൽ അവ്വൽ 12 ന് പകരമായി മറ്റ് ദിനങ്ങളിൽ ജൽസ സംഘടിപ്പിക്കുന്നത് ഉചിതമായി കണക്കാക്കി. അങ്ങനെ 1928 മുഹർറം ഒന്നിന് അതായത് ജൂൺ 20 ന് സീറത്തുന്നബി ദിനം ആചരിക്കുന്നതിനായി വിളംബരം നടത്തി. പിന്നീട് ശിയാക്കൾക്ക് സുഗമമായി പങ്കെടുക്കുന്നതിനുള്ള സൗകര്യത്തിനായി ജൂൺ 17 ലേക്ക് മാറ്റി.

പ്രസ്തുത ജൽസയിൽ അഹ്മദിയ്യ ജമാഅത്തിനെയും മറ്റ് മുസ്‌ലിംകളെയും പങ്കെടുപ്പിക്കുന്നതിനായി വീണ്ടും വീണ്ടും ശ്രദ്ധ ക്ഷണിച്ചു കൊണ്ടിരുന്നു.

### പ്രഭാഷകരെ സംഘടിപ്പിക്കുന്നു

തൽസംബന്ധമായുള്ള ഏറ്റവും ആയാസകരമായ കാര്യം രാജ്യത്തിന്റെ അങ്ങോളമിങ്ങോളം പ്രഭാഷണങ്ങൾ നിർവഹിക്കുന്നതിനായി ആയിരം പ്രഭാഷകരെ സംഘടിപ്പിക്കുക എന്നതായിരുന്നു. ആരംഭത്തിൽ ഖലീഫ സാനി (റ) തന്റെ പ്രൈവറ്റ് സെക്രട്ടറിക്കായിരുന്നു അതിന്റെ ചുമതല നൽകിയിരുന്നത്.

എന്നാൽ പിന്നീട് 1928 മാർച്ച് 14 ന് ഈ ചുമതല ചൗധരി ഫതഹ് മുഹമ്മദ് സാഹിബ് സിയാൽ എം.എ യെ ഏൽപ്പിച്ചു. അദ്ദേഹം വളരെയധികം പരിശ്രമിച്ച് കൊണ്ട് 1419 പ്രഭാഷകരെ സംഘടിപ്പിക്കുകയുണ്ടായി. അവരുടെ പേരുകൾ രജിസ്ട്രറിൽ രേഖപ്പെട്ടു കിടക്കുന്നുണ്ട്. അതിൽ 29 പേർ അമുസ്‌ലിംകളായിരുന്നു.

### തയ്യാറെടുപ്പ്

പ്രസ്തുത വിഷയങ്ങളിൽ വിശദമായ കുറിപ്പുകൾ തയ്യാറാക്കപ്പെട്ടു. അതിന്റെ അയ്യായിരം പ്രതികൾ പ്രസിദ്ധീകരിച്ചുകൊണ്ട് പ്രഭാഷകർക്ക് അയച്ചുകൊടുത്തു. കൂടാതെ ഹദ്റത് ഖലീഫ സാനി (റ) ന്റെ നിർദേശത്താൽ 1928 ജൂൺ 12 ന് 'അൽഫദ്ൽ' 72 പേജുള്ള ഒരു സവിശേഷ പതിപ്പ് 'ഖാത്തമുന്നബിയ്യീൻ നമ്പർ'എന്ന പേരിൽ അടിച്ചിറക്കി. ഏഴായിരം പ്രതികളാണ് അടിച്ചിറക്കിയത്. അത് വളരെ വേഗത്തിൽ തന്നെ വിറ്റഴിയുകയും ചെയ്തു.

### എതിരാളികളുടെ കുതന്ത്രങ്ങൾ

ഈ പദ്ധതി പൊതുവിൽ മുഴുവൻ സമുദായങ്ങൾക്കായും വിശേഷിച്ച് മുസ്‌ലിംകൾക്കായും വളരെയധികം ഉപകാരപ്രദവും അനുഗ്രഹീതവുമായ പദ്ധതിയായിരുന്നു. എന്നാൽ ദൗർഭാഗ്യവശാൽ ചില മുസ്‌ലിം സംഘടനകൾ ആരംഭത്തിൽ തന്നെ ഇതിന്നെതിരിൽ ശബ്ദമുയർത്താൻ തുടങ്ങി. പല തെറ്റിദ്ധാരണകളും പരത്താൻ തുടങ്ങി. ഉദാഹരണമായി, ഇത് ഭരണകൂടത്തിന്റെ തൃപ്തിക്കു വേണ്ടിയിട്ടാണെന്നും, അതിനായി ചന്ദകൾ സ്വരുക്കൂട്ടുന്നതായിരിക്കുമെന്നും, ഇത് അഹ്മദികളുടെ വിശ്വാസത്തെ പ്രചരിപ്പിക്കുന്നതിനായിട്ടാണെന്നും, മതകാര്യങ്ങളിൽ അമുസ്‌ലിംകളെ ഉൾപ്പെടുത്തുന്നത് എന്തിനാണെന്നും, സ്വാർഥലാഭത്തിനായിട്ടാണെന്നും മറ്റും.

എതിർത്ത സംഘടനകളിൽ പ്രധാനമായവ അഹ്മദിയ്യ അഞ്ചുമൻ ഇശാഅത്തെ ഇസ്‌ലാം ലാഹോർ, ഖിലാഫത്ത് കമ്മിറ്റി എന്നിവയും പത്രങ്ങളിൽ പൈഗാമെ സുൽഹ്, സമീന്ദാർ എന്നിവയായിരുന്നു.

### ജൽസ സംഘടിപ്പിക്കപ്പെടുന്നു

എന്നാൽ വിരോധികളുടെ അങ്ങേയറ്റം പരിശ്രമം ഉണ്ടായിട്ടു കൂടി അല്ലാഹുവിന്റെ അനുഗ്രഹവും പിന്തുണയും സഹായവും ഈ മഹത്തായ സംരംഭത്തിനുണ്ടായിരുന്നു. അതിനാൽ അവരുടെ എല്ലാ പരിശ്രമങ്ങളും പാഴ്‌വേലയായി തീർന്നു. ഇന്ത്യയിലങ്ങോളമിങ്ങോളം ജൂൺ 17 ന് വളരെയധികം പ്രൗഢോജ്ജ്വലമായ നിലയിൽ പ്രസ്തുത ജൽസ സംഘടിപ്പിക്കപ്പെട്ടു. ഒരേ സ്റ്റേജിൽ എല്ലാ വിഭാഗത്തിലും പെട്ട മുസ്‌ലിംകൾ സീറത്തുന്നബിയുടെ വിഷയത്തിൽ തങ്ങളുടെ വികാരങ്ങളെയും ആദർശങ്ങളെയും പ്രകടിപ്പിച്ചു.

### അന്യരുടെ ആത്മാർഥത

മുസ്‌ലിംകളെ കൂടാതെ ഹിന്ദു, സിഖ്, ജൈൻ, കൃസ്തു മത വിശ്വാസികളിൽ നിന്നുള്ള വ്യക്തികളും നബി (സ) യുടെ വിശുദ്ധ ജീവിതത്തെ സംബന്ധിച്ചും, നിർലോഭമായ ത്യാഗങ്ങളെ സംബന്ധിച്ചും, സമാനതകളില്ലാത്ത ഔദാര്യങ്ങളെ സംബന്ധിച്ചും പ്രസംഗിക്കുകയുണ്ടായി. പ്രസംഗിക്കുക മാത്രമല്ല പലയിടങ്ങളിലും ജൽസ സംഘടിപ്പിക്കുന്നതിന് സഹകരിക്കുകയും ചെയ്തു. ചിലർ തങ്ങളുടെ ഭവനങ്ങൾ ഒഴിഞ്ഞ് തന്നു, അനിവാര്യവസ്തുക്കൾ സംഘടിപ്പിച്ച് നൽകി, ശ്രോതാക്കൾക്കായി സർബത്തും മറ്റും തയ്യാറാക്കി നൽകി. വലിയ വലിയ പ്രശസ്തരും നേതാക്കളും ജൽസയിൽ പങ്കെടുത്ത് പ്രസംഗിക്കുകയുണ്ടായി. ചുരുക്കത്തിൽ മുമ്പൊരിക്കലും ദർശിച്ചിട്ടില്ലാത്ത ഒരിക്കലും വിസ്മരിക്കാൻ സാധ്യമല്ലാത്ത ഹൃദ്യമായ ദൃശ്യമായിരുന്നു അത്.

### പ്രവചന പൂർത്തീകരണം

ഇന്ത്യയെ കൂടാതെ സുമാത്ര, ആസ്ട്രേലിയ, സിലോൺ, മൊറീഷ്യസ്, ഇറാൻ, ഇറാഖ്, അറേബ്യ, ദമിശ്ഖ്, പാലസ്തീൻ, ഘാനാ, നൈജീരിയ, സൗത്ത് ആഫ്രിക്ക, ലണ്ടൻ എന്നിവിടങ്ങളിലും സീറത്തുന്നബി ജൽസ സംഘടിപ്പിക്കുകയുണ്ടായി. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആഗോള പ്ലാറ്റ്ഫോമിൽ നിന്നുകൊണ്ട് നബി തിരുമേനി(സ) യുടെ മഹത്വത്തെ പ്രകീർത്തിക്കുകയുണ്ടായി. അതിലൂടെ *"നബി തിരുമേനി (സ) യുടെ മഖാമെ മഹ്മൂദിന്റെ പ്രകടനം ഹദ്റത് ഇമാം മഹ്ദിയിലൂടെ വെളിപ്പെടുന്നതാണ്"* എന്ന സ്പെയിനിലെ സുപ്രസിദ്ധ സൂഫിവര്യനായ ഹദ്റത് മുഹ്‌യുദ്ദീൻ ഇബ്നു അറബി(റഹ്) യുടെ പ്രവചന ത്തിന്റെ ഒരു ഭാഗം ഇമാം മഹ്ദിയുടെ ഖലീഫയിലൂടെ പൂർത്തിയാകുകയുണ്ടായി.

(അവ: താരീഖെ അഹ്മദിയ്യത്ത്)

# ഖാത്തമുന്നബിയ്യീൻ (സ) തിരുമേനിയുടെ പത്ത് സവിശേഷതകൾ

മൗലാനാ അബുൽ അത്വാ ജാലന്തരി (റ)

## സംരക്ഷിക്കപ്പെട്ട ജീവിതവൃത്താന്തം

മറ്റ് പ്രവാചകന്മാരെ അപേക്ഷിച്ച് നബി (സ) തിരുമേനിയുടെ ജീവിതം ചരിത്രപരമായ ജീവിതമാണ്. നബി (സ) യുടെ ജീവിതാവസ്ഥകൾ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. മിത്രങ്ങളും ശത്രുക്കളും നബി (സ)യുടെ ജീവിതത്തെ രേഖപ്പെടുത്തിയിരിക്കുന്നു. ഹിന്ദു മതത്തിന്റെ സ്ഥാപക ഋഷിമാരുടെ പേരിൽ പോലും ഭിന്നതയുണ്ട്... ഹദ് റത് ഈസാ (അ) ന്റെ ജീവിതത്തിലെ ഏതാനും സംഭവങ്ങളല്ലാതെ മറ്റെല്ലാം അജ്ഞാതമാണ്.. നമ്മുടെ നബി മുഹമ്മദ് (സ) യുടെ 63 വർഷക്കാലത്തെ ജീവിതം എല്ലാവർക്ക് മുന്നിലും ഒരു തുറന്ന ഗ്രന്ഥമാകുന്നു. ചുരുക്കത്തിൽ ജീവിതം സംരക്ഷിതമാകുന്ന കാര്യത്തിലും ജീവിത സംഭവങ്ങൾ ചരിത്രസംഭവങ്ങളായി മാറി എന്ന കാര്യത്തിലും ഹദ്റത് ഖാത്തമുന്നബിയ്യീൻ (സ) യുടെ വ്യക്തിത്വം പ്രവാചകന്മാരിൽ നിസ്തുലമാണ്.

## മാതൃകാ പുരുഷൻ

എല്ലാവരാലും അറിയപ്പെടുന്ന ജീവിതചരിത്രമാണെന്നതു കൂടാതെ നബി (സ) യ്ക്ക് ജീവിതത്തിലെ എല്ലാ അവസ്ഥകളിലൂടെ കടന്നുപോകുന്നതിനുള്ള അവസരം ലഭിച്ചിരിക്കുന്നു എന്ന സവിശേഷതയുമുണ്ട്. മനുഷ്യ ജീവിതത്തിലെ എല്ലാ മേഖലകളിലും നബി(സ) മാതൃക സ്ഥാപിച്ചിട്ടുണ്ട്. അനാഥത്വം മുതൽ ചക്രവർത്തിത്വം വരെയുള്ള എല്ലാ അവസ്ഥകളും നബി (സ) യിൽ വരികയുണ്ടായി. ബാല്യവും, കൗമാരവും, വൃദ്ധാവസ്ഥയുമെല്ലാം ആ മഹാത്മാവിൽ വരികയുണ്ടായി. നബി (സ) വിവാഹവും കഴിച്ചിട്ടുണ്ട്. ആൺമക്കളും പെൺമക്കളും ഉണ്ടായിട്ടുണ്ട്. മിത്രങ്ങളുമായും ശത്രുക്കളുമായുമെല്ലാം അദ്ദേഹത്തിന് ഇടപഴകേണ്ടി വന്നിട്ടുണ്ട്. ശാന്തിയുടെയും സമാധാനത്തിന്റെയും കാലഘട്ടത്തിലൂടെയും ഭയാനകമായ യുദ്ധങ്ങളുടെ കാലഘട്ടത്തിലൂടെയും കടന്നു പോകേണ്ടി വന്നിട്ടുണ്ട്. കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. രഞ്ജിപ്പും ഉണ്ടാക്കിയിട്ടുണ്ട്. നബി (സ) യ്ക്ക് പ്രാണശത്രുവിന് മേൽ വിജയവും ലഭിച്ചിട്ടുണ്ട്. ചുരുക്കത്തിൽ മനുഷ്യജീവിതത്തിലെ സകല അവസ്ഥകളിലൂടെയും നബി (സ) കടന്നു പോയിട്ടുണ്ട്. നബി (സ) സകല മനുഷ്യർക്കായും ലോകാവസാനം വരേക്കും ഉത്തമ മാതൃക സ്ഥാപിച്ചിട്ടുണ്ട്.

## സകലമാന മനുഷ്യർക്കും കാലഘട്ടത്തിനും

മുൻ പ്രവാചകന്മാർ സ്വന്തം സമുദായത്തിന് വേണ്ടിയായിരുന്നു നിയോഗിക്കപ്പെട്ടിരുന്നത്. അവരുടെ കാലഘട്ടം സീമിതമായിരുന്നു. ഭാരതത്തിലെ ഋഷിമാർ ആര്യന്മാർക്കു വേണ്ടി മാത്രമായിരുന്നു നിയോഗിക്കപ്പെട്ടത്. ഹദ്റത് മൂസാ (അ) ഉം മറ്റ് ഇസ്രായീൽ പ്രവാചകന്മാരും ഇസ്രായീൽ സന്തതികൾക്കായിട്ടായിരുന്നു നിയോഗിക്കപ്പെട്ടത്. ഹദ്റത് മസീഹ് (അ) വളരെ സ്പഷ്ടമായി ഞാൻ ഇസ്രായീൽ കുടുംബത്തിലെ കാണാതായ കുഞ്ഞാടുകൾക്കായിട്ടല്ലാതെ അയക്കപ്പെട്ടിട്ടില്ല എന്നാണ് പറഞ്ഞത്. എന്നാൽ ഹദ്റത് ഖാത്തമുന്നബിയ്യീൻ (സ) യുടെ നിയോഗം മുഴുവൻ മനുഷ്യകുലത്തിനും, മുഴുവൻ സമുദായത്തിനും, എല്ലാ കാലഘട്ടത്തിലേക്കും വേണ്ടിയായിരുന്നു. അതുകൊണ്ടാണ് അല്ലാഹു **ഖുൽ യാ അയ്യുഹന്നാസു ഇന്നീ റസൂലുല്ലാഹി ഇലയ്ക്കും ജമീഅൻ,** അല്ലയോ ജനങ്ങളേ ഞാൻ നിങ്ങൾക്കെല്ലാവർക്കും വേണ്ടിയിട്ടാണ് അല്ലാഹുവിനാൽ നിയോഗിതനായിട്ടുള്ളത് എന്നിൽ വിശ്വസിക്കേണ്ടത് നിങ്ങൾക്കെല്ലാവർക്കും അനിവാര്യമാകുന്നു എന്ന് വിളംബരപ്പെടുത്തുക എന്ന് അല്ലാഹു പറഞ്ഞത്. ചുരുക്കത്തിൽ മുഴുലോകത്തിനായും അയക്കപ്പെട്ടിരിക്കുന്നു എന്നത് നമ്മുടെ നബി (സ) തിരുമേനിയുടെ ഒരു സവിശേഷതയാകുന്നു.

## ഒരിക്കലും നിലക്കാത്ത അനുഗ്രഹദാതാവ്

എല്ലാ നബിമാരും ആത്മീയമായി ജീവിച്ചിരിക്കുന്നവരാണ്. എന്നാൽ എല്ലാ കാലഘട്ടത്തിലും തന്റെ പരിശുദ്ധ സ്വാധീനത്താലും അനശ്വരമായ അനുഗ്രഹ ദാതാവ് എന്ന നിലയിലും ഒരേയൊരു നബി മാത്രമേ എന്നെന്നേക്കുമായി ജീവിച്ചിരിക്കുന്നുള്ളു. അത് നമ്മുടെ നേതാവായ ഹദ്റത് മുഹമ്മദ് മുസ്തഫാ (സ) ആകുന്നു. അല്ലാഹു പറയുന്നു, **ഖുൽ ഇൻ കുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്കുമുല്ലാഹു.** ഓ റസൂൽ! നീ പറയുക, അല്ലയോ ജനങ്ങളേ അഥവാ നിങ്ങൾ അല്ലാഹുവിന്റെ പ്രിയരാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ വരിക. എന്നെ അനുധാവനം ചെയ്യുക. നിങ്ങൾ അല്ലാഹുവിന്റെ പ്രിയരായി മാറുന്നതാണ്.

സ്വന്തം സമുദായത്തിന്റെ പരിധിയിലും സ്വന്തം കാലഘട്ടത്തിലും എല്ലാ പ്രവാചകന്മാരും ഈ പദവിയിൽ ഉപവിഷ്ഠരായിരുന്നു. എന്നാൽ മുഴുവൻ സമുദായത്തിനു വേണ്ടിയും മുഴുവൻ കാലഘട്ടത്തിനു വേണ്ടിയും ഈ പദവി കേവലം ഹദ്റത് മുഹമ്മദ് മുസ്തഫാ (സ) യ്ക്ക് മാത്രമാണ് കരസ്ഥമായിട്ടുള്ളത്. അതിനുള്ള തെളിവ് **തുഅ്തീ ഉകുലുഹാ കുല്ല ഹീനിൻ ബിഇദ്നി റബ്ബിഹാ** എന്ന ആയത്തിലൂടെ മുഹമ്മദീ സമുദായത്തിന്റെ പരിശുദ്ധ വൃക്ഷത്തിൽ നിന്ന് ഓരോ കാലഘട്ടത്തിലും ലഭിക്കുന്ന നവംനവങ്ങളായ ഫലങ്ങളാണ്. വാസ്തവത്തിൽ ദൈവസ്നേഹത്തിന് പാത്രമായവരുടെ എല്ലാ പദവികളും സ്ഥാനങ്ങളും മുഹമ്മദ് നബി(സ) യുടെ അനുധാവനത്തിൽ എല്ലാ കാലഘട്ടത്തിലും പ്രാപ്യമായിക്കൊണ്ടിരിക്കുന്നു. ഇക്കാലഘട്ടത്തിലും അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ(അ) ന്റെ വ്യക്തിത്വത്തിലും പ്രസ്തുത നവങ്ങളായ തെളിവുകൾ ഉണ്ട്. ചുരുക്കത്തിൽ ഹദ്റത് ഖാത്തമുന്നബിയ്യീൻ (സ) സകലമാന അനുഗ്രഹങ്ങളുടെയും ദാതാവ് എന്ന നിലയിൽ ജീവിച്ചിരിക്കുന്ന നബിയാണ്.

## ദൈവീക ഗ്രന്ഥങ്ങളിൽ സുവാർത്ത

പ്രവാചകന്മാരെ അല്ലാഹുവാണ് നിയോഗിക്കുന്നത്. ആയതിനാൽ അവരുടെ സവിശേഷ ഗുണങ്ങളെ സംബന്ധിച്ചും, പദവികളെ സംബന്ധിച്ചുമുള്ള യഥാർഥ അറിവ് അവനാണുണ്ടായിരിക്കുക.

നബി(സ) യുടെ സ്മരണ ലോകാരംഭം മുതൽക്കു തന്നെ ദൈവീക ഗ്രന്ഥങ്ങളിൽ പരാമർശ വിധേയമായിക്കൊണ്ടിരുന്നു എന്നതാണ് മറ്റൊരു സവിശേഷത. അല്ലാഹു നബി(സ) യെ സംബന്ധിച്ച് പ്രവാചകന്മാർക്ക് അല്ലാഹു അറിയിപ്പ് നൽകി കൊണ്ടിരിക്കുകയും എല്ലാ പ്രവാചകന്മാരും തന്നെ തങ്ങളുടെ സമുദായത്തോട് ഈ വാഗ്ദാനം ചെയ്യപ്പെട്ട മഹാനിൽ വിശ്വസിക്കുന്നതിനായി മുന്നറിയിപ്പ് നൽകിവന്നിട്ടുമുണ്ട്. വേദമോ ഉപനിഷത്തോ ആയി ക്കൊള്ളട്ടെ, തൗറാത്തോ സബൂറോ ഇഞ്ചീ ലോ ആയിക്കൊള്ളട്ടെ എല്ലാ ദൈവീക ഗ്രന്ഥങ്ങളിലും ഹദ്റത് ഖാത്തമുന്നബിയ്യീൻ (സ) യെ സംബന്ധിച്ചുള്ള വിശദമായ സുവിശേഷങ്ങൾ ഇന്നുവരേക്കും സുരക്ഷിതമാക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ നബി (സ) യുടെ രൂപവർണ്ണനയും, സ്വഭാവ മഹിമകളുടെ വർണ്ണനയും ഉണ്ട്.

## അതുല്യരായ അനുചരന്മാർ

നബി തിരുമേനി (സ) യ്ക്ക് സമാനതകളില്ലാത്ത ആത്മപരിശുദ്ധിയുടെ കഴിവുകൾ നൽകിയിരുന്നതു പോലെ തന്നെ ആ മഹാത്മാവിന് പ്രസ്തുത പരിശുദ്ധ കഴിവുകളാൽ പ്രഭാവിതരായ അതുല്യരായ അനുചരന്മാരും ലഭിച്ചിരുന്നു എന്നതും ഒരു സവിശേഷതയാകുന്നു. ഹദ്റത് മൂസാ (അ) ന്റെ അനുയായികൾ വിഷമഘട്ടത്തിൽ അദ്ദേഹത്തെ സഹായിക്കുന്നതിൽ നിന്നും നിഷേധം പ്രകടിപ്പിച്ചത് ചരിത്രത്തിൽ നിന്നും തെളിയുന്നുണ്ട്. അതുപോലെ ഹദ്റത് ഈസാ (അ) ന്റെ ഹവാരികൾ പരീക്ഷണ ഘട്ടത്തിൽ അദ്ദേഹത്തെ ഉപേക്ഷിക്കുകയുണ്ടായി. എന്നാൽ നമ്മുടെ നേതാവായ നബി തിരുമേനി (സ) യുടെ ശിക്ഷണം ലഭിച്ച അനുചരന്മാർ (റ) അവസാന വിജയം വരെ നബി (സ) യോടൊപ്പം നില കൊണ്ടു. എല്ലാ ത്യാഗങ്ങളും പ്രസന്നവദരായി സമർപ്പിച്ചുകൊണ്ട് സദാ നബി (സ) യുടെ ഇടതും വലതും തങ്ങളുടെ ജീവനുകൾ കാഴ്ചവെച്ചുകൊണ്ടണ്ടിരുന്നു. അവസാനം നബി (സ) യ്ക്ക് ലഭിച്ചതു പോലുള്ള അനുചരന്മാർ ലോകത്ത് മറ്റൊരു പ്രവാചകനും ലഭിച്ചില്ല എന്ന് ശത്രുക്കൾ വരെ ഏറ്റുപറയുകയുണ്ടായി.

## സവിശേഷതകളുടെ സംഗമം

വ്യക്തിപരമായ സവിശേഷതകളുടെ അടിസ്ഥാനത്തിൽ നബി (സ) എല്ലാ പ്രവാചകന്മാരുടെയും സവിശേഷതകൾ ഉത്തമമായ നിലയിൽ സ്വാംശീകരിച്ചിരിക്കുന്നു എന്നതും നബി (സ) യുടെ സവിശേഷതായകുന്നു. ഓരോ പ്രവാചകനും തന്താങ്ങളുടെ സവിശേഷ ഗുണത്തിൽ അവരവരുടെ കാലഘട്ടത്തിൽ വ്യതിരിക്തരായിരുന്നു. ഹദ്റത് ഖാത്തമുന്നബിയ്യീൻ (സ) എല്ലാ പ്രവാചകന്മാരുടെയും സകല സവിശേഷതകളിലും എല്ലാ കാലഘട്ടങ്ങളിലേക്കും വ്യതിരിക്ത വ്യക്തിത്വമാകുന്നു. ഹദ്റത് നൂഹ് (അ) സവിശേഷ ഗുണം തബ്ലീഗായിരുന്നു. ഹദ്റത് ഇബ്റാഹിം (അ) ന്റെ സവിശേഷ ഗുണം ന്യായപൂർത്തീകരണത്തിന്റെ ഉത്തമമായ നിലപാടായിരുന്നു. ഹദ്റത് മൂസാ (അ) ന്റെ സവിശേഷ ഗുണം മർദ്ദിതരുടെ മോചനമായിരുന്നു. ഹദ്റത് യൂസുഫ് (അ) ന്റെ സവിശേഷ ഗുണം അപകടകരമായ പ്രേരണയുണ്ടായിട്ടും പവിത്രതയെ സംരക്ഷിച്ചു എന്നതായിരുന്നു. ഹദ്റത് ഈസാ (അ) ന്റെ സവിശേഷ ഗുണം ക്ഷമയും സഹനവുമായിരുന്നു. ചുരുക്കത്തിൽ എല്ലാ പ്രവാചകന്മാരും അവരവരുടെ കാലഘട്ടത്തിൽ സ്വന്തം ഗുണത്തിൽ വ്യതിരിക്തത പുലർത്തിയിരുന്നു. എന്നാൽ മുഹമ്മദ് മുസ്തഫാ (സ) തിരുമേനി സർവ പ്രവാചകന്മാരുടെയും സകല സവിശേഷ ഗുണങ്ങളെയും പൂർണമായും ഉൾക്കൊണ്ടു കൊണ്ട് എന്നെന്നേക്കുമായി നിസ്തുലവും അനുപമവുമായ വ്യക്തിത്വമായിത്തീരുകയുണ്ടായി.

## ദൈവീക പ്രതിപുരുഷൻ

നബി തിരുമേനി (സ) യുടെ ജീവിതം ദൈവീകഗുണങ്ങളുടെ പരിപൂർണ പ്രതിപുരുഷനാകുന്നു. മനുഷ്യന്റെ സർവകഴിവുകളും ആ മഹാത്മാവിന് നൽകപ്പെട്ടിരുന്നു. അല്ലാഹുവിന്റെ സവിശേഷഗുണങ്ങളെ തന്റെ പ്രാപ്തിക്കനുസരിച്ച് പരിപൂർണ അനുരക്തിയുടെ നിറത്തിൽ സ്വായത്തമാക്കുന്നതിനുള്ള അവസരം നബി (സ) യ്ക്ക് ലഭിച്ചിരുന്നു. അല്ലാഹുവിന്റെ അസ്തിത്വത്തെയും സവിശേഷഗുണത്തെയും കുറിച്ചുള്ള സ്മരണയും പരാമർശവും സദാ സമയവും നബി(സ) യുടെ ഹൃദയത്തിലും നാവിലും ഉണ്ടാകുമായിരുന്നു. അക്കാരണത്താലാണ് മക്കയിലെ ഖുറൈശികൾ **അശഖ മുഹമ്മദുൻ റബ്ബഹു** മുഹമ്മദ് (സ) തന്റെ നാഥന്റെ അനുരക്തിയിൽ മുഴുകിയിരു ന്നു എന്ന് വിളിച്ചു പറഞ്ഞത്. അല്ലാഹു നബി(സ) യുടെ പരിപൂർണ പ്രതിരൂപത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് പറയുന്നു, **സുമ്മ ദനാ ഫതദല്ലാ ഫകാന ഖാബ ഖൗസ യ്നി അവ് അദ്നാ.** നബി(സ) അല്ലാഹുവിന്റെ സാമീപ്യം പ്രാപിച്ചു കൊണ്ട് സ്വഭാവസംസ്കരണത്തിനായി നിയോഗിക്കപ്പെട്ടിരിക്കുകയാണ്. രണ്ട് വില്ലുകളുടെ സംഗമസ്ഥാനത്ത് എത്തിപ്പെട്ടിരിക്കുന്നു. ഈ പരിപൂർണ പ്രാതിനിധ്യത്തിന്റെ കാരണത്താലാണ് നബി (സ) യ്ക്ക് മുഹമ്മദ് (സ) എന്ന പരിശുദ്ധ നാമം ലഭിച്ചത്.

## സമ്പൂർണ വേദഗ്രന്ഥം

അല്ലാഹു നബി തിരുമേനി (സ) യ്ക്ക് എന്നെന്നും ദൃഷ്ടാന്തമായിരിക്കുന്ന പരിപൂർണവേദഗ്രന്ഥം നൽകുകയുണ്ടായി. ധാർമികതയുടെയും സംസ്കാരത്തിന്റെയും ഉന്നതമായ അദ്ധ്യാപനങ്ങൾ വിശുദ്ധഖുർആനിലുണ്ട്. അത് ജീവനുള്ള ആഗോള ഭാഷയിലാണ് അവതരിച്ചത്. അത് എന്നെന്നും സംരക്ഷിച്ച് കൊണ്ടിരിക്കുന്നതാണെന്ന വാഗ്ദാനവും അല്ലാഹു നൽകിയിരിക്കുന്നു. ആന്ത്യനാൾ വരെ അതിന് സമാനമായത് കൊണ്ടു വരാൻ മനുഷ്യ തലമുറകൾക്ക് സാധ്യമല്ല. ജീവനുള്ള ഈ ഗ്രന്ഥത്തിൽ നബി (സ)യുടെ ജീവിതം സുരക്ഷിതമാക്കപ്പെട്ടിരിക്കുന്നു. **ഇന്നക്ക ലഅലാ ഖുൽഖിൻ അളീം** എന്ന് പ്രഖ്യാപിച്ചു കൊണ്ട് പ്രസ്തുത സ്വഭാവഗുണങ്ങളെ എല്ലാവർക്കുമായി മാതൃകയാക്കിയിരിക്കുന്നു...

## പദവികളുടെ ഉയർച്ചയ്ക്കായുള്ള അർഥന

ലക്ഷക്കണക്കിനും കോടിക്കണക്കിനും സമുദായക്കാർ ഭൂമിയുടെ ഓരോ കോണിൽ നിന്നും നബി (സ) യ്ക്ക് ഓരോ നിമിഷവും സലാം എത്തിച്ചു കൊണ്ടിരിക്കുന്നു എന്നത് നമ്മുടെ പ്രിയ നേതാവ് (സ) യുടെ ഒരു സവിശേഷതയാകുന്നു. എന്താണ് സലാം? അത് സ്നേഹഭരിതമായ ഹൃദയങ്ങളുടെ ദൈവസമക്ഷത്തിലുള്ള ഒരു അർഥനയാകുന്നു. അല്ലാഹുവേ! നീ ഞങ്ങളുടെ സ്നേഹനിധിയും ഔദാര്യവാനുമായ ഹദ്റത് മുഹമ്മദ് (സ) യുടെ പദവികൾ കൂടുതൽ ഔന്നിത്യത്തിലേക്ക് എത്തിക്കേണമെ. നബി(സ) യുടെ സ്വീകാര്യതയെ വർദ്ധിപ്പിക്കേണമെ. മുസ്ലിംകൾ ലോകത്തങ്ങോളമിങ്ങോളം ഓരോ പള്ളികളിൽ നിന്നും ഓരോ സ്ഥലങ്ങളിൽ നിന്നും ബാങ്കുകളിലൂടെ **അശ്ഹദു അന്ന മുഹമ്മദുർ റസൂലുല്ലാഹ്** എന്ന ശബ്ദം ഉയർത്തുന്നതു പോലെ ലോകത്തെ മറ്റൊരു നബിയുടെയും അനുയായികൾ അർഥിച്ചിട്ടില്ല. നബി (സ) അനുയായികൾ പ്രേമാധിക്യത്തോടും ആത്മാർഥതയോടും കൂടി തങ്ങളുടെ ദുആകളിൽ നബിതിരുമേനി (സ) യുടെ പദവികളുടെ ഉയർച്ചയ്ക്കു വേണ്ടി യാചിക്കുന്നു. ആ മഹാത്മാവിന്റെ സമുദായത്തിന്റെ ഈ പാരിതോഷികം ഓരോ നിമിഷവും നബി (സ) യ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ ആ പുണ്യാത്മാവിന്റെ മഹത്വം ഓരോ നിമിഷവും ഉന്നതി പ്രാപിച്ചുകൊണ്ടിരിക്കുന്നു. *അല്ലാഹുമ്മ സ്വല്ലി ആലാ മുഹമ്മദിൻ വ ബാരിക് വ സല്ലിം.*

(അവ: അൽഫുർഖാൻ, റബ്വ)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

# യുദ്ധ മൈതാനത്തിലെ സ്വഭാവ മഹിമ

**ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)**

ഹദ്റത് മുഹമ്മദ് നബി(സ) ഒരു യുദ്ധ തന്ത്രജ്ഞനും ധീര പോരാളിയും എന്ന നിലയിൽ റസൂൽ (സ) ക്ക് നേരിടേണ്ടിവന്ന യുദ്ധങ്ങളെ കുറിച്ച് നോക്കുമ്പോൾ, അദ്ദേഹത്തിന് ഉണ്ടായിരുന്ന പരിമിതമായ യുദ്ധ സാമഗ്രികളും, സന്നാഹങ്ങളും എതിരാളികൾക്കുണ്ടായിരുന്ന യുദ്ധ നൈപുണ്യവും ശക്തിയും തുലനം ചെയ്യുമ്പോൾ അദ്ദേഹം ഒരു തികഞ്ഞ യുദ്ധ തന്ത്രജ്ഞൻ കൂടിയായിരുന്നു എന്ന് മനസ്സിലാകുന്നതാണ്. അദ്ദേഹം ഒരു പരിഷ്ക്കർത്താവായിരുന്നു. യുദ്ധം ചെയ്യേണ്ടി വന്നത് പോലും നിർബന്ധിത സാഹചര്യങ്ങളിൽ ആയിരുന്നു. അപ്പോൾ പോലും യുദ്ധമൈതാനത്ത് അദ്ദേഹം പ്രകടിപ്പിച്ച ആത്മവിശ്വാസവും അദ്ദേഹത്തിന് ലഭിച്ച വിജയങ്ങളും ഒരു മുഅ്ജിസിയിൽ കുറഞ്ഞ ഒന്ന് ആയിരുന്നില്ല.

## ഉഹ്ദ് യുദ്ധം

ഹിജ്റാ ൩ാം ആണ്ടിൽ ശവ്വാൽ മാസത്തിൽ ശത്രുക്കളുടെ 3000 യോദ്ധാക്കളടങ്ങിയ ഒരു സംഘം മദീനയെ ആക്രമിക്കാൻ വരുന്നുണ്ട് എന്ന വാർത്ത അവിടുത്തുകാർക്ക് ലഭിക്കുകയുണ്ടായി. ബദ്ർ യുദ്ധത്തിൽ സംഭവിച്ച നാണം കെട്ട തോൽവിക്ക് പ്രതികാരമായിക്കൊണ്ട് മുസ്ലീംകളെ പൂർണ്ണമായും തുടച്ചു നീക്കുന്നതാണ് എന്ന ഉദ്ദേശത്തോടെ പുറപ്പെട്ട ആ സൈന്യത്തിൽ എണ്ണമറ്റ ഒട്ടക സവാരികളെ കൂടാതെ ഇരുനൂറോളം കുതിരകളുമുണ്ടായിരുന്നു.

## ഖാലിദ് ബിൻ വാലിദ്

ഈ യുദ്ധ സംഘത്തിന്റെ സൈന്യാധിപൻ അബൂസുഫിയാൻ എന്ന ധീരനായ പോരാളിയായിരുന്നു. അദ്ദേഹത്തോടൊപ്പം ഹദ്റത് ഖാലിദ് ബിൻ വാലിദിനേപ്പോലുള്ള അസാമാന്യ യുദ്ധനൈപുണ്യമുള്ള പ്രതിഭകളും ഉണ്ടായിരുന്നു. ചരിത്രം പരിശോധിക്കുകയാണെങ്കിൽ വാലിദിനെപ്പോലുള്ള പ്രതിഭകൾ ഭൂമിയിൽ ജനിച്ചിട്ടുണ്ടോ എന്ന് തന്നെ സംശയമാണ്. തന്റെ അസാമാന്യ വൈഭവം കൊണ്ട് യുദ്ധ മൈതാനത്ത് നിറഞ്ഞു നിൽക്കുന്ന അദ്ദേഹം പിൽക്കാലത്ത് റോമാ സാമ്രാജ്യത്തെയും, ഫാർസി സാമ്രാജ്യത്തേയും തന്റെ കാൽചുവട്ടിൽ കൊണ്ടു വന്നു. അദ്ദേഹം ജീവിച്ചിരുന്ന കാലമത്രയും അദ്ദേഹത്തിനെ എതിരിട്ട് തോൽപ്പിക്കാൻ പ്രാപ്തിയുള്ള ആരും തന്നെ ഭൂമിയിൽ ഉണ്ടായിരുന്നില്ല എന്നതാണ് വാസ്തവം.

## സമാധാനത്തിന്റെ ധ്വജവാഹകൻ

എന്നാൽ ഇത്രയും ശക്തിമത്തായ എതിരാളികൾക്ക് മുന്നിൽ സമാധാനത്തിന്റെ ലോക രാജാവായ റസൂൽ കരീം(സ) ക്ക് അണിനിരത്തേണ്ടി വന്നു. കാരുണ്യത്തിന്റെ പ്രവാചകനായ അദ്ദേഹം ലോകർക്ക് ശാന്തിസമാധാന മന്ത്രം പഠിപ്പിക്കാൻ വേണ്ടി വന്നതായിരുന്നു. ഏക ദൈവവിശ്വാസത്തെ ജനഹൃദയങ്ങളിൽ സ്ഥാപിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ദൗത്യം. കറുത്തവരേയും വെളുത്തവരേയും, കിഴക്കും പടിഞ്ഞാറും ഉള്ള ജനങ്ങളേയും സമാധാനത്തിന്റെ കൊടിക്കീഴിൽ അണിനിരത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ശപഥം, അതല്ലാതെ യുദ്ധം ചെയ്യുക എന്നത് ആയിരുന്നില്ല. എങ്കിൽ പോലും ഖാലിദ് ബിൻ വലീദിന് ജീവിതത്തിൽ ആദ്യമായി തന്റെ യുദ്ധതന്ത്രങ്ങൾ പരാജയപ്പെടുന്നതായി കാണാനായി. ഖാലിദിന്റെ ഓരോ വിദഗ്ദമായ നീക്ക ങ്ങൾക്കും എതിരിൽ റസൂൽ കരീം (സ) വിജയം പ്രാപിക്കുകയും ചെയ്തു.

## ശത്രുക്കളുടെ തന്ത്രം

ഖാലിദിനെപ്പോലുള്ള യുദ്ധനൈപുണ്യരായ ആളുകളുടെ അഭിപ്രായ പ്രകാരം മക്കയ്ക്ക് 250 ദൂരമുള്ള മദീനയെ നേരിട്ട് ചെന്ന് അക്രമിക്കാതെ കിഴക്ക് ഭാഗത്തുള്ള ഉഹ്ദ് പർവ്വതത്തിന്റെ താഴ് വാരം തിരഞ്ഞെടുത്തു. അതിൽ താഴെ പറയുന്ന തന്ത്രമാണ് ഉണ്ടായിരുന്നത്.

1. ഉഹദ് താഴ്‌വരയിൽ അൻസാറുകളുടെ വ്യവസായ നിലങ്ങൾ ഉണ്ടായിരുന്നു. തങ്ങളുടെ കൃഷിയിടങ്ങൾ നശിച്ചു എന്ന കാരണത്താൽ അൻസാറുകൾ നിർബന്ധിതരായിക്കൊണ്ട് മദീനയിൽ നിന്ന് പുറത്ത് വരികയും മുശ്രിക്കീങ്ങൾ തിരഞ്ഞെടുത്ത മൈതാനത്ത് വച്ച് തന്നെ അവരെ നേരിടേണ്ടി വരികയും ചെയ്യും.
2. ബദർ യുദ്ധത്തിൽ സംഭവിച്ചത് പോലെ മുസ്ലിംകൾ ശക്തമായി തിരിച്ചടിച്ചാലും, മക്കയിലേക്ക് എളുപ്പത്തിൽ തിരിച്ചു പോകാൻ സാധിക്കില്ല എന്ന കാരണത്താൽ തങ്ങളുടെ സൈന്യം ഓടിപ്പോകാതെ മൈതാനത്ത് നിലയുറച്ച് യുദ്ധം ചെയ്യും.
3. മുസ്‌ലിം സൈന്യത്തെ ആക്രമിച്ച് മുന്നേറുകയാണെങ്കിൽ എളുപ്പത്തിൽ മദീനയിലേക്ക് പ്രവേശിച്ച് അതിനെ കീഴ്പ്പെടുത്താൻ സാധിക്കും.
4. ഈ രീതിയിൽ മദീനാവാസികളോടൊപ്പം പൊരുതിക്കൊണ്ട് അവിടെ പ്രവേശിക്കുകയാണെങ്കിൽ മദീനക്കാർ അവരുടെ വീടിന് മുകളിൽ സുരക്ഷക്കായി സൂക്ഷിച്ചിരിക്കുകയും മറ്റ് ആയുധങ്ങളും ഉപയോഗിച്ച് മുശ്രിക്കീങ്ങളെ അക്രമിക്കാൻ കഴിയില്ല.
5. മുശ്രിക്കീങ്ങളുടെ പക്കൽ ഇരുനൂറോളം കുതിരപ്പോരാളികൾ ഉണ്ടായിരുന്നു അക്കാരണത്താൽ തന്നെ എളുപ്പത്തിൽ അവർക്ക് മുസ്ലിം സൈന്യത്തിന്റെ പിൻഭാഗത്ത് വരാനും അങ്ങനെ അവരെ മൊത്തത്തിൽ വളഞ്ഞ് അക്രമിക്കാനും സാധിക്കും.

അങ്ങനെ ഈ യുദ്ധതന്ത്രങ്ങളിലൂടെ എളു പ്പത്തിൽ മുസ്‌ലീംകളെ തോൽപ്പിക്കാൻ സാധിക്കുന്നതാണ് എന്ന് അവർ കരുതി.

## അല്ലാഹുവിന്റെ സൈന്യാധിപൻ

റസൂൽ കരീം(സ) യുദ്ധ മൈതാനത്തിലെ സ്ഥിതിഗതികൾ ആളെ അയച്ചു മനസ്സിലാക്കിയ ശേഷം ആശ്ചര്യജനകമായ ഒരു തീരുമാനം എടുത്തു. എന്നാൽ അത് അപ്പോൾ വെളിപ്പെടുത്താതെ മദീനയിൽ നിന്ന് അകലത്തിൽ എത്തിയ ശേഷം സഹാബാക്കളോട് ചോദിച്ചു? നിങ്ങളിൽ ആരാണ് എന്നെ മക്കാ സൈന്യത്തിന്റെ മറുഭാഗത്ത് അതായത് ഉഹ്ദ് പർവ്വതത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് കൊണ്ടു പോകുന്നത്? ഈ തീരുമാനം തികച്ചും ആശ്ചര്യജനകവും അത്ഭുതപ്പെടുത്തുന്നതും ആയിരുന്നു. കാരണം ലോകത്തിലെ ഒരു സൈന്യാധിപനും തന്നെ യുദ്ധസമയത്ത് സ്വന്തം പട്ടണത്തിലേക്കു ള്ള പ്രവേശന മാർഗം എതിരാളികൾക്ക് വിട്ട് കൊടുത്ത് കൊണ്ട്, ശത്രു സൈന്യത്തിന്റെ മറുഭാഗത്ത് നിന്ന് യുദ്ധം ചെയ്യുക എന്നത് ഒരു ഉചിതമായ തീരുമാനം ആണെന്ന് പറയുകയില്ല. എന്നാൽ പിന്നീടുള്ള സംഭവ

വികാസങ്ങൾ തെളിയിക്കുന്നത് ഈ തീരുമാനം വളരെ ശരിയായിരുന്നു എന്നതാണ്. തുടക്കത്തിലെ ഒന്ന് രണ്ട് മണിക്കൂറുകൾക്കുള്ളിൽ തന്നെ യുദ്ധത്തിൽ മുസ്‌ലിം സൈന്യത്തിന് വ്യക്തമായ വിജയം കണ്ട് തുടങ്ങി. അഥവാ റസൂൽ(സ) നിർദ്ദേശിച്ച മറ്റൊരു കാര്യത്തിലും കൂടി മുസ്‌ലീംകൾ ഉറച്ച് നിൽക്കുകയായിരുന്നെങ്കിൽ പിന്നീട് മുസ്‌ലിം സൈന്യത്തിന് നേരിടേണ്ടി വന്ന നഷ്ടം പോലും സംഭവിക്കാതെ വളരെ എളുപ്പത്തിൽ ഈ വിജയം പ്രാപ്യമാകുമാ യിരുന്നു എന്നാണ് ചരിത്രത്തിൽ നിന്ന് മനസ്സിലാകുന്നതാണ്. മൂവായിരത്തോളം വരുന്ന ബഹുദൈവാരാധകരായ സൈന്യത്തിന് എതിരിൽ എഴുന്നൂറോളം വന്ന മുസ്‌ലിം സൈന്യത്തിന് തുടർച്ചയായ വിജയം ലഭിച്ചത് റസൂൽ (സ) യുടെ ഈ തീരുമാനം കാരണമായിരുന്നു.

## ദീർഘ വീക്ഷണം

മദീനയിൽ നിന്ന് മടങ്ങിയ ബഹുദൈവാരാധകർ പാതി വഴിയിൽ തങ്ങുകയും വീണ്ടും അവസരം പാർത്ത് മദീനയെ അക്രമിക്കാൻ ചർച്ചകൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ റസൂൽ കരീം(സ) ഹദ്റത് സഅദ്(റ) നെ സ്ഥിതിഗതികൾ മനസ്സിലാക്കാൻ അയ ച്ചു. വിവരം ലഭിച്ചപ്പോൾ തന്നെ റസൂൽ (സ) യുദ്ധത്തിൽ പങ്കെടുത്ത സഹാബാക്കളെ അവരെ പിൻതുടരാൻ നിയോഗിച്ചു. ആ കൂട്ടത്തിൽ പുതിയതായി ആരെയും പങ്കെടുക്കാൻ അനുവദിച്ചില്ല. അവരിൽ ഭൂരിഭാഗം പേരും പരിക്കേറ്റവർ ആയിരുന്നു. യുദ്ധമൈതാനത്ത് നിന്ന് തങ്ങളുടെ സുഹൃത്തുക്കളെ സുരക്ഷിതമായ സ്ഥലത്ത് കൊണ്ടു പോകുന്ന കാഴ്ച്ച നമുക്ക് കാണാൻ സാധിക്കുന്നതാണ്. എന്നാൽ മുറിവേറ്റ സുഹൃത്തുക്കളേയും ചുമന്ന് കൊണ്ട് വീണ്ടും യുദ്ധമൈതാനത്തിലേക്ക് കുതിക്കുന്ന കാഴ്ച ചരിത്രത്തിൽ മറ്റ് എവിടെയും കാണാൻ സാധ്യമല്ല.

ഇങ്ങനെ ഒരു തീരുമാനം എടുക്കാൻ റസൂൽ (സ) യെ പ്രേരിപ്പിച്ചത് താഴെ കൊടുത്തിരിക്കുന്ന കാരണങ്ങളാണെന്ന് മനസ്സിലാകുന്നതാണ്.

1. മുസ്‌ലീംകൾക്ക് തങ്ങൾ തോറ്റുപോയി എന്ന ചിന്ത ലവലേശം പോലും അവശേഷിക്കാതിരിക്കാൻ ഇത് ഉപകരിച്ചു.

2. പുറത്ത് നിന്നും പുതിയ ആളുകളെ ചേർക്കാതിരുന്നതിന് പിന്നിൽ അല്ലാഹുവിൽ മാത്രമേ നബി (സ) പൂർണ്ണ വിശ്വാസം അർപ്പിച്ചിട്ടുള്ളൂ, ബാഹ്യമായ ശക്തിയിൽ വിശ്വസിച്ചിരുന്നില്ല എന്നു മനസ്സിലാകുന്നു. ഇത് അദ്ദേഹത്തിന്റെ സത്യസന്ധതക്കുള്ള തെളിവും കൂടിയാണ്.

3. ഈ തീരുമാനം സഹാബാക്കളിൽ പുതിയ ഒരു ആവേശം ഉണ്ടാക്കി എടുത്തു. അപ്രതീക്ഷിതമായി സംഭവിച്ച അക്രമണത്തിൽ പിൻവാങ്ങിയവർ തങ്ങളുടെ വിശ്വാസം ഉറച്ചതാണെന്ന് തെളിയിക്കുന്നതിനുള്ള ഒരു സുവർണ്ണ അവസരമായി കണ്ടു.

4. റസൂൽ (സ) തീരുമാനം വെറും ബാഹ്യ ആവേശത്താൽ ഉള്ളതായിരുന്നില്ല എന്നതിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് തന്നെ മുഴുവൻ സഹാബാക്കളും അദ്ദേഹത്തിന്റെ കല്പന ഉൾകൊണ്ടു. ഗുരുതരമായി മുറിവേറ്റ സഹാബാക്കൾ പോലും വീണ്ടും എഴുന്നേറ്റും മറ്റുള്ള സഹാബാക്കളുടെ സഹായത്തോടെയും യുദ്ധമൈതാനത്തിലേക്ക് കുതിക്കുവാൻ തയ്യാറായി.

5. അബൂസുഫിയാന്റെ നേതൃത്വത്തിൽ നമറാത്ത് എന്ന സ്ഥലത്ത് തമ്പടിച്ചിരുന്ന ബഹുദൈവാരാധകരുടെ സൈന്യം ഇസ്‌ലാമിക സൈന്യത്തിന്റെ വരവിനെ കുറിച്ച് അറിഞ്ഞപ്പോൾ തന്നെ ജീവൻ രക്ഷിച്ച് മക്കയിലേക്ക് തിരിച്ചോടുകയുണ്ടായി.

## യുദ്ധമൈതാനത്തിൽ സുശിക്ഷണം

ഒരു തന്ത്രജ്ഞനായ പോരാളി എന്നതിലുപരി റസൂൽ (സ) യുടെ മുഴുവൻ ശ്രദ്ധയും സഹാബാക്കൾക്ക് സുശിക്ഷണം നൽകുക എന്നതായിരുന്നു. യുദ്ധമൈതാനത്തിൽ പോലും അദ്ദേഹം തന്റെ സഹാബാക്കളുടെ ശിക്ഷണ കാര്യങ്ങളിലേക്കാണ് കൂടുതൽ ശ്രദ്ധ ചെലുത്തിയിരുന്നത്.

അബൂ ആമിർ ബഹുദൈവാരാധകരുടെ കൂട്ടത്തിൽ യുദ്ധം ചെയ്യുമ്പോൾ തന്നെ അയാളുടെ മകൻ ഹൻസലാ ഇസലാം മതം സ്വീകരിച്ച് മുസ്‌ലിം സൈന്യത്തോടൊപ്പം പോരാടുകയായിരുന്നു. ഹൻസലാ തന്റെ പിതാവിനെ നേരിടുവാനുള്ള അനുവാദം റസൂൽ (സ) യോട് ചോദിച്ചെങ്കിലും പിതാവ്, പുത്രന്റെ കയ്യാൽ വധിക്കപ്പെടരുത് എന്ന് ആഗ്രഹം കാരണത്താൽ അദ്ദേഹം അതിന് അനുമതി നൽകിയില്ല. (സീറത്തുന്നബി)

ഇത്തസ എന്ന വ്യക്തിയുടെ അക്രമണത്തിൽ റസൂൽ (സ) യുടെ രണ്ട് പല്ലുകൾ ശഹീദ് ആവുകയുണ്ടായി. ഇത്ത്സയുടെ സഹോദരൻ ഹദ്റത്ത് സഅദ് ബിൽ അബീ വഖാസ് ഇസ്‌ലാമിക സൈന്യത്തോടൊപ്പം ഉണ്ടായിരുന്നു. റസൂൽ (സ) യുടെ പല്ലുകൾ ശഹീദായ വിവരം അറിഞ്ഞ സഅദ്(റ) ഇത്തസയെ കൊല ചെയ്യുവാനായി മുന്നോട്ട് കുതിച്ചു. തന്റെ സ്വസഹോദരനെ വധിക്കുവാനായി അദ്ദേഹത്തിന്റെ ഹൃദയത്തിൽ ആവേശം അലതല്ലി. ഇത്തസയെ വധിക്കുന്നതിലൂടെ മാത്രമേ തനിക്ക് മനശാന്തി ലഭിക്കുകയുള്ളൂ എന്ന് തീരുമാനിച്ച സഅദ് (റ) രണ്ട് പ്രാവശ്യം ശത്രുപഥത്തെ വെട്ടി മാറ്റി കൊണ്ട് മുന്നേറി. എന്നാൽ രണ്ട് പ്രാവശ്യം ഇത്തസ ഒഴിഞ്ഞ് മാറിക്കളഞ്ഞു. മൂന്നാമത്തെ പ്രാവശ്യം മുന്നോട്ട് കുതിക്കുന്നത് കണ്ട റസൂൽ(സ) ഹദ്റത് സഅദ് (റ)നെ തടഞ്ഞ് കൊണ്ട് പറഞ്ഞു, അല്ലാഹുവിന്റെ അടിമയെ! നീ നിന്റെ ജീവൻ വെടിയാൻ തുനിയുകയാണോ? അങ്ങനെ ഹുസൂർ (സ) തടഞ്ഞ് നിർത്തിയ കാരണത്താൽ അദ്ദേഹം ആ തീരുമാനത്തിൽ നിന്ന് പിന്മാറുകയുണ്ടായി എന്ന് സഅദ് (റ) പറയുന്നു. (സീറത്തുന്നബി)

## അന്ധന് കാഴ്ച്ച നൽകുന്നു

ഹദ്റത് ഖത്താദ ബിൻ നുഅ്മാൻ(റ) ന്റെ കണ്ണുകളിൽ ശത്രുക്കളുടെ അമ്പ് തറക്കുകയും കണ്ണ് പുറത്തേക്ക് തള്ളുകയും ചെയ്തു. ഖത്താദാ (റ) പറയുന്നു, ഞാൻ റസൂൽ(സ) യുടെ സന്നിധിയിൽ ഹാജരായിക്കൊണ്ട് പറഞ്ഞു, എന്റെ ഭാര്യമാരിൽ ഒരാൾ ചെറുപ്പക്കാരിയും സുന്ദരിയുമാണ്. ഞാൻ അവളെ ഒരുപാട് സ്നേഹിക്കുകയും അവൾ എന്നെ സ്നേഹിക്കുകയും ചെയ്യുന്നു. എന്റെ കണ്ണുകൾ അവൾക്ക് അഭംഗിയായിത്തോന്നരുത് എന്ന് ഞാൻ ആഗ്രഹിക്കുന്നു. റസൂൽ(സ) അദ്ദേഹത്തിന്റെ കണ്ണുകൾ യഥാസ്ഥാനത്ത് വയ്ക്കുകയുണ്ടായി. അദ്ദേഹത്തിന് ഉടൻ തന്നെ കാഴ്ച്ചശക്തി തിരിച്ചു ലഭിക്കുകയും പഴയതു പോലെ ആകുകയും ചെയ്തു. (ശുറുഉൽ ഹർസ് തർജ്ജമ ഫുറുഹുൽ അറബ്.)

ഈ സംഭവം നടക്കുന്നത് ശക്തമായ ഒരു യുദ്ധത്തിൽ എതിരാളികൾ നാലുഭാഗത്ത് നിന്നും വളഞ്ഞിരിക്കുന്ന അവസരത്തിലാണ്. ആ അവസരത്തിൽ പോലും സഹാബാക്കൾ റസൂൽ (സ) യുടെ അരികിലേക്കാണ് ഓടിവരുന്നത്. ഇത് ഭൗതിക സൈന്യാധിപനാണെങ്കിൽ അയാളെ അപമാനിക്കുമായിരുന്നു. എന്നാൽ റസൂൽ(സ) വളരെ ക്ഷമയോടുകൂടി അദ്ദേഹത്തിന്റെ വാക്കുകൾ കേട്ട്, ആ ഹൃദയത്തെ മനസ്സിലാക്കിക്കൊണ്ട്, ഒരു നവവധുവിൽ കരുണ ചൊരിഞ്ഞുകൊണ്ട് അവരുടെ സ്നേഹത്തിൽ ഉണ്ടാകുമായിരുന്ന പരീക്ഷണത്തെ അതിജയിപ്പിക്കാൻ ശ്രമിച്ചു. മുഴുവൻ ലോകത്തിന്റെയും കാരുണ്യമായിരുന്ന അദ്ദേഹത്തിന്റെ ഹൃദയനൊമ്പരം ഉൾക്കൊണ്ട് കൊണ്ടാണ് ശാഫിയായ അല്ലാഹു ഈ ഒരു വിചിത്രമായ മുഅ്ജിസാ കാണിച്ചത്.

## തീരുമാനം കൽപ്പിക്കുന്നവരിൽ ഉത്തമൻ

ഒരു നൈപുണ്യമുള്ള യുദ്ധ തന്ത്രജ്ഞൻ എന്നതിൽ ഉപരി പ്രവാചകത്വത്തിന്റെ എല്ലാ വശങ്ങളിലും റസൂൽ (സ) തിരുമേനി നീതിപൂർവ്വം തീർപ്പു കൽപ്പിക്കുന്ന വ്യക്തിത്വത്തിന് ഉടമയുമായിരുന്നു. ⇨

ഉഹ്ദ് യുദ്ധത്തിന് മുൻപ് തന്നെ അംഗവൈകല്യമുള്ളവർക്ക് യുദ്ധത്തിൽ പങ്കെടുക്കുന്നത് നിർബന്ധമല്ലാ എന്ന വിശുദ്ധ ഖുർആൻ കല്പനയുടെ അടിസ്ഥാനത്തിൽ റസൂൽ (സ) തീരുമാനം കല്പിച്ചിരുന്നു. കാലിന് വൈകല്യമുള്ള ഹദ്റത് ഉമർ ബിൻ ജമ്മൂൽ (റ) എന്ന ഒരു സഹാബി യുദ്ധത്തിൽ പങ്കെടുക്കാൻ ആഗ്രഹിച്ചു. എന്നാൽ യുദ്ധത്തിൽ പങ്കെടുക്കുന്ന അദ്ദേഹത്തിന്റെ നാല് ആൺമക്കളും അദ്ദേഹത്തിനെ യുദ്ധത്തിന് കൊണ്ടു പോകാൻ കൂട്ടാക്കിയില്ല. അദ്ദേഹം റസൂൽ (സ) യുടെ സന്നിധിയിൽ എത്തിക്കൊണ്ട് ഉണർത്തിച്ചു, അല്ലയോ അല്ലാഹുവിന്റെ റസൂലെ, ഞാൻ എന്റെ വൈകല്യമുള്ള കാലുകൾകൊണ്ട് സ്വർഗ്ഗത്തിന്റെ പൂന്തോപ്പിൽ കളിച്ച് ഉല്ലസിച്ച് നടക്കാൻ ആഗ്രഹിക്കുന്നു. ഇത് കേട്ട റസൂൽ (സ) പുഞ്ചിരി തൂകിക്കൊണ്ട് മക്കളെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു, നിങ്ങൾക്ക് നിങ്ങളുടെ പിതാവിനെ നിർബന്ധപൂർവ്വം തടയാൻ യാതൊരു അധികാരവും ഇല്ല. ഉമർ ബിൻ ജമൂൽ (റ) നെ അഭിസംബോധനം ചെയ്ത് കൊണ്ട് പറഞ്ഞു, നിങ്ങൾക്ക് ഈ അവസ്ഥയിൽ ജിഹാദ് നിർബന്ധമില്ല. പക്ഷേ ഞാൻ നിങ്ങളെ തടയാൻ ആഗ്രഹിക്കുകയുമില്ല.

(ശുറുഉൽ ഹർസ് തർജ്ജമ ഫുതുഹുൽ അറബ് )

## യുദ്ധസന്നാഹം

ഉഹ്ദ് യുദ്ധത്തിൽ പറയത്തക്ക നേട്ടം ഒന്നും ലഭിക്കാതിരുന്ന ശത്രുക്കൾ വീണ്ടും ഒരിക്കൽ കൂടി മദീനയെ അക്രമിക്കാൻ തീരുമാനിച്ചു. ഇപ്രാവശ്യം മദീനയെ വ്യത്യസ്തമായ വഴികളിലൂടെ വളഞ്ഞ് ഇസ്ലാമിനെ നാമാവശേഷമാക്കണം എന്ന ഉറച്ച തീരുമാനത്തിൽ ശത്രുക്കൾ യഹൂദികളുമായിച്ചേർന്ന് കൊണ്ട് പദ്ധതികൾ ആവിഷ്ക്കരിച്ചു. ഹിജ്റ 5ാം വർഷത്തിൽ ശവ്വാൽ മാസത്തിലെ 20 മുതൽ 25 വരെയുള്ള തിയ്യതികളിൽ വിത്യസ്തമായ സംഘങ്ങൾ വിത്യസ്തമായ വഴികളിലൂടെ പുറപ്പെട്ടു. 10,000 മുതൽ 25,000 വരെ എതിരാളികൾ ഈ സംഘ ത്തിൽ ഉണ്ടായിരുന്നു എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇതിനെ കുറിച്ച് മുമ്പ് തന്നെ സൂചന ലഭിച്ച റസൂൽ (സ) ഹദ്റത് സൽമാൻ ഫാർസിയുടെ അഭിപ്രായ പ്രകാരം മദീന യ്ക്ക് ചുറ്റും കിടങ്ങുകൾ കുഴിക്കാൻ തീരുമാനിച്ചു.

## അത്യധ്വാനം ചെയ്യുന്ന തൊഴിലാളി

സഹാബാക്കൾ പല ഗ്രൂപ്പുകളായിക്കൊണ്ട് കിടങ്ങുകൾ കുഴിക്കുമ്പോൾ, റസൂൽ (സ) മേൽനോട്ടക്കാരനായി മാറിനിൽക്കാതെ, കുഴി കുഴിക്കുകയും, മണ്ണ് വാരുകയും, അത് ചുമക്കുകയും ചെയ്യുന്ന തൊഴിലാളിയുടെ പരിവേഷമണിഞ്ഞു. ഇത് ഏതാനും ചില മണിക്കൂറുകൾ ദൈർഘ്യമുള്ള ജോലിയായിരുന്നില്ല. മറിച്ച് ദിവസങ്ങളോളം രാവും പകലും നീണ്ടു നിൽക്കുന്നു.

അത്യധ്വാനവും കാഠിന്യവും ഏറിയ ജോലിയായിരുന്നു. അതിനിടയിൽ ഒരു കൂറ്റൻ പാറ പൊട്ടി ക്കാൻ കഴിയാതെ വന്ന സഹാബാക്കൾ റസൂൽ (സ) യെ സമീപിച്ചു. നിങ്ങളെപ്പോലെ ശക്തരായ ആളുകളെ ക്കൊണ്ട് സാധിക്കാത്തത് എനിക്ക് എങ്ങനെ സാധിക്കും എന്ന് പറഞ്ഞ് ഒഴിഞ്ഞ് മാറാതെ ഉടൻ തന്നെ അവരെ സഹായിക്കാൻ ചെന്ന് അല്ലാഹുവിൽ സർവതും ഭരമേൽപ്പിച്ചുകൊണ്ട് അദ്ദേഹം ആഞ്ഞ് വെട്ടി. ചുറ്റികയുടെ അടിയേറ്റ പാറക്കഷ്ണം പൊടിഞ്ഞ് പോകുന്ന അത്ഭുതകരമായ കാഴ്ച്ചക്കും സഹാബാക്കൾ സാക്ഷ്യം വഹിച്ചു.

## വിശപ്പു സഹിക്കുന്നവൻ

തുടർച്ചയായ യുദ്ധത്തിന്റെ തയ്യാറെടുപ്പുകളും, കഠിനാധ്വാനവും കാരണം സഹാബാക്കൾ വിശന്നു വലഞ്ഞു. ഒരു സഹാബി ഞാൻ വിശപ്പ് സഹിക്കാനാവാതെ വയറ്റിൽ കല്ല് കെട്ടി വച്ചിരിക്കുന്നത് പറഞ്ഞപ്പോൾ റസൂൽ (സ) തന്റെ വയറ്റിൽ കെട്ടിവച്ചിരുന്ന രണ്ട് കല്ലുകൾ കാണിച്ചു കൊടുക്കുകയുണ്ടായി.

ഇതിൽ നിന്നും അദ്ദേഹത്തിന്റെ സഹനത്തിന്റെയും ത്യാഗത്തിന്റെയും ആഴം മനസ്സിലാകുന്നു.

## ഉന്നതമായ മറ്റൊരു മാതൃക

ചരിത്രത്തിൽ നിന്ന് മനസ്സിലാകുന്നത് തന്റെ ഉന്നതമായ സ്വഭാവ മഹിമ വെളിപ്പെടുത്തിയ റസൂൽ (സ) യുദ്ധ വേളയിൽ ശാരീരിക ആവേശങ്ങൾക്ക് അൽപം പോലും വശംവദനായിരുന്നില്ലാ എന്നതാണ്.

ഒരവസരത്തിൽ ശരുക്കളുടെ കൂട്ടത്തിൽ നിന്ന് ഒരു വിഭാഗം കുതിരപ്പോരാളികൾ കിടങ്ങ് മറികടക്കുന്നതിൽ വിജയിച്ചു. ശക്തമായ തണുപ്പും, കഠിനമായ അധ്വാനവും, വിശപ്പിന്റെ ആധിക്യവും മുസ്ലീംകളെ അവശനാക്കി എന്ന തെറ്റിധാരണയിലാണ് അവർ ഈ സാഹസത്തിന് മുതിർന്നത്. എന്നാൽ സഹാബാക്കൾ ഈ അവസ്ഥയിൽ കൂടുതൽ ശക്തരായിത്തീർന്നിരുന്നു എന്നത് അവർ മനസ്സിലാക്കിയില്ല. മുസ്ലീംകളുടെ അക്രമണത്തിൽ ഭയചരിതരായി തിരിച്ചോടുന്നതിനിടയിൽ ഒരു ഗോത്ര നേതാവായിരുന്ന നൗഫൽ ബിൻ അബ്ദുള്ള കുതിരയോടൊപ്പം കിടങ്ങിൽ വീഴുകയുണ്ടായി. ആ വീഴ്ച്ചയിൽ അയാൾ മൃതിയടഞ്ഞു. ഈ വിവരം അറിഞ്ഞ ശത്രുക്കൾ ഭയചകിതരായി. ഉഹ്ദ് യുദ്ധത്തിൽ മുസ്ലിം സൈന്യത്തിന്റെ മൃതശരീരങ്ങളെ വികൃതമാക്കിയതിന് പകരമായി തങ്ങളുടെ നേതാവിന്റെ മൂക്കും ചെവിയും മുറിച്ച് ശവശരീരത്തെ വികൃതമാക്കുമെന്ന് അവർ ഭയപ്പെട്ടു. അങ്ങനെ സംഭവിച്ചാൽ അത് മുഴുവൻ മക്കക്കാരുടെയും മാനഹാനിക്ക് കാരണമാകുമെന്ന് മനസ്സിലാക്കിയ അവർ റസൂൽ (സ) യുടെ അരികിലേക്ക് സന്ദേശം അയച്ചു. ഞങ്ങളുടെ നേതാവിന്റെ മൃതശരീരം മടക്കി നൽകിയാൽ അതിന് പകരം 100 ഒട്ടകങ്ങളെ തരാമെന്ന് അവർ പറഞ്ഞു, ആ സമയത്ത് നൂറ് ഒട്ടകങ്ങൾ ആയിരം ആളുകൾക്ക് പത്ത് ദിവസത്തിനുള്ള ആഹാരത്തിന് മതിയായതാണ് എന്ന് അറിഞ്ഞിട്ടു കൂടി റസൂൽ(സ) ഇപ്രകാരം മറുപടി പറഞ്ഞു, ഞങ്ങൾ മൃതശരീരത്തെ വികൃതമാക്കുകയോ, ശവശരീരത്തിന് വില നിശ്ചയിക്കുകയോ ചെയ്യാറില്ല. നിങ്ങൾക്ക് വേണമെങ്കിൽ മൃതശരീരം കൊണ്ടു പോകാവുന്നതാണ്. അങ്ങനെ അവർ മൃതശരീരം കൊണ്ട് പോയി.

(അവ: ഖുത്വുബാത്തെ ത്വാഹിർ)

**സമ്പാ: ടി.അമീറുദ്ദീൻ സാജിദ്, മൂവാറ്റുപ്പുഴ**

## സുഖദുഖങ്ങളിൽ പങ്കാളി


റസൂൽ കരീം (സ) യുടെ ജീവിതം പരിശോധിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്ന അദ്ദേഹത്തിന്റെ മറ്റൊരു സ്വഭാവ മഹിമ അദ്ദേഹ ക്ഷേമ കാലത്തും, കഷ്ടപ്പാടുകളിലും ഒരു പോലെ സഹനം കാണിക്കുകയും ഒരു പോലെ പ്രവർത്തിക്കുകയും ചെയ്തു എന്നതാണ്.

സാധാരണ ദാരിദ്രാവസ്ഥയിൽ സഹായിക്കുന്ന സുഹൃത്തുക്കളെ ക്ഷേമാവസരത്തിൽ ആരും ഓർക്കാറില്ല. എന്നാൽ റസൂൽ (സ) ഇതിൽ നിന്ന് വിത്യസ്ഥനായിരുന്നു. അദ്ദേഹം സാധാരണക്കാരുടെ സുഖങ്ങളിൽ പങ്കാളിത്തമുള്ളതിനോടൊപ്പം തന്നെ അവരുടെ ദുഖങ്ങളിലും പങ്കെടുത്തു, പ്രത്യേകിച്ചും യുദ്ധ വേളയിൽ. പോരാളികൾ സൽസ്വഭവത്തിന്റെ ചങ്ങല പൊട്ടിച്ചുകൊണ്ട് മൃഗതുല്യരായിമാറുന്നു എന്നതാണ് പൊതുവിൽ ചരിത്രത്തിൽ കാണാറുള്ളത്. എന്നാൽ സമയത്തിന്റെ ഉയർച്ച താഴ്ച്ചയോ, അതിന്റെ കാഠിന്യമോ, സരളതയോ നമ്മുടെ പ്രിയങ്കരനായ റസൂൽ (സ) യുടെ ഉന്നത സ്വഭാവഗുണങ്ങളിൽ അല്പം പോലും പരിവർത്തനം വരുത്തിയില്ല. സാമ്പത്തികമായി മെച്ചപ്പെട്ട അവസ്ഥയും, ദാരിദ്ര അവസ്ഥയും, ശക്തിയുള്ള അവസ്ഥയും ദൗർബല്യ വേളയിലും, സമാധാനത്തിന്റെ കാലത്തും, യുദ്ധത്തിന്റെ അവസരത്തിലും ഒരുരീതിയിലുള്ള മാറ്റവും ഇല്ലാത്ത ഉന്നതമായ സ്വഭാവ മഹിമ അദ്ദേഹം പ്രകടിപ്പിച്ചിരുന്നു.

നമസ്കാര പാഠങ്ങൾ




ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)



# ഫർള്, സുന്നത്ത്, നഫൽ

നബി തിരുമേനി(സ) യ്ക്കും സ്വയം തനിക്കും പിന്നീട് എല്ലാ സദ്‌വൃത്തർക്കായും **വഅലാ ഇബാദില്ലാഹി സ്വാലിഹീൻ** എന്ന് പറയുമ്പോൾ അതിനർഥം, അല്ലയോ ദൂതരേ! താങ്കൾക്ക് ഞങ്ങൾ സമാധാനം നേരുകയുണ്ടായി. അതിന്റെ ഫലമായി ഞങ്ങളിലും സമാധാനം ഉണ്ടാകട്ടെ. നബി(സ) യ്ക്ക് സമാധാനം നേരുമ്പോൾ നമുക്കും സമാധാനം ലഭിക്കുന്നതാണെന്ന് ഓർത്തുകൊള്ളുക. ഇത് അതിന്റെ പരിണതഫലമാണ്. അത് കൊണ്ട് നിങ്ങൾ വളരെ ദൃഢവിശ്വാസത്തോടു കൂടി **അലസ്സലാമു അലയ്നാ വഅലാ ഇബിദില്ലാഹി സ്വാലിഹീൻ** എന്ന് പറയുന്നു. അതായത് ഞങ്ങൾക്കും സമാധാനം ഉണ്ടാകട്ടെ, ലോകത്തുള്ള അല്ലാഹുവിന്റെ എല്ലാ ദാസർക്കും സമാധാനം ഉണ്ടാകട്ടെ.

ഇതാണ് അത്തഹിയ്യാത്തിന്റെ സംക്ഷിപ്ത വിശദീകരണം. ഇനി ഇതിനെ നിങ്ങൾ മറക്കരുത്. നിങ്ങൾ നമസ്കരിക്കുമ്പോഴെല്ലാം തന്നെ ഇരുന്നു കൊണ്ട് എത്രത്തോളം സാധ്യമാകുന്നുവോ ഇക്കാര്യങ്ങളെ കുറിച്ച് ചിന്തിക്കുക. സാവധാനം സാവധാനം മുന്നോട്ട് ഗമിച്ചു കൊണ്ടിരിക്കുക. ആരംഭത്തിൽ അത്തഹിയ്യാ ത്ത് ചൊല്ലുമ്പോൾ എന്താണ് പറയുന്നത്, ചെ യ്യുന്നത് എന്ന് അറിയുന്ന തരത്തിൽ ഇരിക്കുക.

## നമസ്കാരത്തെ സംബന്ധിച്ചുള്ള ചില കാര്യങ്ങൾ

### സുബ്ഹി നമസ്കാരം

സുബ്ഹി നമസ്കാരം രണ്ട് റകഅത്ത് ഫർളും രണ്ട് റകഅത്ത് സുന്നത്തുമാകുന്നു. എന്താണ് ഫർള്? നമസ്കാരത്തിന്റെ അനിവാര്യമായ ഭാഗത്തെയാണ് ഫർള് എന്നു പറയുന്നത്. അനുഷ്ഠിച്ചില്ലായെങ്കിൽ അല്ലാഹുവിനോടുള്ള ആജ്ഞാലംഘനമാകുകയും, അനുഷ്ഠിക്കേണ്ട മുറക്ക് അനുഷ്ഠിച്ചില്ലായെന്ന് തോന്നുകയും ചെയ്യുന്ന നമസ്കാരത്തെയാണ് ഫർള് എന്നു പറയുന്നത്. നിങ്ങളുടെ ഫർള് അതായത് കടമ പഠിക്കുകയാണ്, അല്ലെങ്കിൽ ഇത് ചെയ്യുന്നതാണ്, അത് ചെയ്യുന്നതാണ് എന്ന് നാം പറയാറുള്ളത് പോലെ. അഥവാ നിങ്ങൾ അത് ചെയ്യുന്നില്ലായെങ്കിൽ നിങ്ങളുടെ കടമ നിറവേറ്റുന്നില്ല.

ചുരുക്കത്തിൽ സുബ്ഹി നമസ്കാരത്തിന്റെ രണ്ടു റകഅത്തുകൾ ഫർളാകുന്നു. അതില്ലാതെ നമസ്കാരം തന്നെയില്ല. കോളം കാലിയായി അവശേഷിക്കുന്നു. മുഴുവൻ ദിവസത്തേയും നമസ്കാരവും അവതാളത്തിലാകുന്നു.

എന്താണ് സുന്നത്ത്? ഫർള് നമസ്കാരത്തിനു മുമ്പും പിമ്പും നബി(സ) തിരുമേനി നിരന്തരമായി അനുഷ്ഠിക്കാറുണ്ടായിരുന്ന നമസ്കാരത്തെയാണ് നാം സുന്നത്ത് എന്നു പറയുന്നത്. രണ്ട് തരത്തിലുള്ള സുന്നത്തുകളാണ് ഉള്ളത്. ഒന്ന് **മുഅക്കദ.** രണ്ടാമത്തേത് **ഗൈർ മുഅക്കദ.** ഇത് ഫിഖ്ഹിന്റെ വിശദീകരണമാണ്. അവരുടെ കാര്യങ്ങൾ പറഞ്ഞ് കൊണ്ട് ഞാൻ നിങ്ങളെ ബുദ്ധിമുട്ടിക്കുന്നില്ല. അനിവാര്യമായും ഓർത്തിരിക്കേണ്ട കാര്യം സുബ്ഹി നമസ്കാരത്തിന്റെ സുന്നത്തുകൾ മാപ്പാക്കപ്പെടുന്നതല്ല. സുബ്ഹിയുടെ രണ്ട് റകഅത്തുകൾ നിങ്ങൾക്ക് യാത്രയിലും നമസ്കരിക്കേണ്ടി വരും. യാത്രയിലും അത് ഇല്ലാതാകുന്നില്ല. എന്നാൽ ളുഹ്റിന്റെ ആദ്യ രണ്ട് റകഅത്ത് സുന്നത്തും ശേഷമുള്ള രണ്ട് റകഅത്ത് സുന്നത്തും ആവശ്യമില്ല. ഫർള് മാത്രം അനുഷ്ഠിക്കുന്നത് മതിയായതാണ്.

എന്നാൽ സുബ്ഹി നമസ്കാരത്തിന്റെ രണ്ട് റകഅത്ത് സുന്നത്ത് നബി (സ) ഒരിക്കലും ഉപേക്ഷിച്ചിരുന്നില്ല. അതിനാൽ അത് ഫർള് പോലെ തന്നെയാകുന്നു. ഫർളല്ല, എന്നാൽ ഫർള് പോലെ. ആദ്യം രണ്ട് റകഅത്ത് സുന്നത്ത് പിന്നെ ഫർള്. എന്നാൽ നബി (സ) സുബ്ഹിയുടെ സുന്നത്തുകൾ വളരെ ചുരുക്കിയാണ് നമസ്കരിച്ചിരുന്നത്. എപ്പോഴും ചുരുക്കി നമസ്കരിച്ചിരുന്നത് ഈയൊരു നമസ്കാരം മാത്രമായിരുന്നു. അതായത് സുബ്ഹി നമസ്കാരത്തിനായി പുറപ്പെടുന്നതിനു മുമ്പ് വളരെ വേഗത്തിൽ രണ്ട് റകഅത്ത് സുന്നത്ത് നമസ്കരിക്കുമായിരുന്നു. നബി (സ) ഇത്ര വേഗത്തിൽ നമസ്കരിക്കുന്നത് കാണുന്നവർ ചിലപ്പോൾ അൽഭുതപ്പെടാറുണ്ട്. നബി (സ) യുടെ മറ്റ് നമസ്കാരങ്ങളെ അപേക്ഷിച്ചുള്ള വേഗതയാണ്. നമ്മൾ വേഗത്തിൽ നമസ്കരിക്കുന്നത് പോലെയല്ല. നബി(സ) സാധാരണ നമസ്കരിക്കുന്നതിനേക്കാൾ വേഗത്തിലായിരുന്നു സുബ്ഹി നമസ്കാരത്തിലെ സുന്നത്തുകൾ നമസ്കരിച്ചിരുന്നത്.

തഹജ്ജുദ് നമസ്കാരത്തിന് ശേഷം നബി (സ) നമസ്കാരത്തിനായി പുറപ്പെടുന്നതിന് മുമ്പ് വിശ്രമിക്കാറുണ്ടായിരുന്നു. പിന്നീട് നമസ്കാരത്തിനായി പോകാൻ ധൃതിപ്പെടുമായിരുന്നു. സുന്നത്ത് വീട്ടിൽ തന്നെയും ഫർള് പള്ളിയിലും അനുഷ്ഠിക്കുന്നതാണ് ഉത്തമം.

### തഹജ്ജുദ്

തഹജ്ജുദ് നമസ്കാരം നഫലാകുന്നു. ഇതാണ് യഥാർഥ നഫൽ. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു, **ഫതഹജ്ജദ് ബിഹീ നാഫിലത്തൻ ലക്ക.** നാഫിലത്തൻ എന്നാൽ നഫൽ. മനുഷ്യന് മുഴുവൻ ദിവസവും നഫൽ നമസ്കരിക്കാവുന്നതാണ്. എല്ലാ നമസ്കാരത്തിന് ശേഷവും നമസ്കരിക്കാവുന്നതാണ്. ചിലർ മഗ്‌രിബിന് ശേഷം നമസ്കരിക്കുന്നു, ചിലർ ഇശാക്ക് ശേഷം നമസ്കരിക്കുന്നു. ഇതെല്ലാം നഫലുകളാകുന്നു. നഫൽ എന്നതിന്റെ ബഹുവചനമാണ് നവാഫിൽ.

തഹജ്ജുദിന് ശേഷം അവസാനത്തിൽ ഒരു റകഅത്ത് നമസ്കരിക്കുകയാണെങ്കിൽ അത് വിത്റ് ആയിത്തീരുന്നു. തഹജ്ജുദി ന്റെ സമയത്ത് നമസ്കരിക്കുക, വിശുദ്ധഖുർആൻ പാരായണം ചെയ്യുക. ഒരു മണിക്കൂറോ രണ്ടു മണിക്കൂറോ. തിരക്കനുസരിച്ച് എത്ര കഴിയുന്നുവോ അത് മതിയാകുന്നതാണ്. വിശുദ്ധ ഖുർആനിൽ പറഞ്ഞിരിക്കുന്നത്, **മാ തയസ്സറ** എന്നാണ്. **തയസ്സറ** എന്നാൽ കഴിയുന്നത് എന്നർഥം. നമസ്കാരത്തിൽ എത്രത്തോളം വിശുദ്ധഖുർആൻ പാരായണം ചെയ്യാൻ സാധിക്കുന്നുവോ അത്രത്തോളം ഓതുക. തഹജ്ജുദും തന്റെ കഴിവനുസരിച്ച് അനുഷ്ഠിക്കുക.

നമസ്കാരം സാവധാനത്തിൽ അനുഷ്ഠിക്കേണ്ടതാണ്. കോഴി ധാന്യം കൊത്തിത്തിന്നുന്നത് പോലെയാകരുത്. പതുക്കെ പതുക്കെ അനുഷ്ഠിക്കുക. അതിനാൽ തഹജ്ജുദ് നമസ്കാരത്തിന് സമയവും ആവശ്യമാണ്. എളുപ്പത്തിൽ നമസ്കരിക്കരുത്. സമയലബ്ധിയനുസരിച്ച് നിങ്ങൾ തന്നെ തെരഞ്ഞെടുക്കുക. എത്ര നമസ്കരിക്കാൻ സാധിക്കുമോ താൽപര്യത്തോടു കൂടി നമസ്കരിച്ചു കൊള്ളുക.

(ഉർദുക്ലാസ്സ് നമ്പർ 321, 12.11.97)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

# തിരുനബിയുടെ സ്വഭാവചിത്രം

ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)

നബിതിരുമേനി(സ) മക്കയിലാണ് ജനിച്ചത്. ജനിക്കുന്നതിനു മുമ്പേ തിരുമേനിയുടെ പിതാവ് മരിച്ചിരുന്നു. മാതാവായ ആമിനയും പിതാമഹനായ അബ്ദുൽ മുത്തലിബുമാണ് പിന്നീട് അങ്ങയെ വളർത്തിയത്. എന്നാൽ അങ്ങയുടെ വളരെ ചെറുപ്രായത്തിൽ തന്നെ ഇവർ രണ്ടുപേരും ഇഹലോകവാസം വെടിഞ്ഞു. അതിനു ശേഷം പിതൃവ്യനായ അബൂത്വാലിബിന്റെ സംരക്ഷണത്തിലായി. 63 വയസ്സ് പ്രായമുണ്ടായിരുന്നു അങ്ങേയ്ക്ക്. ദൈവപ്രീതി കരസ്ഥമാക്കാനും ദൈവനാമം ഉയർത്തിപ്പിടിക്കാനുമാണ് തിരുമേനി തന്റെ ജീവിതം മുഴുവനും ചെലവഴിച്ചത്. അങ്ങയെപ്പോലായൊരാൾ ലോകത്ത് ഉണ്ടായിട്ടില്ല. ഇനി ഉണ്ടാവുകയില്ല. എല്ലാ മാനവിക ശ്രേഷ്ഠതകളും തിരുമേനിയിൽ അവസാനിച്ചിരിക്കുന്നു. ഭയഭക്തിയുടെ എല്ലാ വഴികളും അദ്ദേഹം താണ്ടുകയും ദൈവസ്നേഹത്തിന്റെ എല്ലാ കവാടങ്ങളിലൂടെ കടന്നു പോവുകയും ചെയ്തു. ഏത് വരെയെന്നാൽ അല്ലാഹു അങ്ങേയ്ക്ക് ഖാത്തമുന്നബിയ്യീൻ എന്ന സ്ഥാനപ്പേര് നൽകി കൊണ്ട് ദൈവസന്നിധിയിലെത്തുന്നതിന് അങ്ങയോടുള്ള അനുസരണം നിബന്ധനയാക്കി മാറ്റുകയുമുണ്ടായി.

## തിരുനബിയുടെ രൂപം

ഇടത്തരം വലിപ്പമുള്ള വ്യക്തിയായിരുന്നു. അധികം നീളമോ ചെറുതോ ആയിരുന്നില്ല. മനോഹരമായ നിറമായിരുന്നു അങ്ങേയ്ക്ക്. തണുത്ത പ്രദേശങ്ങളിലെ ജനങ്ങളെപ്പോലെ അധികം വെളുത്ത തോ ഗോതമ്പു നിറമോ ആയിരുന്നില്ല. മുടി ചുരുണ്ടതോ നീളമുള്ളതോ ആയിരുന്നില്ല. എന്നാൽ കുറച്ചൊക്കെ ചുരുണ്ടതായിരുന്നു. ഏതാണ്ടൊരു ചുവപ്പ് നിറമായിരുന്നു മുടിക്ക്. വാർദ്ധക്യത്തിൽ കണ്ണിനും ചെവിക്കുമിടയിലുള്ള ചില മുടികളൊഴിച്ച് ബാക്കിയെല്ലാം കറുത്തതായിരുന്നു. തലമുടി ചെവി വരെ നീട്ടിയിരുന്ന തിരുമേനി മുടി എപ്പോഴും ചീകി ഒതുക്കി വെയ്ക്കാറുണ്ടായിരുന്നു. അവസാന നാളുകളായപ്പോഴേക്കും തലയിൽ സീമന്തം വരച്ചു തുടങ്ങി. തലയിൽ എണ്ണയോ മറ്റ് സുഗന്ധങ്ങളോ പുരട്ടുകയെന്നത് തിരുമേനിയുടെ ശീലമായിരുന്നു. വളരെ മൃദുലമായ ശരീരമായിരുന്നു തിരുമേനിക്ക്. അങ്ങയുടെ ശരീരത്തിൽ നിന്ന് സുഗന്ധം വമിക്കാറുണ്ടായിരുന്നു. നെഞ്ച് വിശാലമേറിയതും രണ്ട് തോളുകൾക്കിടയിലുള്ള അകലം വളരെ വലുതുമായിരുന്നു. വണ്ണമുള്ള കൈകാലുകളായിരുന്നു തിരുമേനിയുടേത്. വീതിയുള്ള കൈത്തലമായിരുന്നു. നൂൽ വസ്ത്രങ്ങളാണ് അങ്ങ് ഏറെയും ഇഷ്ടപ്പെട്ടിരുന്നത്. പ്രത്യേകിച്ചും നീണ്ട കരകളുള്ള വസ്ത്രങ്ങളോടെയാണ് തിരുമേനിയെ അടക്കം ചെയ്തതും എന്നാൽ ഏത് വസ്ത്രവും അങ്ങ് ഉപയോഗിച്ചിരുന്നു എന്നതാണ് സത്യം. തന്റെ യജമാനൻ നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും തിരുമേനി നന്ദി പ്രകാശിപ്പിക്കാറുണ്ടായിരുന്നു.

## സംസാരരീതി

ഹ.അനസ്(റ) പറയുന്നു: നബി(സ) പറഞ്ഞ കാര്യങ്ങൾ മിക്കവാറും മൂന്ന് തവണ ആവർത്തിക്കാറുണ്ടായിരുന്നു. ജനങ്ങൾ നല്ല വണ്ണം ഗ്രഹിക്കാൻ വേണ്ടിയായിരുന്നു ഇത്. മൂന്നു പ്രാവശ്യം സലാം ചൊല്ലാറുമുണ്ടായിരുന്നു.

ഹ.ആയിശ(റ) പറയുന്നു: മറ്റുള്ളവർക്ക് എണ്ണി കണക്കാക്കാൻ പറ്റുന്ന വിധത്തിൽ സാവധാനമായിരുന്നു. തിരുമേനി സംസാരിച്ചിരുന്നത്. വളരെ ധൃതി പിടിച്ച് സംസാരിക്കുന്നവരെപ്പോലെ തിരുമേനി സംസാരിക്കാറുണ്ടായിരുന്നില്ല.

## ഭക്ഷണരീതികൾ

ത്വയിബ് (പരിശുദ്ധമായ) ആയ എല്ലാ ഭക്ഷണവും തിരുമേനി കഴിച്ചിരുന്നു. എന്നാൽ അത് സദഖയായ ഭക്ഷണമാവാതിരിക്കാൻ ശ്രദ്ധിക്കാറുണ്ടായിരുന്നു. ഏത് വരെയെന്നാൽ ഹ.അബൂഹുറൈറ (റ) പറയുന്നു: നബി(സ) പറയാറുണ്ടായിരുന്നു: "ചിലപ്പോൾ ഞാൻ വീട്ടിൽ ചെല്ലുമ്പോൾ കിടക്കയിൽ ഈന്തപ്പഴം കാണും. അതെടുത്ത് ഭക്ഷിക്കാനായി പോകുമ്പോൾ അത് സദഖയാണെന്ന് കരുതി ദൂരെ കളയും." ഇതിൽ ഇക്കാലത്തെ മുസ്ലിംകൾക്ക് ഗുണപാഠമുണ്ട്. സദഖയായ ഭക്ഷണം കഴിക്കുന്നതിൽ നിന്ന് വിട്ട് നിൽക്കാൻ എത്ര മാത്രമാണ് തിരുമേനി ശ്രദ്ധിച്ചിരുന്നത്. ഇക്കാലത്താണെങ്കിൽ നല്ല സമ്പന്നർ പോലും സദഖ വാങ്ങാൻ മടി കാണിക്കുന്നില്ല. ഹ.അബൂഹുറൈറ (റ) പറയുന്നു: ആരെങ്കിലും എന്തെങ്കിലും കൊണ്ട് വന്നാൽ എന്താണ് എന്ന് തിരുമേനി ചോദിക്കാറുണ്ടായിരുന്നു. ഉപഹാരമാണെങ്കിൽ അത് കഴിക്കുകയും അല്ലെ ങ്കിൽ അത് ദരിദ്രരിൽ വിതരണം ചെയ്യുകയും ചെയ്തിരുന്നു. വളരെ ലളിതമായ ഭക്ഷണമായിരുന്നു നബിതിരുമേനിയുടേത്. മിക്കവാറും കാരക്കയും വെള്ളവും കൊണ്ട് കഴിഞ്ഞ് കൂടിയിരുന്നു. ഹദ്റത്ത് ആയിശ (റ) പറയുന്നു. അയൽക്കാരായ അൻസാർ സഹോദരങ്ങൾ ഉപഹാരമെന്നോണം പാല് കൊടുത്തയക്കുമ്പോൾ അധികവും നമ്മെ കുടിപ്പിക്കാറുണ്ടായിരുന്നു. എന്നിരിക്കിലും ത്വായിബാത്തിനെ തിരുമേനി ഒരിക്കലും വർജ്ജിക്കാറുണ്ടായിരുന്നില്ല. കള്ള സൂഫികളെപ്പോലെ നല്ല ഭക്ഷണങ്ങളിൽ നിന്ന് വിട്ടു നിൽക്കാറില്ല. മറിച്ച് ചിക്കൻ കറികളും മറ്റു മുന്തിയ തരം ഭക്ഷണവും കഴിക്കാറുണ്ടായിരുന്നു. വെള്ളം കുടിക്കുമ്പോൾ ഇടയ്ക്ക് മൂന്ന് പ്രാവശ്യം ശ്വാസം എടുത്താണ് കുടിച്ചിരുന്നത്. ഒറ്റ ശ്വാസത്തിന് വെള്ളം കുടിക്കാറില്ലായിരുന്നു. ഇതിൽ അങ്ങയുടെ സൽസ്വഭാവം മാത്രമല്ല പ്രകടമാകുന്നത്. മറിച്ച് തിരുമേനി ആരോഗ്യവും ശ്രദ്ധിച്ചിരുന്നുവെന്ന് മനസ്സിലാകുന്നു. ഇറച്ചി തിരുമേനിക്ക് ഇഷ്ടമായിരുന്നു. എന്നാൽ അധികമായി കഴിച്ചിരുന്നില്ല. ലളിതസമ്പൂർണ്ണമായ ജീവിതം കാരണം കാരക്കയിലും വെള്ളത്തിലും മാത്രം തൃപ്തിപ്പെട്ടു. ഒരു സഹാബി പറയുന്നു: ഒരിക്കൽ തിരുമേനിയുടെ മുമ്പാകെ കുമ്പളങ്ങയുടെ കറിയുണ്ടാക്കി വെച്ചപ്പോൾ അത് വളരെ ഇഷ്ടമായി. ഈ എല്ലാ ഭക്ഷണങ്ങളും കഴിക്കുമ്പോഴും അതിന്റെ യഥാർത്ഥ ഉടമസ്ഥനെ തിരുമേനി മറന്നിരുന്നില്ല.

↗

ദൈവത്തിന്റെ നാമം ഉരുവിട്ടാണ് തിരുമേനി ഭക്ഷണം കഴിക്കാൻ തുടങ്ങാറ്. വലതു കൈ ഉപയോഗിക്കുകയും തന്റെ മുന്നിലുള്ളതു മാത്രം കഴിക്കുകയും ചെയ്തിരുന്നു. ഭക്ഷണം കഴിച്ചു കഴിഞ്ഞാൽ *അൽ ഹംദുലില്ലാഹി കസീറൻ ത്വയ്യിബൻ മുബാറക്കൻ ഫീഹി ഗയ്റ മുഖഫൈൻ വലാ മുവദ്ദഹിൻ വലാ മുസ്തഹിനി അൻഹു റബ്ബനാ* എന്ന് ചൊല്ലാറുണ്ടായിരുന്നു.

## ശീലങ്ങൾ

ഓരോ മനുഷ്യനും എന്തെങ്കിലുമൊക്കെ ശീലങ്ങൾക്ക് അടിമപ്പെട്ടു കൊണ്ടായിരിക്കും പ്രവർത്തിക്കുക. ചിലർക്ക് നല്ല ശീലങ്ങളും മറ്റ് ചിലർക്ക് ചീത്ത ശീലങ്ങളുമുണ്ടാകാം. മോശക്കാരൻ മോശമായതും മാന്യർ മാന്യതയുള്ളതുമായ ശീലങ്ങൾ പ്രദർശിപ്പിക്കുന്നു.

നമ്മുടെ നബി തിരുമേനി(സ) യുടെ ഒന്ന് രണ്ട് ശീലങ്ങൾ ഞാൻ വിവരിക്കുകയാണ്. നന്മയിലേക്ക് തിരുമേനി എത്രമാത്രം ശ്രദ്ധ പതിപ്പിച്ചിരുന്നുവെന്നും എല്ലാ കാര്യങ്ങളിലും മാനവർത്തിത്വം എത്ര മാത്രം അവലംബിച്ചിരുന്നു എന്നും ഇതിൽ നിന്നും മനസ്സിലാക്കാം.

അല്ലാഹു തിരുമേനിയെ പരിപൂർണ്ണ മനുഷ്യനാക്കി മാറ്റി. എല്ലാ ഗുണങ്ങളും തിരുമേനിയിൽ ദൃശ്യമായിരുന്നുവെന്ന് മാത്രമല്ല ഓരോ ഗുണവും സമയത്തിനും സന്ദർഭത്തിനും അനുസരിച്ചാണ് പ്രദർശിപ്പിക്കപ്പെട്ടിരുന്നത്. അല്ലാഹുവിന്റെ ഗുണങ്ങളൊന്നും പാഴായിപ്പോകാത്ത വിധമുള്ള രീതിയാണ് തിരുമേനി അവലംബിച്ചത്. ചില സ്വയംകൃത സൂഫികൾക്ക് ദുഷ്കരമായ പ്രയത്നങ്ങൾ ചെയ്യുക വഴി പരിശുദ്ധ ഗുണങ്ങളെ ഭക്ഷണ പദാർത്ഥങ്ങൾ ഉപേക്ഷിക്കേണ്ടതായി വരുന്നു. ചിലർ ഭക്ഷണത്തിൽ ചളി ചേർക്കുകയും മറ്റു ചിലർ ഭക്ഷണം കേടായതിനു ശേഷം ഭക്ഷിക്കുകയും ചെയ്യുന്നു. ചിലർ ദിവസം മുഴുവൻ തലയും താഴ്ത്തി ഇരിക്കുന്നു. ഏതോ മരണ വാർത്ത കേട്ട ഭാവമായിരിക്കും ചിലരുടേത്. ചിരിക്കുന്നത് പോയിട്ട് സന്തോഷിക്കുന്നതു പോലും നിഷിദ്ധമാണെന്ന് ഗണിക്കുന്നവരാണവർ.

എന്നാൽ നമ്മുടെ നേതാവായ നബി തിരുമേനി(സ)യെ അല്ലാഹു മനുഷ്യർക്ക് മാർഗ്ഗദർശകനായാണ് അയച്ചത്. അങ്ങ് പരിപൂർണ്ണ മനുഷ്യനായിരുന്നു. ഒരു സത്ഗുണത്തേയും പാഴാക്കിക്കളയുവാൻ അങ്ങ് അനുവദിച്ചില്ല. സന്തോഷം വരുമ്പോൾ ചിരിക്കുകയും സങ്കടം വരുമ്പോൾ കരയുകയും മൗനം പാലിക്കേണ്ടിടത്ത് മൗനം പാലിക്കുകയും പറയേണ്ടിടത്ത് പറയുകയും ചെയ്യുമായിരുന്നു. ചുരുക്കത്തിൽ അല്ലാഹു സൃഷ്ടിച്ച ഒരു ഗുണവും അദ്ദേഹം പാഴാക്കി കളഞ്ഞിട്ടില്ല. ദൈവികതയെ ഉന്മൂലനം ചെയ്യാനല്ല, അത് നിലനിർത്താനാണ് താൻ വന്നതെന്ന് തിരുമേനി തന്റെ പ്രവർത്തിയിലൂടെ സ്ഥാപിക്കുകയുണ്ടായി. ഏത് പ്രകൃതക്കാരെയും ഹഠാദാകർഷിക്കുന്ന സ്വഭാവമഹിമയാണിത്. ഹൃദ യം സർവ്വാത്മനാ സമർപ്പിച്ച് പോകുന്ന ഒരു ആകർഷണീയത അതിനുണ്ട്. ഹദ്റത്ത് ആയിശ(റ) പറയുന്നു: തിരുമേനി ചിരിക്കാറുണ്ടായിരുന്നു. എന്നാൽ മിതമായ തോതിലാണെന്ന് മാത്രം. നിയന്ത്രണാതീതമായി ചിരിക്കുന്ന പ്രകൃതമായിരുന്നില്ല തിരുമേനിയുടേത്. സ്വാഭാവികമായ നിലയിൽ അദ്ദേഹം ചിരിച്ചിരുന്നു എന്നേയുള്ളൂ. അവർ പറയുന്നു. അണ്ണാക്ക് പൊളിച്ച് ചിരിക്കുന്ന സ്വഭാവം തിരുമേനിക്കില്ലായിരുന്നു. പുഞ്ചിരി തൂകുക മാത്രമായിരുന്നു ചെയ്തിരുന്നത്. തിരുമേനി ഒരിക്കലും വാ പൊളിച്ച് ചിരിക്കാറുണ്ടായിരുന്നില്ല. ചിരിയുടെ ആ ഏറ്റക്കുറച്ചിലുകളിൽ നിന്ന് സുരക്ഷിതമായിരുന്നു.

## വലതിനെ മുന്തിക്കൽ

എപ്പോഴും വലതിനെ മുന്തിക്കുക എന്നത് തിരുമേനിയുടെ ശീലമായിരുന്നു. ഭക്ഷണം കഴിക്കുമ്പോഴും വസ്ത്രം ധരിക്കുമ്പോഴും പാദരക്ഷ ധരിക്കുമ്പോഴും കുളിക്കുമ്പോഴുമെല്ലാം വലതിനെ മുന്തിക്കാറുണ്ടായിരുന്നു. ഏത് വരെയെന്നാൽ എന്തെങ്കിലും വിതരണം ചെയ്യാനുണ്ടെങ്കിൽ പോലും വലതു ഭാഗത്ത് നിന്നേ തുടങ്ങുമായിരുന്നുള്ളൂ. ഇനി അത് ഒരാൾക്കേതികയുകയുള്ളൂവെങ്കിൽ വലതു ഭാഗത്തിരിക്കുന്ന വ്യക്തിക്ക് നൽകുമായിരുന്നു.

ഹദ്റത്ത് അനസ് (റ) പറയുന്നു: ഞാൻ തിരുമേനിക്ക് വേണ്ടി ആട്ടിൻ പാൽ കറന്നു. അതിനുശേഷം എന്റെ വീട്ടിലുള്ള കിണറ്റിലെ കുറച്ച് വെള്ളം അതിൽ ചേർത്തു. ഞാൻ അത് റസൂൽ(സ) മിന് നൽകി. ആ സമയത്ത് തിരുമേനിയുടെ ഇടതു വശം ഹദ്റത്ത് അബൂബക്കറും വലതു വശം ഒരു ഗ്രാമീണ അറബിയും ഇരിക്കുന്നു ണ്ടായിരുന്നു. തിരുമേനി ആ പാല് അൽപം കുടിച്ചു. കറച്ചു കഴിച്ചു കഴിഞ്ഞപ്പോൾ ബാക്കി വലതു വശത്ത് ഇരിക്കുന്ന ഗ്രാമീണ അറബിക്ക് നൽകിക്കളയുമല്ലോ എന്ന് വിചാരിച്ചു കൊണ്ട് ഹദ്റത്ത് ഉമർ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! അബൂബക്കർ താങ്കളുടെ അടുത്തിരിക്കുന്നുണ്ടല്ലോ, അദ്ദേഹത്തിന് നൽകിയാലും. തന്റെ വലതു ഭാഗത്തിരിക്കുന്ന ഗ്രാമീണ അറബിക്ക് പാൽപാത്രം നൽകിക്കൊണ്ട് തിരുമേനി പറഞ്ഞു: 'വലത് വലതാണ് ഉമറേ!' വലതിനെ തിരുമേനി എത്ര മാത്രം മുന്തിക്കാറുണ്ടായിരുന്നുവെന്ന് ഈ ഹദീസിൽ നിന്ന് സ്പഷ്ടമാണ്. തിരുമേനിയുടെ പരിശുദ്ധമായ പ്രകൃതമാണ് ഇതിൽ നിന്ന് വെളിവാക്കുന്നത്. ഇടതിനെക്കാൾ വലതിനെ മുന്തിക്കുക എന്നത് മനുഷ്യപ്രകൃതമാണെന്ന കാര്യം നമുക്കറിയാവുന്നതാണ്. മിക്ക രാജ്യങ്ങളിലെയും നിവാസികൾ ഇക്കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്. അവർ ഇടതിനെ അപേക്ഷിച്ച് വലതിനെ മുന്തിക്കുന്നവരാണ്. നബി(സ) യുടെ പ്രകൃതം വളരെ പരിശുദ്ധമായതിനാൽ ഇക്കാര്യത്തിൽ അങ്ങ് ശ്രദ്ധ ചെലുത്തുകയുണ്ടായി. മറ്റൊരു ഹദീസ് ഈ കാര്യത്തിൽ കൂടുതൽ വെളിച്ചം വീശുന്നുണ്ട്. ഹദ്റത്ത് സഹൽ ഇബ്നു സഅദ്(റ) പറയുന്നു. തിരുമേനിയുടെ അടുക്കൽ ഒരാൾ പാത്രം കൊണ്ട് വന്നു. ആ പാത്രത്തിൽ നിന്ന് തിരുമേനി കുറച്ച് കുടിച്ചു. ആ സമയത്ത് തിരുമേനിയുടെ വലതു വശത്ത് കൂടിയിരുന്നവരിൽ ഏറ്റവും പ്രായം കുറഞ്ഞ ഒരു യുവാവായിരുന്നു ഇരുന്നത്. തിരുമേനിയുടെ ഇടതു വശത്ത് വൃദ്ധരായ നേതാക്കന്മാരും. ആ യുവാവിനോട് തിരുമേനി ചോദിച്ചു. അല്ലയോ യുവാവേ! ഈ പാത്രം വൃദ്ധരായവർക്ക് നൽകാൻ നീ എന്നെ അനുവദിക്കുമോ? യുവാവ് പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ! തബർറു ക്കിന്റെ കാര്യത്തിൽ എന്റെ അവകാശം ഉപേക്ഷിക്കാൻ ഞാൻ തയ്യാറല്ല. അപ്പോൾ തിരുമേനി ആ പാത്രം അദ്ദേഹത്തിന് തന്നെ നൽകി. ഇതിൽ നിന്ന് മനസ്സിലാകുന്നത് തിരുമേനി എപ്പോഴും വലതിനെയാണ് മുന്തിക്കാറ് എന്നാണ്. ഇടതു വശത്തുള്ള വൃദ്ധർക്ക് പാത്രം കൊടുക്കുന്നതിന് വലതുവശത്തിരിക്കുന്ന യുവാവിന്റെ അനുവാദം വാങ്ങുകയും അദ്ദേഹം നിരസിച്ചപ്പോൾ അദ്ദേഹത്തിനു തന്നെ നൽകുകയും ചെയ്തു. (സീറത്തുന്നബി)

**സമ്പാ: ആരിഫ് മുഹമ്മദ്**

# ആമീൻ പരിപാടി

**അലനല്ലൂർ:** ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ആമീൻ പരിപാടിയിൽ മൗലവി ടി.മൻസിൽ സാഹിബ് അധ്യക്ഷം വഹിച്ചു. മിൽഹ താഹ,നേഹ ജലീൽ,ഹിമ സഫീർ, നിദ ജലീൽ, അമത്തു സബൂഹ് ഉമർ എന്നീ കുട്ടികൾ ഖുർആൻ ഓതിക്കേൾപ്പിച്ചു. സി.പി.സിദ്ധീഖ് സാഹിബിന്റെ തിലാവത്തോടെ ആരംഭിച്ച യോഗത്തിൽ മൗലവി നജീബ് ഖാൻ മുഖ്യപ്രഭാഷണം നിർവഹിക്കുകയും കുട്ടികൾക്ക് ഉപഹാരങ്ങൾ സമ്മാനിക്കുകയും ചെയ്തു. കുഞ്ഞീതു മാസ്റ്റർ ആശംസകളർപ്പിച്ചു.

## അറബിക് കലോത്സവം: ഖുർആൻ പാരായണത്തിന് ഒന്നാം സ്ഥാനം

**തിരുവിഴാംകുന്ന്:** മണ്ണാർക്കാട് വിദ്യാഭ്യാസ ജില്ലാ അറബിക് കലോൽസവത്തിൽ വിശുദ്ധ ഖുർആൻ പാരായണത്തിനു തിരുവിഴാംകുന്ന് മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യാ അംഗവും ജി. എൽ. പി.സ്കൂൾ നാലാം തരം വിദ്യാർഥിയുമായ നാസിറുദ്ദീൻ ശംസ് എ ഗ്രേഡോടു കൂടി ഒന്നാം സ്ഥാനം കരസ്ഥമാക്കി. മൗലവി എച്ച്. ശംസുദ്ദീൻ സാഹിബിന്റെയും ബുശ്റാ സാഹിബയുടെയും മകനാണ്.



# ട്രൈസൈക്കിൾ നൽകി



**കടലായി:** ജന്മനാ വൈകല്യമുള്ള ശരീഫ് എന്ന വ്യക്തിക്ക് ജമാഅത്തിന്റെ വകയായി ട്രൈസൈക്കിൾ നൽകി. പ്രസിഡണ്ട് സി. എച്ച്. അഹ്മദ് റശീദ് സാഹിബിന്റെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ മൗലവി നാസിർ സാഹിബ്, ഖാഇദ് ജുനൈദ് സാഹിബ്, പി.പി.ശരീഫ് സാഹിബ്, എം.പി. ഉസ്മാൻ സാഹിബ് എന്നിവർ പങ്കെടുത്തു.

# ആമില റിഫ്രഷർ കോഴ്സ്

**കമ്പളക്കാട്:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കോഴിക്കോട് ജില്ലയുടെ ആഭിമുഖ്യത്തിൽ വയനാട് ജില്ലയിലെ കമ്പളക്കാട് മസ്ജിദ് ബൈത്തുൽ ഹമീദിൽ വെച്ച് ആമില റിഫ്രഷർ കോഴ്സ് നടത്തുകയുണ്ടായി. കോഴിക്കോട്,മാത്തോട്ടം, കൊടിയത്തൂർ, വടകര, കമ്പളക്കാട്, അമ്പലവയൽ. എന്നീ മജ്‌ലിസുകളിൽ നിന്ന് ആമില മെമ്പർമാരും, ഖാഇദുമാരും പങ്കെടുത്തു. കോഴിക്കോട് ഖാഇദ് സാഹിബിന്റെ തിലാവത്തോടെ ആരംഭിച്ച യോഗത്തിൽ ജില്ലാ ഖാഇദ് സാഹിബ് സ്വാഗതം അരുളി. മാത്തോട്ടം അമീർ സാഹിബ്, കമ്പളക്കാട് സദർ സാഹിബ്, സി.ശമീം സാഹിബ് എന്നിവർ സംബന്ധിച്ചു. മാത്തോട്ടം അമീർ പി.എം. ബശീർ സാഹിബ് ആമിലാ മെമ്പർമാരുടെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കാനുള്ള ഉപദേശ നിർദ്ദേശങ്ങൾ നൽകി. തുടർന്ന് സ്കൈപ്പിൽ ലൈവായി ഭാരത് സദ്ർ റഫീഖ് സാഹിബ് ബേഗ് ഖാദിമീംകളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും ഉപദേശ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. മൗലവി ഒ.കെ.നാസർ സാഹിബ് തർജ്ജുമ നിർവ്വഹിച്ചു. സി.ശമീം സാഹിബ് ഓരോ വകുപ്പുകളിലെ സെക്രട്ടറിമാർ എങ്ങനെ പ്രവർത്തിക്കണമെന്നും സെക്രട്ടറിമാരുടെ ഉത്തരവാദിത്വത്തങ്ങളെ സംബന്ധിച്ചും ഓർമ്മപ്പെടുത്തുകയുമുണ്ടായി.



# കോഴിക്കോട് ജില്ലാ തബ്‌ലീഗ്



**കൽപറ്റ:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കോഴിക്കോട് ജില്ലയുടെ ആഭിമുഖ്യത്തിൽ വയനാട് ജില്ലയിലെ കൽപറ്റയിൽ ജില്ലാ തബ്‌ലീഗ് നടത്തി. കോഴിക്കോട്, മാത്തോട്ടം, കൊടിയത്തൂർ, വടകര, കമ്പളക്കാട്, അമ്പലവയൽ എന്നീ മജ്‌ലിസുകളിൽ നിന്ന് ഖാദിമീംകൾ പങ്കെടുത്തു. മിനി എക്സിബിഷൻ, ലീഫ്‌ലെറ്റ് വിതരണം, പുസ്തക തബ്‌ലീഗ്, നോട്ടീസ് വിതരണം എന്നിവ സംഘടിപ്പിച്ചു. ഇതിൽ 1350 ലീഫ്‌ലെറ്റുകളും മുന്നൂറോളം നോട്ടീസുകളും വിതരണം ചെയ്തു.

**The Editor**
**AL HAQ**
C/o Ahmadiyya Muslim Jama'ath
Vazhakkala, Kakkanad West (P.O)
Ernakulam- 682 030.
**E.mail: alhaqeditor@gmail.com**

# ജില്ലാ സമ്മേളനം




**കരുനാഗപ്പള്ളി:** അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കൊല്ലം ജില്ലാ സമ്മേളനം ജില്ലാ അമീർ അഹ്മദ് ഷരീഫ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ മൗലവി എം. നാസിർ അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തു. ബി.എ. കബീർ സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ച സമ്മേളനത്തിൽ കെ.എം. അബ്ദുൽ ജലീൽ, അഹ്മദ് ഷരീഫ്, അഹ്മദ് സലീം, മൗലവി മുഹമ്മദ് നജീബ് ഖാൻ, മൗലവി അബ്ദുനാസിർ എന്നിവർ പ്രസംഗിച്ചു. സമാപനസമ്മേളനത്തിൽ നായിബ് അമീർ അബ്ദുള്ളാ സാഹിബ് അധ്യക്ഷത വഹിച്ചു. മൗലവി ജംഷാദ്, മൗലവി വി.ടി. ഹംസ റിശാൽ, എ.കെ.കലീം എന്നിവർ പ്രസംഗിച്ചു.

# വഖാറെ അമൽ



**കമ്പളക്കാട്:** കോഴിക്കോട് ജില്ല ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ വയനാട് ജില്ലയിലെ കമ്പളക്കാട് ഖബർസ്ഥാനിൽ വഖാറെ അമൽ നടത്തി. കോഴിക്കോട്, മാത്തോട്ടം, കൊടിയത്തൂർ, വടകര, കമ്പളക്കാട്, അമ്പലവയൽ എന്നീ മജ്‌ലിസുകളിൽ നിന്ന് ഖാദിമീംകൾ പങ്കെടുത്തു. കാടുപിടിച്ചു കിടന്ന ഖബർസ്ഥാൻ ഖാദിംകൾ നല്ല രീതിയിൽ വൃത്തിയാക്കിയെടുത്തു.

# ഇൻഫർമേഷൻ സെന്റർ ആരംഭിച്ചു



**മുക്കം:** കൊടിയത്തൂർ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മുക്കം പി.സി.ജംഗ്ഷനു സമീപം പാതയിൽ ബിൽഡിംഗിൽ അഹ്മദിയ്യാ മുസ്‌ലിം ഇൻഫർമേഷൻ സെന്റർ ആരംഭിച്ചു. കോഴിക്കോട് ജില്ലാ അമീർ കെ.എം.അഹ്മദ് കോയ സാഹിബ് ഉദ്ഘാടനം ചെയ്തു. കൊടിയത്തൂർ ജമാഅത്ത് പ്രസിഡണ്ട് എം.അഹ്മദ്കുട്ടി സാഹിബ്, എം.സി. മുഹമ്മദ് സാഹിബ്, എം.എ. മുഹമ്മദ് സാഹിബ് എന്നിവരും സംബന്ധിച്ചിരുന്നു. ബന്ധപ്പെടേണ്ട നമ്പർ: 0903793741 ; 09497871791



**മംഗലാപുരം കൺസ്യൂമർ എക്സിബിഷനിൽ അഹ്മദിയ്യാ ബുക്ക്സ്റ്റാൾ**



**മുംബൈ ബുക്ക് ഫെയറിൽ അഹ്മദിയ്യാ ബുക്ക്സ്റ്റാൾ**



**മടിക്കേരി കന്നഡസാഹിത്യ സമ്മേളനത്തിൽ അഹ്മദിയ്യാ ബുക്ക്സ്റ്റാൾ**



**കാക്കനാട് ഖുദ്ദാം അത്ഫാൽ സഹോദരങ്ങൾ മൂന്നാറിൽ**

# മസ്ജിദ് ഫള്ൽ ലണ്ടനെ സംബന്ധിച്ചുള്ള പ്രവചനം

മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബ്



**1** ഏറ്റവും ആദ്യമായി നബിതിരുമേനി (സ)യുടെ പ്രവചനത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. നബിതിരുമേനി (സ)പറയുന്നു: **അവസാന കാലഘട്ടത്തിൽ (മസീഹ് മൗഊദിന്റെ കാലഘട്ടത്തിൽ) സൂര്യൻ പടിഞ്ഞാറ് നിന്നും ഉദിക്കുന്നതാണ്.** പ്രവചനങ്ങളിൽ ആലങ്കാരിക ഭാഷയാണ് അധികമായും ഉപയോഗിക്കുക എന്നത് സാധാരണമാണ്. അല്ലാഹുവിന് ആലങ്കാരിക ഭാഷ ഇഷ്ടവുമാണ്. അതിന്റെ യാഥാർഥ്യത്തെ സംബന്ധിച്ച് ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു: അവസാന കാലഘട്ടത്തിൽ (സത്യമതത്തിന്റെ) സൂര്യൻ പാശ്ചാത്യ രാഷ്ട്രങ്ങളിൽ ഉദിക്കുന്നതാണ്. ആയിരക്കണക്കിന് വർഷങ്ങളായി അന്ധകാരത്തിൽ കഴിഞ്ഞു കൂടിയിരുന്നവരെയും പ്രകാശമയമാക്കി ത്തീർക്കുന്നതാണ്. (സത്യമതവും) പള്ളിയും തമ്മിലുള്ള ബന്ധം പരസ്പര പൂരകങ്ങളാണ്. പള്ളി (സത്യമതത്തിൽ) ദൈവഭവനമായിട്ടാണ് ഗണിക്കപ്പെടുന്നത്. അതിനാൽ ഇംഗ്ലണ്ടിൽ പള്ളിയുടെ അസ്തിത്വം യഥാർഥത്തിൽ ഈ പ്രവചനത്തിലുള്ള സൂര്യന്റെ ഉദയസ്ഥാനമാകുന്നു. അവിടെ നിന്ന് (സത്യമതം) ആ രാഷ്ട്രങ്ങളിൽ പ്രചരിക്കുന്നതാണ്. പ്രചരിച്ചു കൊണ്ടിരിക്കുന്നുണ്ട്. ഇൻശാ അല്ലാഹ്. ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ വാക്കുകൾ തൽസംബന്ധമായത് ഇപ്രകാരമാകുന്നു.

**"പടിഞ്ഞാറ് നിന്നുള്ള സൂര്യോദയവും അപ്രകാരം തന്നെയാണ്. അതിൽ നാം എന്തായാലും വിശ്വസിക്കുന്നു. എന്നാൽ ഈ വിനീതന് ഒരു ദർശനത്തിലൂടെ വെളിപ്പെടുത്തിത്തന്നത് പടിഞ്ഞാറ് നിന്ന് സൂര്യൻ ഉദിക്കുമെന്നതിന്റെ വിവക്ഷ പുരാതന കാലം മുതൽക്ക് അന്ധകാരത്തിലും നിഷേധത്തിലും മുഴുകിക്കഴിയുന്ന പാശ്ചാത്യ രാഷ്ട്രങ്ങൾ സത്യത്തിന്റെ സൂര്യൻ മുഖേന പ്രകാശമയമാക്കപ്പെടുന്നതാണ് എന്നാണ്. അവർക്ക് (സത്യമതത്തിൽ) നിന്ന് അംശം ലഭിക്കുന്നതാണ്."**

**2** ഇതു സംബന്ധമായ രണ്ടാമത്തെ പ്രവചനം സ്വയം ഹദ്റത് മസീഹ് മൗഊദ് (അ) ന്റെതാകുന്നു. ആ മഹാത്മാവ് പറയുന്നു: "ഞാൻ എന്നെ സംബന്ധിച്ച് ലണ്ടൻ പട്ടണത്തിൽ ഒരു പ്രസംഗ പീഠത്തിൽ നിൽക്കുന്നതായി കാണുന്നു. ഇംഗ്ലീഷ് ഭാഷയിൽ വളരെ വസ്തുനിഷ്ഠമായ തെളിവുകൾ ഉദ്ധരിച്ചു കൊണ്ട് (സത്യമതത്തിന്റെ) തെളിവുകൾ സമർപ്പിക്കുകയാണ്. അതിനു ശേഷം ഞാൻ ധാരാളം പക്ഷികളെ പിടിച്ചു. അവ ചെറിയ ചെറിയ മരങ്ങളിൽ ഇരിക്കുകയായിരുന്നു. അവയുടെ നിറം വെളുപ്പായിരുന്നു. കാടപ്പക്ഷിയുടെ ശരീരം പോലെയായിരുന്നു അവയുടെ ശരീരം. അതിന് ഞാൻ നൽകിയ വ്യാഖ്യാനം, ഞാനില്ലെങ്കിൽ തന്നെയും എന്റെ ലിഖിതങ്ങൾ അവരിൽ പ്രചരിക്കുന്നതാണ് എന്നാണ്. ധാരാളം സത്യസന്ധരായ ഇംഗ്ലീഷുകാർ സത്യത്തെ സ്വീകരിക്കുന്നതാണ്. യഥാർത്ഥത്തിൽ ഇന്ന് വരെ പാശ്ചാത്യ രാഷ്ട്രങ്ങളുടെ ബന്ധം മതസത്യങ്ങളോട് താരതമ്യേന കുറവാണ്. അല്ലാഹു ദീനിനുള്ള ബുദ്ധി എല്ലാ ഏഷ്യക്കാർക്കും നൽകിയിട്ടുണ്ട്. ലോകത്തിന്റെ ബുദ്ധി മുഴുവൻ യൂറോപ്പിനും അമേരിക്കയ്ക്കും നൽകിയിരിക്കുന്നു. നബിമാരുടെ പരമ്പരയും ആദ്യം മുതൽ അവസാനം വരെ ഏഷ്യയുടെ വിഹിതത്തിലാണ് വന്നത്. വലിമാരുടെ സവിശേഷതയും അവർക്ക് തന്നെയാണ് ലഭിച്ചത്. ഇനി അല്ലാഹു പാശ്ചാത്യരിൽ കാരുണ്യത്തിന്റെ ദൃഷ്ടി പതിപ്പിക്കാൻ ആഗ്രഹിക്കുന്നു.

*(ഇസാലയെ ഔഹാം)*

ഈ ദർശനത്തിൽ മിമ്പർ എന്ന പദം.... (പള്ളിയുടെ) അസ്തിത്വത്തെ സൂചിപ്പിക്കുന്നു. കാരണം ഇസ്ലാമിക ലോകത്ത് സ്പഷ്ടമായ നിലയിൽ പള്ളിയിൽ ഇമാമോ ഖത്വീബോ തന്റെ ഖുത്വുബ കേൾപ്പിക്കുന്ന സ്ഥലത്തെയാണ് മിമ്പർ എന്ന് പറയുന്നത്.

**3** മൂന്നാമത്തെ പ്രവചനം ഹദ്റത് മസീഹ് മൗഊദ് (അ) തന്റെ ഗ്രന്ഥമായ തർയാഖുൽ ഖുലൂബിന്റെ 40- ാമത്തെ പേജിൽ പരാമർശിച്ച ദർശനമാകുന്നു. പറയുന്നു,

**"ജീവിച്ചിരിക്കുന്ന എന്റെ ആദ്യ പുത്രനായ മഹ്മൂദ് ജനിക്കുന്നതിനും മുമ്പ് എനിക്ക് ദർശനത്തിലൂടെ അവന്റെ ജനനത്തെ സംബന്ധിച്ച് അറിയിപ്പ് നൽകപ്പെട്ടു. ഞാനവന്റെ പേര് പള്ളിയുടെ മതിലിൽ മഹ്മൂദ് എന്ന് എഴുതിയിരിക്കുന്നതായി കണ്ടു."**

ഈ ദർശനത്തിൽ നിന്നും ഹദ്റത് ഖലീഫത്തുൽ മസീഹ് സാനിയുടെ വ്യക്തിത്വം ഒരു പള്ളിയുമായി ബന്ധപ്പെട്ടിരിക്കുന്നതായി തെളിയുന്നു. അത് ഇപ്പോൾ ഈ പള്ളിയുടെ നിർമാണത്തിലൂടെ പൂർത്തിയായിരിക്കുന്നു. കൂടാതെ ഈ പള്ളിയുടെ മതിലിലുള്ള ഫലകത്തിൽ അദ്ദേഹത്തിന്റെ പേര് എഴുതപ്പെട്ടപ്പോൾ ആ ദർശനം അക്ഷരംപ്രതി പുലരുകയുണ്ടായി. അൽഹംദുലില്ലാഹി അലാ ദാലിക്.

**4** പള്ളിയെ സംബന്ധിച്ചുള്ള നാലാമത്തെ പ്രവചനം ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ പേരിൽ തന്നെയുണ്ടായിരുന്നു. അദ്ദേഹത്തെ അല്ലാഹു വെളിപാടിൽ പല സ്ഥലങ്ങളിലും ഇബ്റാഹിം എന്ന് പേര് നൽകിക്കൊണ്ട് അദ്ദേഹത്തിന് ഇബ്റാഹിം(അ) മായുള്ള സാദൃശ്യത്തെ വെളിപ്പെടുത്തിയിരിക്കുന്നു. വിശുദ്ധഖുർആനും ചരിത്രവും പറയുന്നത്, ഹദ്റത് ഇബ്റാഹിം (അ) ന്റെ ഒരു സവിശേഷത അദ്ദേഹം തന്റെ പുത്രനോടൊപ്പം ചേർന്ന് കഅബയെ ദൈവകല്പനയാൽ പണി തുടങ്ങി എന്നതാണ്. അതിനാൽ സാദൃശ്യത അനുസരിച്ച് ഹദ്റത് മസീഹ് മൗഊദ് (അ) ഉം പുത്രനും ചേർന്ന് ലോകത്തിന്റെ നേർമാർഗത്തിനായി അതിമഹത്തായ ഒരു പള്ളി നിർമിക്കേണ്ടതുമാണ്.

*(തവാരീഖ് ബയ്തെ ഫള്ൽ ലണ്ടൻ)*



ആരോഗ്യം





## വെളുത്തുള്ളി


വെളുത്തുള്ളി മനുഷ്യശരീരത്തിൽ ഹൈഡ്രജൻ സൾഫൈഡിന്റെ പ്രകൃത്യായുള്ള ഉല്പാദനത്തിന് സഹായകമാണ്. അത് രക്തധമനികൾക്ക് ആയാസം നൽകുകയും രക്തപ്രവാഹത്തിന്റെ വർദ്ധനവിന് ഹേതുവാകുകയും ചെയ്യുന്നു. വെളുത്തുള്ളിയുടെ ഉപയോഗം വിവിധ തരത്തിലുള്ള അർബുദങ്ങളിൽ നിന്ന് മനുഷ്യശരീരത്തെ സംരക്ഷിക്കുന്നു.







ഹൃദയാഘാധങ്ങളിൽ നിന്നും സംരക്ഷണം നൽകുന്നതിൽ വെളുത്തുള്ളിക്ക് മുഖ്യ പങ്കുണ്ട്. നിത്യവും വെളുത്തുള്ളിയുടെ നീര് അല്ലി ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് ആരോഗ്യത്തിന് വളരെ ഗുണപ്രദമാണ്. വെളുത്തുള്ളി അരച്ച ഉടനെ ഉപയോഗിക്കുന്നതിന് പകരമായി കുറഞ്ഞത് 15 മിനിറ്റിന് ശേഷമെങ്കിലും ഉപയോഗിക്കുന്നത് അതിന്റെ മുഴുവൻ ഗുണവും കരസ്ഥമാകുന്നതിന് കാരണമാകുന്നതാണ്.





## കറുകപ്പട്ട

കറുകപ്പട്ട അസാധാരണമായ നിലയിൽ ഔഷധഗുണമുള്ള വസ്തുവാണ്. അതിന്റെ ഉപയോഗം പല ഗുരുതരമായ രോഗങ്ങളിൽ നിന്നും സംരക്ഷണം നൽകുന്നതാണ്. നിത്യവും തേനിനോടൊപ്പം ഒരു സ്പൂൺ കറുകപ്പട്ടയുടെ പൊടി ഉപയോഗിക്കുകയാണെങ്കിൽ എല്ലുകളുടെ വേദനയിൽ ശമനം ഉണ്ടാകുന്നതാണ്.



With Honey



Reducing the colostral

കറുകപ്പട്ട രക്തത്തിലെ കൊളസ്ട്രോളിന്റെ അളവിനെ കുറക്കുന്നു. ശരീരത്തെ വിവിധ ഇൻഫെക്ഷനുകളിൽ നിന്നും പ്രതിരോധിക്കുന്നു. അതിന്റെ നിരന്തരമായ ഉപയോഗം ഓർമശക്തിയെ മെച്ചപ്പെടുത്തുകയും ചെയ്യുന്നതാണ്.

(ഹുവശ്ശാഫി)





പൊതുവിജ്ഞാനം

## ഹദ്റത് മർയം (അ) ന്റെ കാലത്തുള്ള
# ഈത്തപ്പനയെ പുനർജനിപ്പിക്കാൻ ശ്രമം





Methuselah

ഇസ്രായേൽ ഡോക്ടർമാരും ശാസ്ത്രജ്ഞന്മാരും 2000 വർഷങ്ങൾക്ക് മുമ്പ് ഫലസ്തീനിൽ സുലഭമായി കണ്ടിരുന്ന ഈത്തപ്പനയെ പുനർജനിപ്പിക്കുന്നതിനുള്ള ശ്രമത്തിലാണ്. ഹദ്റത് ഈസാ (അ) ന്റെ ജന്മസ്ഥലമായ ബത്‌ലഹേമിലെ മസാദ എന്ന സ്ഥലത്തുള്ള ഒരു കുന്ന് ഖനനം ചെയ്തപ്പോൾ ഈത്തപ്പഴത്തിന്റെ മൂന്ന് വിത്തുകൾ ലഭിച്ചു. അതിന് Methuselah എന്ന് നാമകരണം ചെയ്തു. ബത്‌ലഹേം ജറുസലേമിന്റെ പ്രാന്തപ്രദേശമാണ്. ഹദ്റത് മർയം (അ) ന്റെ ജന്മസ്ഥലമായ നാസിറയിൽ നിന്ന് ഏകദേശം 100 കിലോമീറ്റർ തെക്കാണ് ഈ പ്രദേശം. ചാവുകടലും അതിനടുത്താണ്.





Mount of Massada- Jerusalem, Bethlehem.

അക്കാലത്തുള്ള ഈത്തപ്പഴത്തിന്റെ ഔഷധഗുണത്തെയും തണലിനെയും പോഷകഗുണത്തെയും സൗന്ദര്യത്തെയും സംബന്ധിച്ച് ഖുർആനിലും ബൈബിളിലും പരാമർശമുണ്ട്. അതിനെ പരീക്ഷിച്ചറിയുന്നതിന് വേണ്ടിയാണ് ഈ ശ്രമം നടത്തുന്നത്. കുരിശ് യുദ്ധക്കാർ ഈ ഈത്തപ്പനകളെ മുഴുവനായും വെട്ടി നശിപ്പിച്ചിരുന്നു.

റേഡിയോ കാർബൺ പരീക്ഷണത്തിലൂടെ പ്രസ്തുത വിത്തുകൾക്ക് ബി.സി. 35 മുതൽ എ.ഡി 65 വരെ പ്രായം കണക്കാക്കിയിട്ടുണ്ട്. ഇത്രയും പുരാതനമായ വിത്തിനെ വീണ്ടും മുളപ്പിക്കുക ശ്രമകരം തന്നെയാണ്. ആയതിനാൽ അതിന്റെ പ്രജനന ശേഷിയെ നിലനിർത്താൻ വിവിധ പരീക്ഷണങ്ങളിലൂടെ അതിനെ കടത്തിവിട്ടു. തുടർന്ന് അതിന്റെ ആദ്യ ഇല മുളച്ചപ്പോൾ അത് മഞ്ഞയായിരുന്നു. എന്നാൽ തുടർന്ന് മുളച്ച ഇലകൾ സാധാരണ നിലയിലായിരുന്നു. ഇപ്പോൾ അത് ഒരടിയോളം ഉള്ള ചെടിയായി. ഇനി ഇതിൽ പഴം കായ്ക്കണമെങ്കിൽ 30 വർഷങ്ങൾ കാത്തിരിക്കേണ്ടി വരും.

(അൽ ഫദ്ൽ: 30.9.05)



Methuselah Date Tree

Printer & Publisher : T.K.Mushtaq Ahmad
Manager : A.T.Nasarudheen
Layout : Quraish
Editor : T.M.Abdul Mujeeb
Members : Arif Mohammad , Ameerudheen Sajid

Not for Sale, Circulation among members only | Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut